33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 08, 2025 Vol. XXXIII No. 37

3 വിശുദ്ധരായി പ്രഖ്യാപിച്ചു

4 കാർഗോ റോപ്പ് വേ തകർന്ന് 6 മരണം

8 പൊതുവായ സമയപരിധി നിശ്ചയിക്കാനാകില്ല

13 ചരിത്രം കുറിച്ച് മങ്കയുടെ പൊന്നോണം

21 ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ

## ചിക്കാഗോ കെ.സി.എസ്. ഓണാഘോഷം പ്രൊഫ. ഷീല സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു




ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ (കെ.സി.എസ്.) ഓണാഘോഷ പരിപാടികൾ ഇടുക്കി ജില്ലാപഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടും ബി.സി.എം. കോളജ് മുൻ പ്രിൻസിപ്പലുമായ പ്രൊഫ. ഷീല സ്റ്റീഫൻ ഉദ്ഘാടനം ചെയ്യുന്നു. കെ.സി.എസ്. പ്രസിഡണ്ട് ജോസ് ആനമല, സിനിമാതാരം ഡിനി ഡാനിയൽ, ജോയി തോമസ് (ജൂബിലി), കെ.സി.എസ്. ഭാരവാഹികളായ മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ഷാജി പള്ളിവീട്ടിൽ, അറ്റോർണി റ്റീന തോമസ് നെടുവാമ്പുഴ, മജു ഓട്ടപ്പള്ളിൽ, കെസിസിഎൻഎ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, ആർവിപി ബാബു തൈപ്പറമ്പിൽ, കെസിവൈഎൽഎൻഎ പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ, ജോബി കുഴിയംപറമ്പിൽ (മാവേലി) എന്നിവരാണ് സമീപം.

## മസ്തിഷ്കജ്വരം: മരണം അഞ്ചായി ഉയർന്നു

കോഴിക്കോട്: അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് സംസ്ഥാനത്ത് ഒരു മരണംകൂടി. മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന മലപ്പുറം വണ്ടൂർ തിരുവാലി കോഴിപ്പറമ്പ് ഇളയിടത്തുകുന്ന് എം. ശോഭന (56) ആണ് മരിച്ചത്. ഒരു മാസത്തിനിടെ സംസ്ഥാനത്ത് ഈ രോഗം ബാധിച്ച് മരിച്ചവരുടെ എണ്ണം അഞ്ചായി.

കഴിഞ്ഞ വ്യാഴാഴ്ചയാണ് ഗുരുതരാവസ്ഥയിൽ ശോഭനയെ മെഡിക്കൽ കോളജിൽ എത്തിച്ചത്. അന്നു മുതൽ അബോധാവസ്ഥയിലായിരുന്നു. രോഗലക്ഷണങ്ങൾ പ്രകാരം മൈക്രോബയോളജി ലാബിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. പ്രദേശത്ത് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികൃതരും പ്രതിരോധ (ശേഷം 34-ാം പേജിൽ)

## കേരള കോൺഗ്രസ് നേതാവ് അഡ്വ. പ്രിൻസ് ലൂക്കോസ് അന്തരിച്ചു

കോട്ടയം: കേരള കോൺഗ്രസ് ജോസഫ് വിഭാഗം നേതാവ് അഡ്വ. പ്രിൻസ് ലൂക്കോസ് (53) അന്തരിച്ചു. വേളാങ്കണ്ണിയിൽ നിന്നും കോട്ടയത്തേ



യ്ക്കുള്ള യാത്രയ്ക്കിടെ ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം സംഭവിച്ചത്.

കേരള കോൺഗ്രസ് നേതാവായിരുന്ന ഒ.വി. ലൂക്കോസിന്റെ മകനായ പ്രിൻസ് ലൂക്കോസ് കോട്ടയം ബാറിലെ അഭിഭാഷകനായിരുന്നു. കേരള കോൺഗ്രസ് ജോസഫ് വിഭാഗം ഉന്നതാധികാര സമിതി അംഗമായ പ്രിൻസ് കേരള വിദ്യാർത്ഥി കോൺഗ്രസ്-എം സംസ്ഥാന പ്രസിഡണ്ടും കേരള യൂത്ത് ഫ്രണ്ട്-എം സംസ്ഥാന പ്രസിഡണ്ടുമായി പ്രവർത്തിച്ചിട്ടുണ്ട്. 2021-ൽ ഏറ്റുമാനൂർ മണ്ഡലത്തിൽ വി.എൻ. വാസവനെതിരെ സ്ഥാനാർത്ഥിയായി മത്സരിച്ചിരുന്നു. പൊതുപ്രവർത്തനരംഗത്തെ സൗമ്യസാന്നിധ്യമായിരുന്നു അന്തരിച്ച പ്രിൻസ് ലൂക്കോസ്. പിതാവ് ഒ.വി. ലൂക്കോസിന്റെ പാത പിന്തുടർന്ന് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് പ്രിൻസ് പൊതുപ്രവർത്തനരംഗത്ത് എത്തുന്നത്. (ശേഷം 34-ാം പേജിൽ)

## പോലീസ് മർദ്ദനത്തിൽ കൂടുതൽ പരാതികൾ പുറത്ത്; അച്ചടക്ക നടപടികൾ പ്രഹസനം

തൃശൂർ: ഗുണ്ടാ-ക്രിമിനൽ സംഘങ്ങളുമായി ബന്ധമുണ്ടെന്നു കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥരെല്ലാം ഇപ്പോഴും സേനയുടെ ഭാഗമായി വിഹരിക്കുന്നു. സസ്പെൻഷനിലായ പോലീസ് ഉദ്യോഗസ്ഥരും സ്റ്റേഷനിൽ നിയമനം നൽകരുതെന്നും നിർദേശിച്ച ഉദ്യോഗസ്ഥരും വിവിധ പോലീസ് സ്റ്റേഷനുകളിലായി ജോലി നോക്കുന്നു. ഗുണ്ടകളുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരെ വെച്ചു പൊറുപ്പിക്കില്ലെന്ന മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവരുടെ ആവർത്തിച്ചുള്ള പ്രഖ്യാപനങ്ങൾ പ്രഹസനമെന്നാണ് പോലീസ് അതിക്രമങ്ങൾ സംബന്ധിച്ച് ഓരോ ദിവസവും പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഡിവൈഎസ്പി തലത്തിലുള്ള ഉദ്യോഗസ്ഥർവരെ ഗുണ്ടാബന്ധവുമായി ബന്ധപ്പെട്ടു വിവിധ റിപ്പോർട്ടുകളിൽ ഇടം നേടിയിരുന്നു. ഗുരുതര ക്രിമിനൽ കേസുകളിൽ ആരോപണവിധേയരാകുമ്പോൾ സസ്പെൻഷൻ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമെങ്കിലും ആറു മാസം മാത്രം പുറത്തുനിന്ന ശേഷം വീണ്ടും സേനയുടെ ഭാഗമാകും.


യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡണ്ട് വി.എസ്. സുജിത്തിനെ കുന്നംകുളം പോലീസ് സ്റ്റേഷനിൽ മർദിച്ച നാല് പോലീസ് ഉദ്യോഗസ്ഥർ ചേർന്ന് മൃഗീയമായി മർദിച്ചിരുന്നു. (ശേഷം 34-ാം പേജിൽ)

## പുസ്തകപ്രകാശനം നിർവഹിച്ചു



ഡോ. മാമ്മൻ സി. ജേക്കബ് രചിച്ച 'ജനകീയനായ ജനനായകൻ' എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ ബിഷപ് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉമ്മൻ ചാണ്ടിയുടെ സഹധർമ്മിണി മറിയാമ്മ ഉമ്മന് നല്കി നിർവഹിക്കുന്നു. തിരുവല്ല വൈ.എം.സി.എ സെക്രട്ടറി ജോയി ജോൺ, പ്രസിഡണ്ട് പ്രഫ. ഇ.വി. തോമസ്, ഡോ. മാമ്മൻ സി. ജേക്കബ്, മേരിക്കുട്ടി ജേക്കബ്, ഇ.എ. ഏലിയാസ്, അനിൽ പെണ്ണുക്കര എന്നിവർ സമീപം.







# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# കാർലോ അക്കുത്തിസിനെയും പിയർ ജോർജോ ഫ്രസാത്തിയെയും വിശുദ്ധരായി പ്രഖ്യാപിച്ചു

വത്തിക്കാൻ സിറ്റി: പ്രത്യാശയുടെ വർഷത്തിൽ സാർവത്രികസഭയ്ക്കു പ്രതീക്ഷയേകി കാർലോ അക്കുത്തിസും പിയെർ ജോർജോ ഫ്രസാത്തിയും ഇനി വിശുദ്ധർ.

ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലൻ, ദൈവത്തിന്റെ ഇൻഫ്ളുവൻസർ, ആദ്യ മില്ലേനിയൽ വിശുദ്ധൻ തുടങ്ങിയ വിശേഷണങ്ങളോടെയാണു കാർലോ അക്കുസിത്ത് തിരുസഭയുടെ വിശുദ്ധാരാമത്തിലേക്ക് എത്തുന്നത്.



കാർലോ അക്കുത്തിസിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കാനെത്തിയ സഹോദരൻ മിഷേൽ, പിതാവ് ആൻഡ്രിയ അക്കുത്തിസ്, അമ്മ അന്റോണിയോ സൽസാനോ, സഹോദരി ഫ്രാൻസിസ്ക എന്നിവർ.

ലോകത്തിലെ ഏറ്റവും വലിയ അല്മായ സംഘടനയായ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയിലെ ഏറ്റവും പ്രായംകുറഞ്ഞ വിശുദ്ധൻ, ഹ്രസ്വജീവിതം വഴി ചുറ്റുമുള്ളവരിൽ അതുല്യമായ ക്രിസ്തുമുദ്ര പതിപ്പിച്ച വ്യക്തിത്വം, സമ്പത്തിൽ മതിമറക്കാതെ അതു ദൈവദാനമായി കണ്ട് ചുറ്റുപാടുമുള്ളവർക്കായി പങ്കുവെച്ച വലിയ മനസിന്റെ ഉടമ തുടങ്ങിയ വിശേഷണങ്ങളോടെ പിയെർ ജോർജോ ഫ്രസാത്തിയും വിശുദ്ധരുടെ ഗണത്തിലേക്ക് എത്തുന്നു.

സെപ്റ്റംബർ ഏഴിന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ഭക്തിനിർഭരമായ ചടങ്ങുകളിൽ 15-കാരനായ അക്കുസിത്തിനെയും 24-കാരനായ ഫ്രസാത്തിയെയും ലെയോ പതിനാലാമൻ മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചപ്പോൾ ചത്വരം തിങ്ങിനിറഞ്ഞ യുവജനങ്ങളുൾപ്പെടെയുള്ള പതിനായിരങ്ങൾ സന്തോഷാധിക്യത്താൽ കരഘോഷം മുഴക്കുകയും തങ്ങൾ പ്രതിനിധാനം ചെയ്യുന്ന രാജ്യങ്ങളുടെ ദേശീയപതാകകൾ വീശി സന്തോഷ നിമിഷത്തിൽ പങ്കുചേരുകയും ചെയ്തു.

ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30-ന് (വത്തിക്കാൻ സമയം രാവിലെ 10) ആരംഭിച്ച തിരുക്കർമ്മങ്ങൾ രണ്ടു മണിക്കൂർ നീണ്ടുനിന്നു. തിരുസഭയുടെ പരമാധ്യക്ഷനായി ലെയോ പതിനാലാമൻ മാർപാപ്പ ചുമതലയേറ്റ് നാലുമാസത്തിനുള്ളിൽ നടക്കുന്ന ആദ്യത്തെ നാമകരണച്ചടങ്ങായിരുന്നു വത്തിക്കാനിൽ നടന്നത്. ഒരു വിശുദ്ധന്റെ നാമകരണച്ചടങ്ങിൽ ആ പുണ്യാത്മാവിന്റെ കുടുംബാംഗങ്ങളെല്ലാം പങ്കെടുക്കുന്ന അത്യപൂർവ കാഴ്ചയ്ക്കും വത്തിക്കാൻ വേദിയായി.

കാർലോ അക്കുത്തിസിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ചടങ്ങിനു സാക്ഷ്യം വഹിക്കാൻ പിതാവ് ആൻഡ്രിയ അക്കുത്തിസ്, അമ്മ അന്റോണിയ സൽസാനോ, അക്കുത്തിസിന്റെ ഇരട്ട സഹോദരങ്ങളായ മിഷേൽ, ഫ്രാൻസിസ്ക എന്നിവരും മറ്റു കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. കുടുംബാംഗങ്ങൾ വിശുദ്ധ കുർബാനയ്ക്കിടെയുള്ള പ്രതിവചന സങ്കീർത്തനം ചൊല്ലുകയും കാഴ്ചവെപ്പിൽ പങ്കെടുക്കുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്കിടെ പഴയനിയമ വായന നടത്തിയത് കാർലോ അക്കുത്തിസിന്റെ ഇളയ സഹോദരനായ മിഷേലായിരുന്നു.

സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ പ്രത്യേകം സജ്ജമാക്കിയ അൾത്താരയിലായിരുന്നു തിരുക്കർമ്മങ്ങൾ. തിരുക്കർമ്മങ്ങൾക്കു മുന്നോടിയായി മുഖ്യകാർമികനായ മാർപാപ്പയും കർദിനാൾമാരും പ്രദക്ഷിണമായി ചത്വരത്തിലേക്ക് പ്രവേശിക്കവെ ചത്വരത്തെ ഭക്തിദീപ്തിയിലാക്കി പ്രവേശനഗാനം മുഴങ്ങി. 36 കർദിനാൾമാരും 270 ബിഷപ്പുമാരും 2000-ത്തോളം വൈദികരും തിരുക്കർമ്മങ്ങളിൽ സഹകാർമികരായിരുന്നു. ത്രിസന്ധ്യാപ്രാർത്ഥനയോടെയും മരിയൻ ഗാനാലാപനത്തോടെയുമാണ് ചടങ്ങുകൾക്കു പരിസമാപ്തി കുറിച്ചത്. തിരുക്കർമ്മങ്ങൾക്കുശേഷം ലെയോ പതിനാലാമൻ മാർപാപ്പ പോപ് മൊബീലിൽ എത്തി വിശ്വാസികളെ അഭിവാദ്യം ചെയ്യുകയും ആശീർവദിക്കുകയും ചെയ്തു.



കാർലോ അക്കുത്തിസ്



പിയെർ ജോർജോ ഫ്രസാത്തി

1991 മേയ് മൂന്നിന് ലണ്ടനിൽ ജനിച്ച് മിലാനിൽ വളർന്ന് 2006-ൽ 15-ാം വയസ്സിൽ രക്താർബുദത്തെത്തുടർന്ന് മരിച്ച അക്കുത്തിസ്, കത്തോലിക്കാ വിശ്വാസം പ്രചരിപ്പിക്കാൻ കമ്പ്യൂട്ടർ പരിജ്ഞാനം ഉപയോഗിച്ചാണ് ശ്രദ്ധേയനായത്. ദിവ്യകാരുണ്യ അദ്ഭുതങ്ങൾ സംബന്ധിച്ചും വിശുദ്ധരെക്കുറിച്ചും വെബ്സൈറ്റുകൾ തയാറാക്കി 'ദൈവത്തിന്റെ ഇൻഫ്ളുവൻസർ' എന്നറിയപ്പെട്ടു.

അസീസിയിൽ അക്കൂത്തീസിന്റെ കബറിടത്തിൽ ആയിരക്കണക്കിനു യുവജനങ്ങൾ ദിവസവും എത്താറുണ്ട്. 1901-ൽ ടൂറിനിൽ ജനിച്ച് 1924-ൽ പോളിയോ ബാധിച്ചു മരിച്ച പിയർ ജോർജോ ഫ്രസാത്തി നിർധനർക്കും അശരണർക്കുമായി കാരുണ്യപ്രവൃത്തികൾ ചെയ്ത് മാതൃകയായി.

ലോകത്തിലെ ഏറ്റവും വലിയ അല്മായ സംഘടനയായ വിൻസെന്റ് ഡീപോൾ സൊസൈറ്റിയിലെ ഏറ്റവും പ്രായം കുറഞ്ഞ വിശുദ്ധനാണ് ഇറ്റലിക്കാരനായ 24-കാരൻ ജോർജോ ഫ്രസാത്തി.

## യുഎൻ പൊതുസഭയിൽ എസ്. ജയശങ്കർ പ്രസംഗിക്കും

ന്യൂയോർക്ക്: ഈ മാസം 23 മുതൽ 29 വരെ ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്തു നടക്കുന്ന പൊതുസഭാസമ്മേളനത്തിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പ്രസംഗിക്കും. 27-നാണ് അദ്ദേഹം പൊതുസഭയെ അഭിസംബോധനചെയ്യുക.



പൊതുസഭയിൽ പ്രസംഗിക്കുന്നവരുടെ പ്രാഥമികപട്ടിക ജൂലായിൽ യുഎൻ പുറത്തുവിട്ടതിൽ മോദിയുടെ പേരുണ്ടായിരുന്നു. 26-ന് അദ്ദേഹം പ്രസംഗിക്കുമെന്നായിരുന്നു അതിലുണ്ടായിരുന്നത്. ഇസ്രയേൽ, ചൈന, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ സർക്കാരുകളെ നയിക്കുന്നവരുടെ പ്രസംഗവും അന്നായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ, പുതുക്കിയ പട്ടികയിൽ മോദിയുടെ പേരില്ല. ഒരു മന്ത്രി ഇന്ത്യയെ പ്രതിനിധാനം ചെയ്യുമെന്നാണുള്ളത്. പൊതുസഭയിൽ പ്രസംഗിക്കുന്നവരുടെ പട്ടികയിൽ മാറ്റം വരാറുണ്ടെന്ന് വാർത്താ ഏജൻസിയായ 'പിടിഐ' റിപ്പോർട്ടു ചെയ്തു.

ഫെബ്രുവരിയിൽ പ്രധാനമന്ത്രി യുഎസിൽ പോയി പ്രസിഡണ്ട് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതിനുശേഷം യുഎസ് ഇന്ത്യക്ക് 50 ശതമാനം ഇറക്കുമതിത്തീരുവയേർപ്പെടുത്തി.

ഇത്തവണത്തെ പൊതുസഭാസമ്മേളനത്തിൽ വിവിധ രാജ്യങ്ങൾ പലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## കുൽഗാമിൽ ഏറ്റുമുട്ടൽ; ഒരു ഭീകരനെ വധിച്ചു

ശ്രീനഗർ: ജമ്മുകശ്മീരിലെ കുൽഗാമിൽ സുരക്ഷാസേനയും ഭീകരരുമായി ഏറ്റുമുട്ടൽ. ഒരു ഭീകരനെ വധിച്ചു. സൈന്യത്തിലെ ഒരു ജൂണിയർ കമ്മീഷൻഡ് ഓഫീസർക്ക് ഗുരുതര പരുക്കേറ്റു. കുൽഗാമിലെ ഗുഡാർ വനമേഖലയിൽ ഭീകരരുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് സുരക്ഷാസേന നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

ഗുഡാർ വനമേഖലയിൽ ഭീകരസാന്നിദ്ധ്യം ഉണ്ടെന്ന ജമ്മുകശ്മീർ പോലീസ് നല്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സൈന്യവും ജമ്മുകശ്മീർ പോലീസും സിആർപിഎഫ് സംഘവും വനമേഖലയിൽ തെരച്ചിൽ നടത്തി. തെരച്ചിലിനിടെ ഭീകരർ സുരക്ഷാസംഘത്തിനു നേരെ വെടിയുതിർക്കുകയായിരുന്നു.

## പോലീസിൽ സ്വയം വിരമിക്കൽ അപേക്ഷ വീണ്ടും കൂടുന്നു

കൊല്ലം: പോലീസിൽ സ്വയം വിരമിക്കൽ അപേക്ഷ (വിആർഎസ്) കുന്നുകൂടുന്നു. ജോലി സമ്മർദം അടക്കമുള്ള കാരണങ്ങളാൽ സ്വയം വിരമിക്കൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരെ പിന്തിരിപ്പിക്കാൻ ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ കടുത്തസമ്മർദം തുടർന്നിട്ടും അപേക്ഷകരുടെ എണ്ണം അഞ്ഞൂറുകടന്നതായാണ് വിവരം. സിപിഒമുതൽ ഡിവൈഎസ്പിമാർവരെയുള്ളവർ ഇതിലുണ്ട്. നാലും അഞ്ചും തവണ അപേക്ഷ നൽകിയിട്ടും സ്വീകരിക്കാത്ത കേസുകളുമുണ്ട്.

2019 മുതൽ പോലീസ് സേനയിൽ സ്വയം വിരമിക്കൽ അപേക്ഷകരുടെ എണ്ണം കുതിച്ചുയരുകയും 2023-ൽ സർവകാല റെക്കോഡിലെത്തുകയും ചെയ്തിരുന്നു. ഈ സമയത്ത്, പ്രശ്നപരിഹാരത്തിനായി ഒരു ദിവസത്തെ ക്ലാസ് നടത്തി. ഒരുകൊല്ലം മുൻപ് 'കാവൽ കരുതൽ' എന്നപേരിൽ ഇതിനായി പുതിയ പദ്ധതി തുടങ്ങുകയും ചെയ്തു.

പോലീസ് സ്റ്റേഷൻമുതൽ എഡിജിപിയുടെ ഓഫീസിൽവരെ കമ്മിറ്റികൾ രൂപവത്കരിക്കാനും എല്ലാ വെള്ളിയാഴ്ചയും യോഗംചേർന്ന് ചർച്ചചെയ്ത് പ്രശ്നപരിഹാരമുണ്ടാക്കാനുമായിരുന്നു നിർദേശം.

ഇപ്പോൾ അപേക്ഷ നൽകുന്നവരെ ഉയർന്ന ഉദ്യോഗസ്ഥർ കൂടിക്കാഴ്ചയ്ക്കു വിളിച്ച്, നേരിട്ട് ഉപദേശിക്കുന്നുണ്ട്. ജോലിക്കുറവുള്ളയിടങ്ങളിലേക്കുള്ള സ്ഥലംമാറ്റവും മറ്റും വാഗ്ദാനം ചെയ്യുകയും പതിവാണ്. എന്നിട്ടും അപേക്ഷകൾ കുറയുന്നില്ല.

# ഗുജറാത്തിൽ കാർഗോ റോപ്പ് വേ തകർന്ന് 6 മരണം

അഹമ്മദാബാദ്: ഗുജറാത്തിലെ പാവഗഡ് കുന്നിൽ കാർഗോ റോപ്പ് വേ ട്രോളി തകർന്നു വീണ് ആറു പേർ മരിച്ചു. കുന്നിൻ മുകളിലേക്ക് നിർമാണ സാമഗ്രികൾ കൊണ്ടുപോകാൻ ഉ



കാർഗോ റോപ്പ് വേ ട്രോളി തകർന്നുവീണ നിലയിൽ.

പയോഗിക്കുന്ന റോപ്പ് വേ ട്രോളിയാണ് കേബിളുകൾ പൊട്ടിയതിനെത്തുടർന്ന് തകർന്നു വീണത്. ട്രോളി ക്യാബിനുള്ളിൽ അഞ്ചു പേർ ഉണ്ടായിരുന്നുവെന്നാണ് വിവരം. അവർ സംഭവസ്ഥലത്തു തന്നെ മരിച്ചു. അപകടസ്ഥലത്തുണ്ടായിരുന്ന ഒരാളും മരിച്ചു.

റോപ്പ് വേയിലെ നാലാം നമ്പർ ടവറിനടുത്ത് വെച്ച് കേബിളുകൾ പൊട്ടുകയായിരുന്നു. ഇതോടെ ട്രോളി താഴെ ഒന്നാം നമ്പർ ടവറിനു സമീപത്ത് വെച്ച് ഇടിച്ചു തകർന്നു. മരിച്ചവരിൽ മൂന്നു പേർ പ്രദേശവാസികളും രണ്ടു പേർ കശ്മീർ സ്വദേശികളും ഒരാൾ രാജസ്ഥാൻ സ്വദേശിയുമാണ്. അപകടത്തിന്റെ കാരണം അന്വേഷിക്കുകയാണെന്ന് പോലീസ് പറഞ്ഞു. കാളികാ മാതാ ക്ഷേത്രത്തിലേക്ക് തീർത്ഥാടകരെ കൊണ്ടുപോകുന്നതിനായി പ്രദേശത്ത് പാസഞ്ചർ റോപ്പ് വേ ഉണ്ട്. എന്നാൽ, മോശം കാലാവസ്ഥയെ തുടർന്ന് പാസഞ്ചർ ട്രോളി അടച്ചിട്ടിരുന്നു. ഇതോടെയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന കാർഗോ റോപ്പ് വേ ഉപയോഗിച്ചതെന്നാണ് പോലീസ് പറയുന്നത്. 1986-ലാണ് പ്രദേശത്ത് റോപ്പ് വേ ട്രോളി കമ്മീഷൻ ചെയ്തത്. പാവഗഡ് റോപ്പ് വേയിൽ 2003-ലും സമാന രീതിയിൽ അപകടം സംഭവിച്ചിരുന്നു. അന്ന് ഏഴു പേരാണ് മരിച്ചത്. 800 മീറ്ററോളം ഉയരത്തിലാണ് ക്ഷേത്രം. ഭക്തർ ഏകദേശം 2000 പടികൾ കയറുകയോ കേബിൾ കാർ ഉപയോഗിക്കുകയോ വേണം. പക്ഷേ, കേബിൾ കാർ എത്ര ഉയരത്തിൽ നിന്നാണ് വീണതെന്ന് വെളിപ്പെടുത്തിയിട്ടില്ല.

# ഓണത്തിന് വിറ്റത് 920 കോടിയുടെ മദ്യം

തിരുവനന്തപുരം: ഓണക്കാലത്ത് 12 ദിവസംകൊണ്ട് മലയാളി കുടിച്ചത് 920.74 കോടി രൂപയുടെ മദ്യം. കഴിഞ്ഞ വർഷം ഓണക്കാലത്തെ 824.07 കോടി രൂപയുടെ വിൽപന മറികടന്നാണ് ഇക്കുറി റെക്കോർഡ്. 9.34 ശതമാനത്തിന്റെ വർധനവാണ് വിൽപനയിലുണ്ടായത്. അത്തം മുതൽ മൂന്നാം ഓണം വരെയുള്ള ദിവസത്തെ കണക്കാണിത്. തിരുവോണ ദിവസം മദ്യക്കടകൾ പ്രവർത്തിച്ചിരുന്നില്ല.

അവിട്ടം ദിനമായ സെപ്റ്റംബർ ആറിന് ശനിയാഴ്ച മാത്രം വിറ്റത് 94.36 കോടിയുടെ മദ്യമാണ്. കഴിഞ്ഞ വർഷത്തെ അവിട്ടം ദിനത്തിൽ ഇത് 65.25 കോടിയായിരുന്നു. ഒന്നാം ഓണത്തിനാണ് വിൽപന പൊടിപൊടിച്ചത്. ഒറ്റ ദിവസം 137.64 കോടിയുടെ മദ്യം വിറ്റു. കഴിഞ്ഞ തവണ ഇത് 126.01 കോടിയായിരുന്നു.

ഓണത്തിന്റെ ആദ്യ ദിവസങ്ങളിൽ കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറവായിരുന്നു വിൽപനയെങ്കിലും തുടർന്നുള്ള ദിവസങ്ങളിൽ ഇത് മറികടന്നു.

ആദ്യത്തെ ആറു ദിവസം 426.8 കോടിയുടെ മദ്യം വിറ്റപ്പോൾ തുടർന്നുള്ള അഞ്ചു ദിവസങ്ങളിൽ 500 കോടിക്കടുത്താണ് വിൽപന നടന്നത്. 29,30 തീയതികളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കനത്ത വിൽപനയുണ്ടായി. 30 ശതമാനം കൂടുതൽ വിൽപന രണ്ടു ദിവസവുമുണ്ടായി.

# നിയമസഭ ഡിജിറ്റലൈസേഷന് നൽകിയ 9.4 കോടി ഊരാളുങ്കൽ ആറ് വർഷം കൈവശം വെച്ചു

തിരുവനന്തപുരം: നിയമസഭാ ഡിജിറ്റൽവൽക്കരണ പദ്ധതി നടപ്പാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കു സർക്കാർ നൽകിയ കോടികൾ ആറ് വർഷം കണക്കില്ലാതെ കിടന്നെന്ന വാർത്ത സ്ഥിരീകരിച്ചു.

നിയമസഭാ സെക്രട്ടറിയേറ്റ്, അഡ്വാൻസ് തുകയായി 2019 ജൂൺ 13-ന് 9,40,14,434 രൂപ (9.4 കോടി) ലഭിച്ചതിന്റെ ഇൻവോയ്സ് ഈ വർഷം മേയ് ഒൻപതിനാണ് ഊരാളുങ്കൽ സമർപ്പിച്ചതെന്നു വിവരാവകാശ രേഖയിൽ നിയമസഭാ സെക്രട്ടേറിയറ്റ് വ്യക്തമാക്കി. തുക ആറ് വർഷം ഊരാളുങ്കൽ കൈവശം വച്ചെന്ന വാർത്തയ്ക്കെതിരെ മുൻപു രംഗത്തുവന്ന നിയമസഭാ സെക്രട്ടേറിയറ്റും ഊരാളുങ്കലും ഇൻവോയ്സ് നൽകുന്നതിലെ കാലതാമസം സ്ഥിരീകരിക്കാൻ വിസമ്മതിച്ചിരുന്നു.

അഡ്വാൻസ് തുക ക്രമപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന വാദത്തിലായിരുന്നു അന്നത്തെ പ്രതിരോധം. ഇതിനു പിന്നാലെയാണ്, പണം അനുവദിച്ചതിന്റെയും അതിന്റെ ഇൻവോയ്സ് സമർപ്പിച്ചതിന്റെയും തീയതികൾ വെളിപ്പെടുത്തുന്ന വിവരാവകാശ രേഖ പുറത്തുവന്നത്.

2020 ജൂൺ 30-നു പൂർത്തിയാകേണ്ടിയിരുന്ന പദ്ധതി 12 തവണ ഊരാളുങ്കലിനു നീട്ടിനൽകി. സാമ്പത്തിക ഇടപാടുകൾ ക്രമപ്പെടുത്തുന്നതിൽ ഗുരുതര വീഴ്ചയുണ്ടായെന്നു നിയമസഭാ സെക്രട്ടേറിയറ്റ് സ്ഥിരീകരിച്ച അതേ കമ്പനിക്കാണ് ഈ വർഷം നവംബർ 30 വരെ വീണ്ടും കരാർ നീട്ടി നൽകിയിരിക്കുന്നത്.

# റവ.ഡോ. ആന്റണി കൊള്ളന്നൂർ അന്തരിച്ചു



തൃശൂർ: സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ മുൻ ചാൻസലർ റവ.ഡോ. ആന്റണി കൊള്ളന്നൂർ (69) അന്തരിച്ചു. തൃശൂർ അതിരൂപതാംഗമായ ഫാ. ആന്റണി കൊള്ളന്നൂർ 2004 മുതൽ 15 വർഷക്കാലം സീറോ മലബാർ സഭയുടെ ആസ്ഥാനത്ത് ചാൻസലറായിരുന്നു. സഭയുടെ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള അദ്ദേഹം തൃശൂർ അതിരൂപതയിലും കല്യാൺ രൂപതയിലും ജുഡീഷ്യൽ വികാരി, ചാൻസലർ, ഇടവക വികാരി, ഡയറക്ടർ തുടങ്ങിയ വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. കല്യാൺ രൂപതയെ പടുത്തുയർത്തുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ചു.

ആറ്റുപുറം ഇടവക കൊള്ളന്നൂർ തോമസ്-റോസ ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: യോഹന്നാൻ, സൈമൺ, പരേതയായ കൊച്ചുമേരി. 1982 -ൽ മാർ ജോസഫ് കുണ്ടുകുളത്തിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. വടക്കാഞ്ചേരി, കൊട്ടേക്കാട് ഇടവകകളിൽ സഹവികാരിയായും വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ വികാരിയായും സേവനമനുഷ്ഠിച്ചു. തൃശൂർ അതിരൂപതയിൽ മെത്രാപ്പോലീത്തൻ കോടതി ജഡ്ജിയായും ആലുവ കാർമൽഗിരി സെ. ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായും സേവനം ചെയ്തിട്ടുണ്ട്.

# ഓൺലൈൻ ട്രേഡിങ് തട്ടിപ്പ്; ബുദ്ധികേന്ദ്രം സൈപ്രസിൽ

കൊച്ചി: വ്യാജ ഓൺലൈൻ ട്രേഡിങ് തട്ടിപ്പിന്റെ ബുദ്ധികേന്ദ്രം യൂറോപ്പ് താവളമാക്കി പ്രവർത്തിക്കുന്ന മലയാളികളും അടങ്ങുന്ന 'ടെക്കി മാഫിയ' ആണെന്ന് കേരള പോലീസ് കണ്ടെത്തി. യൂറോപ്പിലെ മെഡിറ്ററേനിയൻ സമുദ്രത്താൽ ചുറ്റപ്പെട്ട ദ്വീപ് രാഷ്ട്രമായ സൈപ്രസ് താവളമാക്കിയാണ് ഈ തട്ടിപ്പ് സംഘത്തിന്റെ പ്രവർത്തനം.

വ്യാജ ഓൺലൈൻ ട്രേഡിങ്ങിലൂടെ കൊച്ചിയിലെ ഫാർമസ്യൂട്ടിക്കൽ കമ്പനി ഉടമയ്ക്ക് 25 ലക്ഷം രൂപ നഷ്ടപ്പെട്ട കേസിന്റെ സൈബർ ഫൊറൻസിക് അന്വേഷണത്തിലാണ് ഈ സംഘത്തിലേക്ക് എത്തിയത്. സൈപ്രസിലെ കോൾ സെന്ററുകൾ ചുറ്റിപ്പറ്റിയാണ് ഇവരുടെ പ്രവർത്തനം.

കൊച്ചി സൈബർ പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണച്ചുമതല ഡിസിപി ജുവനപ്പടി മഹേഷിനാണ്. വിദേശരാജ്യങ്ങളിലെ പൗരന്മാരും ഇവരുടെ തട്ടിപ്പിന് ഇരയായിട്ടുള്ള സാഹചര്യത്തിൽ സൈപ്രസ് പോലീസിന്റെ സൈബർ ക്രൈം യൂണിറ്റായ ഒസിസിയുടെ (ഓഫീസ് ഫോർ കോംപാക്ടിങ് സൈബർ ക്രൈം) സഹകരണവും കേരള പോലീസ് തേടിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഔദ്യോഗിക നടപടികൾ കേന്ദ്ര ആഭ്യന്തര വകുപ്പും വിദേശകാര്യ മന്ത്രാലയവും സ്വീകരിക്കും.

ഈ വർഷം മെയ് മാസത്തിൽ ജർമൻ ദമ്പതികളെ കബളിപ്പിച്ച് 31 കോടി രൂപ (30 ലക്ഷം യൂറോ) തട്ടിയെടുത്തതും സൈപ്രസിലെ സംഘമാണെന്നാണ് സൂചന.

ബൾഗേറിയ, അൽബേനിയ, ഇസ്രയേൽ, യുകെ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലും ഇവർക്ക് ക്രിമിനൽ കൂട്ടാളി സംഘങ്ങളുണ്ട്. കൊച്ചിയിലെ വ്യവസായിക്ക് ഫോൺവിളികൾ വന്നത് സൈപ്രസിലെ കോൾ സെന്ററിൽ നിന്നാണ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 37
September 08, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ആരും ഒരിക്കലും വിയർപ്പിൽ മുങ്ങി മരിച്ചിട്ടില്ല.

**ലൗഹോൾട്സ്**

നല്ല പെരുമാറ്റം നല്ല സ്വഭാവത്തെ രൂപീകരിക്കുന്നു.

**ബെന്നറ്റ്**




# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www.greennestlehomes.com
greennestle01@gmail.com

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

# CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കാരുണ്യ സുരക്ഷാ പദ്ധതികൾക്ക് 124.63 കോടി രൂപ

തിരുവനന്തപുരം: സംസ്ഥാനത്തെ കാരുണ്യ സുരക്ഷാ പദ്ധതിക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കുമായി 124.63 കോടി രൂപ അനുവദിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. 75.66 കോടി രൂപ കാരുണ്യ സുരക്ഷാ പദ്ധതിക്കും 49.3 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കുമായാണ് അനുവദിച്ചത്. കാരുണ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ ഈ തുക സൗജന്യ ചികിത്സ നല്കിയ ആശുപത്രികൾക്ക് വിതരണം ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ നടപ്പാക്കിവരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി ലോട്ടറി വകുപ്പ് മുഖേനയാണ് തുക അനുവദിച്ചത്. ഈ തുക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾക്ക് നല്കിയതായും മന്ത്രി പറഞ്ഞു.

കഴിഞ്ഞ മൂന്നുവർഷവും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. അഞ്ചു വർഷംകൊണ്ട് 25.17 ലക്ഷം പേർക്ക് ആകെ 7,708 കോടിയുടെ സൗജന്യ ചികിത്സയാണ് നല്കിയത്. കാസ്പ് വഴി 24.06 ലക്ഷം പേർക്ക് 7,163 കോടിയുടെ സൗജന്യ ചികിത്സയും കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 64,075 പേർക്ക് 544 കോടിയുടെ സൗജന്യ ചികിത്സയും നല്കി.

ആരോഗ്യ വകുപ്പിനു കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് കാസ്പ് പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ 43.07 ലക്ഷം കുടുംബങ്ങൾ കാസ്പിൽ ഉൾപ്പെടുന്നു. നിലവിലുണ്ടായിരുന്ന ആർ.എസ്ബിവൈ ചീസ്, ചീസ് പ്ലസ് എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് കാസ്പ് അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. ഒരു കുടുംബത്തിന് ഒരു വർഷം പരമാവധി അഞ്ചു ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യമാണ് കാസ്പ് പദ്ധതി വഴി ലഭ്യമാകുന്നത്. പൊതു, സ്വകാര്യ മേഖലകളിൽ നിന്ന് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 591 ആശുപത്രികൾ വഴി സംസ്ഥാനത്ത് പദ്ധതി സേവനങ്ങൾ ലഭ്യമാക്കിവരുന്നു. പദ്ധതിയുടെ ആരോഗ്യ, ആനുകൂല്യ പാക്കേജ് പ്രകാരം ഗുണഭോക്താക്കൾക്ക് ചികിത്സാ സേവനങ്ങളാണ് ലഭ്യമാക്കുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾ അല്ലാത്തതും മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുടുംബങ്ങൾക്ക് ഒറ്റതവണത്തേക്ക് രണ്ട് ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നല്കുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്, വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്നു ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ലഭ്യമാകും. പദ്ധതി സംബന്ധമായ അന്വേഷണങ്ങൾക്കും പരാതികൾക്കും ദിശ ഹെൽപ് ലൈൻ നമ്പർ (1056/104), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ, സംസ്ഥാന ഓഫീസുകൾ എന്നിവയെ ബന്ധപ്പെടാം.

# ഛത്തിസ്ഗഡിൽ അണക്കെട്ട് തകർന്ന് നാല് മരണം

ന്യൂഡൽഹി: ഹിമാചൽ പ്രദേശ്, ജമ്മു-കശ്മീർ, പഞ്ചാബ്, ഛത്തിസ്ഗഡ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ മഴയും മണ്ണിടിച്ചിലും രൂക്ഷമായി തുടരുന്നു. രാജസ്ഥാനിലും മഴ കനത്തു. ഡൽഹിയിൽ യമുനാനദി കവിഞ്ഞൊഴുകിയതോടെ അഞ്ച് ജില്ലകളിൽ നിന്നുള്ള 7,500 പേരെ മാറ്റിപ്പാർപ്പിച്ചു. പഞ്ചാബിൽ സത്‌ലജ്, ബിയാസ്, രവി നദികൾ കവിഞ്ഞൊഴുകുകയാണ്.

ഛത്തീസ്ഗഡിലെ ബൽറാംപുരിൽ ചെറുകിട അണക്കെട്ട് തകർന്ന് ഒരു സ്ത്രീയുൾപ്പെടെ നാല് പേർ മരിക്കുകയും മൂന്ന് പേരെ കാണാതാവുകയും ചെയ്തു. ധനേഷ്പുർ ഗ്രാമത്തിലെ ലുട്ടി അണക്കെട്ടിന്റെ ഭാഗം സെപ്റ്റംബർ രണ്ടിന് ചൊവ്വാഴ്ച രാത്രി പെരുമഴയിൽ തകർന്ന് സമീപത്തെ വീടുകളിലേക്ക് വെള്ളം കയറുകയായിരുന്നു. ഉറങ്ങിക്കിടന്നവരാണ് ദുരന്തത്തിൽപെട്ടത്.

ബിലാസ്പുർ ജില്ലയിലെ ജാംലിയിൽ മലവെള്ളപ്പാച്ചിലിൽ പ്രൈമറി സ്കൂളിന്റെ ഭിത്തി തകർന്നു. 1162 റോഡുകൾ ഭാഗികമായി തകർന്നതോടെ ഗതാഗതം പാടേ സ്തംഭിച്ചിരിക്കുകയാണ്. സ്കൂളുകളും കോളജുകളും അടച്ചിട്ടു. ഷിംല-കൽക്ക ട്രെയിൻ സർവീസും നിർത്തിവെച്ചു.

കനത്ത മഴ തുടരുന്ന ജമ്മു കശ്മീരിലെ അഖ്നുരിൽ അമ്മയും കുഞ്ഞും



മരിച്ചു. ചെനാബ് നദിയിൽ നാലടി വെള്ളമുയർന്നതോടെ തീരപ്രദേശങ്ങൾ മുങ്ങി. പ്രളയത്തിൽ കുടുങ്ങിയ 40 പേരെ രക്ഷപ്പെടുത്താൻ ശ്രമം തുടരുന്നു.

ജമ്മുവിലെ താവി നദിയിൽ റെക്കോർഡ് ജലനിരപ്പായ 15 അടിയിലെത്തി. വരുന്ന മണിക്കൂറുകളിൽ വീണ്ടും മേഘവിസ്ഫോടനവും മലവെള്ളപ്പാച്ചിലുമുണ്ടാകാൻ സാധ്യതയുണ്ടെന്നാണു മുന്നറിയിപ്പ്. വൈഷ്ണോദേവി ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനം തുടർച്ചയായ ഒൻപതാം ദിവസവും നിർത്തിവെച്ചു.

രാജസ്ഥാനിലും കനത്ത മഴ ജനജീവിതം സ്തംഭിപ്പിച്ചു. ജയ്പൂർ, കോട്ട ജില്ലകളിലെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങി. ദാരാ റെയിൽവേ സ്റ്റേഷനുസമീപം ട്രാക്കിലേക്ക് മണ്ണിടിഞ്ഞു വീണതിനാൽ കോട്ട-മുംബൈ പാതയിലെ ഒൻപത് ട്രെയിനുകൾ വൈകി.

ജയ്പുരിൽ സവായ് മാൻസിങ് ആശുപത്രിയും ഹനുമാൻ ക്ഷേത്രവും പ്രളയത്തിൽ മുങ്ങി. 1988-നു ശേഷമുണ്ടാകുന്ന ഏറ്റവും വലിയ പ്രളയമാണിത്.

# ട്രെയിനുകളിലെ രാത്രിയാത്രയ്ക്ക് പുതിയ മാർഗനിർദേശം

പരവൂർ: രാത്രിയാത്രകൾ കൂടുതൽ സുഖപ്രദവും സുരക്ഷിതവുമാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ റെയിൽവേ പുതിയ മാർഗ നിർദേശങ്ങൾ പുറത്തിറക്കി. ഇതനുസരിച്ച് രാത്രി പത്തിന്ശേഷം ട്രെയിനുള്ളിൽ ഉച്ചത്തിൽ സംസാരിക്കുന്നതിനും ഉയർന്ന ശബ്ദത്തിൽ പാട്ട് കേൾക്കുന്നതിനും കർശന വിലക്ക് ഉണ്ടാകും. സഹയാത്രികരെ ശല്യപ്പെടുത്തുന്ന രീതിയിൽ ഉച്ചത്തിൽ റീൽസ് കണ്ടാലോ ഫോണിൽ സംസാരിച്ചാലോ പിടിവീഴും എന്ന കാര്യം ഉറപ്പ്. മാത്രമല്ല പിഴത്തുകയും അടയ്ക്കണം.

ഓരോ യാത്രക്കാരനും രാത്രി ഉറങ്ങാനും വിശ്രമിക്കാനും പൂർണ അവസരവും അവകാശവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് പുതിയ മാർഗരേഖകൊണ്ട് ലക്ഷ്യമിടുന്നത്. പരാതികൾ വ്യാപകമായ സാഹചര്യത്തിലാണ് വ്യവസ്ഥകൾ കർശനമാക്കാൻ റെയിൽവേ മന്ത്രാലയം സുരക്ഷാ ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുള്ളത്. 1984-ലെ റെയിൽവേ നിയമം സെക്ഷൻ 145 അനുസരിച്ച് ശബ്ദമുണ്ടാക്കി സഹയാത്രികർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് കുറ്റകരമാണ്. ഈ നിയമം ലംഘിക്കുന്നവർക്ക് ആദ്യം മുന്നറിയിപ്പ് നൽകുകയാണ് പതിവ്. അവഗണിച്ചാൽ 500 മുതൽ 1,000 രൂപ വരെ പിഴ ചുമത്തും. രാത്രി പത്തിന് ശേഷം ഹെഡ്ഫോണുകൾ ഉപയോഗിക്കാതെ മൊബൈൽ ഫോണുകളിൽ ഉച്ചത്തിൽ സംസാരിക്കാനോ പാട്ട് കേൾക്കാനോ ഇനി മുതൽ പാടില്ല. മാത്രമല്ല രാത്രി ആവശ്യത്തിനുള്ള ഡിം ലൈറ്റ് ഒഴികെയുള്ള കോച്ചുകളിലെ മറ്റ് എല്ലാ ലൈറ്റുകളും ഓഫ് ചെയ്യണം. നിയമലംഘകർക്ക് ഇനി മുതൽ ഒരു വിട്ടുവീഴ്ച ഉണ്ടാകില്ലെന്നും പുതിയ മാർഗരേഖയിൽ അധികൃതർ അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.


# ജിഎസ്ടിയെ ജനകീയമാക്കണം

ഇന്ത്യയിൽ ചരക്ക് സേവന നികുതി (ജിഎസ്ടി) നടപ്പാക്കിയിട്ട് എട്ടു വർഷമായി. ഇക്കാലയളവിനിടെ ജിഎസ്ടി കൗൺസിൽ ഒട്ടേറെ ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും നികുതി പരിഷ്കരിച്ചു. ഇതുവരെയുണ്ടായ പരിഷ്കാരങ്ങളിൽ ഈയിടെ പ്രഖ്യാപിച്ചവയാണ് ഏറ്റവും ആശ്വാസകരമെന്നതിൽ സംശയമില്ല. എന്നാൽ, ഈ മാസം 22-നു പ്രാബല്യത്തിൽ വരുന്ന മാറ്റങ്ങളുടെ പ്രയോജനം പൂർണതോതിൽ ജനങ്ങളിലെത്തുമെന്നുകൂടി സർക്കാർ ഉറപ്പാക്കിയാലേ പരിഷ്കരണം സാർഥമാകൂ.

സാധാരണക്കാർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ് പരിഷ്കാരമെന്നതിൽ സംശയമില്ല. സ്ത്രീകൾ, വിദ്യാർത്ഥികൾ, ഇടത്തരക്കാർ, കർഷകർ എന്നിവർക്കെല്ലാം നേട്ടമെത്തുന്നുണ്ട്. തൊഴിൽമേഖലകളിലേക്കും ഇതിന്റെ പ്രതിഫലനമുണ്ടാകും. നാല്പതോളം ജീവൻരക്ഷാമരുന്നുകളുടെ നികുതി ഒഴിവാകും. ഏറെനാളായി ആവശ്യമുയരുന്ന ആരോഗ്യ-ലൈഫ് ഇൻഷുറൻസ് പ്രീമിയത്തിലെ ജിഎസ്ടി ബാധ്യതയും ഇല്ലാതാകും. ചെറുകാറുകൾ, എയർ കണ്ടീഷണറുകൾ, ടെലിവിഷൻ തുടങ്ങി വലിയൊരുവിഭാഗം ഉത്പന്നങ്ങൾക്ക് നികുതി നിരക്ക് 28-ൽനിന്ന് 18 ശതമാനമായി കുറയും. സിമന്റ്, മാർബിൾ, ഗ്രാനൈറ്റ് പോലെയുള്ളവയുടെ തീരുവ കുറയുന്നത് നിർമാണമേഖലയ്ക്ക് ഉത്തേജനം നൽകുന്നതാണ്. സാധാരണക്കാരുടെ നികുതിഭാരം കുറച്ച് ഉപഭോഗം ഉയർത്തുകയും അതുവഴി ഉത്പാദനം കൂട്ടി വളർച്ചയെ പുതിയ ഉയരങ്ങളിലേക്കെത്തിക്കാനുമാണ് പരിഷ്കരണത്തിലൂടെ സർക്കാർ ഉന്നമിടുന്നത്. ഇന്ത്യയിൽനിന്നുള്ള ഉത്പന്നങ്ങളിൽ അമേരിക്ക ചുമത്തിയിട്ടുള്ള ഇരട്ടത്തീരുവ കയറ്റുമതിമേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി ആഭ്യന്തര ഉപഭോഗം വർധിപ്പിച്ച് മറികടക്കാനും നടപടി ഉപകരിക്കും. പാൻമസാല, ഗുഡ്ക, സിഗരറ്റ് ഉൾപ്പെടെ ആരോഗ്യത്തിന് ഹാനികരമായ പുകയില ഉത്പന്നങ്ങൾ, കോള, പഞ്ചസാരയും രുചിക്കൂട്ടുകളും ചേർത്തുള്ള ശീതളപാനീയങ്ങൾ, ലോട്ടറി, ആഡംബരവസ്തുക്കൾ തുടങ്ങിയവയ്ക്ക് 40 ശതമാനം ജിഎസ്ടിയാണ് വരുന്നത്. പുതിയ നികുതിത്തട്ടാണിതെങ്കിലും സാധാരണക്കാരെ ബാധിക്കാത്ത രീതിയിലാണ് ഘടന. വലിയ വിലയുള്ള കാറുകളിലും മറ്റും ഉയർന്ന ജിഎസ്ടി കൊണ്ടുവന്ന് വരുമാനനഷ്ടം കുറയ്ക്കാനുള്ള ശ്രമം സ്വാഗതംചെയ്യാം. 40 ശതമാനം ജിഎസ്ടിയെന്ന പുതിയൊരു നികുതിത്തട്ട് രൂപപ്പെട്ടിട്ടുണ്ടെങ്കിലും വളരെ പരിമിതമായ ഉത്പന്നങ്ങളാണ് ഇപ്പോഴിതിലുള്ളത്.

എന്നാൽ, സർക്കാർ നികുതി കുറയ്ക്കുന്ന എല്ലാ ഉൽപന്നങ്ങൾക്കും വില കുറയേണ്ടതാണെങ്കിലും പലപ്പോഴും അതല്ല സംഭവിച്ചുപോരുന്നത്. മുൻപ് ജിഎസ്ടി കുറച്ചപ്പോൾ കമ്പനികൾ ഉൽപന്നങ്ങളുടെ വില വർധിപ്പിച്ചതോടെ നികുതി കുറച്ചതിന്റെ ഫലം സാധാരണക്കാർക്കു ലഭിക്കാതായ അനുഭവങ്ങളുണ്ട്. നികുതി കുറയ്ക്കുന്നതിന്റെ ആനുകൂല്യം ജനങ്ങളിലെത്തിക്കുന്നതിനുപകരം ഉൽപന്നങ്ങളുടെ അടിസ്ഥാനവില ഉയർത്തിയാൽ ലാഭം ഉൽപാദകർക്കാണു ലഭിക്കുക. അതുകൊണ്ടുതന്നെ, ജിഎസ്ടി പരിഷ്കരണത്തിന്റെ ഗുണം ജനങ്ങൾക്കു കിട്ടണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരമാവധി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി കുറയുമ്പോൾ കമ്പനികൾ വിലകൂട്ടുന്ന സാഹചര്യം നേരിടാൻ സർക്കാർസംവിധാനങ്ങൾ സജ്ജമായേതീരൂ. ജിഎസ്ടി നിരക്കിലെ കുറവുവഴി യഥാർത്ഥമെച്ചം ജനങ്ങൾക്കു ലഭിക്കുന്നുണ്ടോ എന്നറിയാൻ സംസ്ഥാന ജിഎസ്ടി വകുപ്പും പൊതുവിതരണ വകുപ്പും പ്രത്യേക ശ്രദ്ധ വെക്കുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറയുകയുണ്ടായി. നികുതി കുറയുന്നതിലൂടെ തങ്ങൾക്കു കൈവരുന്ന മെച്ചത്തെക്കുറിച്ച് ഉപഭോക്താക്കൾക്കും ധാരണയുണ്ടാകണം. ജനങ്ങളിൽ ഇതിനാവശ്യമായ ബോധവൽക്കരണം നടത്താൻ സർക്കാർ തയാറാവേണ്ടതുണ്ട്. ഒരു ഉൽപന്നത്തിനു സ്ലാബ് മാറുമ്പോഴുണ്ടാകുന്ന കൃത്യമായ വിലമാറ്റം ഉപഭോക്താക്കൾ മനസ്സിലാക്കുന്നതോടുകൂടി പരിഷ്കരണത്തിന്റെ അനുബന്ധനടപടിയായി സർക്കാർ കാണണം. ചില ജീവൻരക്ഷാ മരുന്നുകളുടെ നികുതി പൂർണമായും ഒഴിവാക്കിയതടക്കമുള്ള ആശ്വാസം ചികിത്സാച്ചെലവിൽ പ്രതിഫലിക്കുകയും വേണം.

2025 ഫെബ്രുവരിയിൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ ആദായനികുതിയുടെ പരിധി 12 ലക്ഷമായി ഉയർത്തിയിരുന്നു. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ശമ്പളക്കാർക്കും ഇത് വലിയ ആശ്വാസമായി. ഇന്ത്യയിലെ പ്രത്യക്ഷനികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടെങ്കിലും വളർച്ചനിരക്ക് ഉയർന്ന നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഇത് ഒരളവുവരെ ഗുണം ചെയ്തെന്നുവേണം കരുതാൻ. ഇതിന്റെ തുടർച്ചയായിവേണം ജിഎസ്ടി പരിഷ്കരണത്തെയും കാണാൻ. വിപണിയിൽ വില നിയന്ത്രിക്കാനും ഉപഭോക്തൃ പണപ്പെരുപ്പം കാൽശതമാനംവരെ കുറയ്ക്കാനും പരിഷ്കരണം സഹായിക്കുമെന്നാണ് പ്രതീക്ഷ. അതേസമയം, ഇളവ് ഉത്പന്ന-സേവന വിലകളിൽ പ്രതിഫലിക്കുന്നെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതത്തെയും നിരക്കിളവ് ബാധിക്കാം. ജിഎസ്ടി നടപ്പാക്കിയപ്പോഴുള്ള സംസ്ഥാനങ്ങളുടെ വരുമാനനഷ്ടം പരിഹരിക്കാൻ കൊണ്ടുവന്ന സെസും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. ഈ നഷ്ടം കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് താങ്ങാവുന്നതിനപ്പുറമായിരിക്കും. സംസ്ഥാനങ്ങൾക്ക് വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ഈ പ്രശ്നത്തിൽ പരിഹാരം വേണ്ടതുണ്ട്. നികുതിഘടന ലളിതമാക്കുന്നത് ജിഎസ്ടി സംവിധാനത്തെ കൂടുതൽ പ്രായോഗികമാക്കുന്നതാണ്. വിലക്കുറവിന്റെ ആനുകൂല്യത്തിൽ ഉപഭോഗം ഉയർത്തി സാമ്പത്തികവളർച്ചയെ പുതിയ തലത്തിലേക്കെത്തിക്കാനും കഴിയും.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ബില്ലുകളിലെ കാലതാമസം: പൊതുവായ സമയപരിധി നിശ്ചയിക്കാനാകില്ല

ന്യൂഡൽഹി: നിയമസഭകൾ പാസാക്കുന്ന ബില്ലുകളിൽ കാലതാമസം വരുത്തുന്ന ചില സന്ദർഭങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്കും ഗവർണർമാർക്കും ഭരണഘടനയുടെ ആർട്ടിക്കിൾ 200, 201 പ്രകാരം പ്രവർത്തിക്കാൻ പൊതുവായ സമയപരിധി നിശ്ചയിക്കുന്നത് ന്യായീകരിക്കാനാകില്ലെന്നു വാക്കാൽ നിരീക്ഷിച്ച് സുപ്രീംകോടതി ഭരണഘടനാ ബെഞ്ച്.

ഏതെങ്കിലും ബില്ലുകളിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിട്ടാൽ അത്തരം സന്ദർഭങ്ങളിൽ കോടതിയെ സമീപിക്കാം. ഇതിന്റെ പശ്ചാത്തലത്തിൽ ഒരു സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കാൻ കോടതിക്കു നിർദേശിക്കാം. എന്നാൽ, രാഷ്ട്രപതിയുടെയും ഗവർണർമാരുടെയും നടപടിക്ക് പൊതുവായ ഒരു സമയപരിധി നിശ്ചയിക്കാൻ കഴിയില്ലെന്നും കോടതി വാക്കാൽ വ്യക്തമാക്കി. നിയമസഭ പാസാക്കുന്ന ബില്ലുകളിൽ തീരുമാനമെടുക്കാനുള്ള ഗവർണറുടെ അധികാരമാണു ഭരണഘടനയുടെ ആർട്ടിക്കിൾ 200, 201 പറയുന്നത്.

ബില്ലിൽ തീരുമാനമെടുക്കാൻ സമയപരിധി നിശ്ചയിക്കാൻ സാധിക്കുമോ എന്നതുൾപ്പെടെ രാഷ്ട്രപതി സമർപ്പിച്ച പരാമർശം പരിശോധിക്കുന്നതിനിടയിലായിരുന്നു ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അദ്ധ്യക്ഷനായ ഭരണഘടനാ ബെഞ്ചിന്റെ നിരീക്ഷണം. ബില്ലിൽ എത്രയും വേഗം തീരുമാനമെടുക്കണമെന്നു പറയുന്നുണ്ടെങ്കിലും അക്കാര്യത്തിൽ ഭരണഘടനയിൽത്തന്നെ ഒരു അയവ് വ്യക്തമാക്കിയിട്ടുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

ഭരണഘടനയുടെ ആർട്ടിക്കിൾ 200, 201 എന്നിവ ഒരു സമയപരിധി നിശ്ചയിക്കാത്ത സാഹചര്യത്തിൽ കോടതി ഒരു സമയപരിധി തീരുമാനിക്കുന്നത് ഭരണഘടനാ ഭേദഗതിക്കു തുല്യമാണെന്നും ഭരണഘടനാ ബെഞ്ചിലെ അംഗങ്ങളിൽ ഒരാളായ ജസ്റ്റിസ് വിക്രംനാഥ് നിരീക്ഷിച്ചു. ബില്ലിൽ സമയപരിധി നിശ്ചയിച്ച സുപ്രീംകോടതി രണ്ടംഗ ബെഞ്ചിന്റെ ഉത്തരവുള്ള സാഹചര്യത്തിൽ ഗവർണറോ രാഷ്ട്രപതിയോ ബില്ലിൽ തീരുമാനമെടുത്തില്ലെങ്കിൽ അവരെ കോടതിയലക്ഷ്യത്തിനു ശിക്ഷിക്കാൻ സാധിക്കുമോയെന്നും കക്ഷികളോടു കോടതി ചോദിച്ചു. അയോഗ്യതാ ഹർജികളിൽ മൂന്നു മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ തെലുങ്കാന സ്പീക്കറോടു നിർദേശിച്ച ചീഫ് ജസ്റ്റിസ് ഗവായിയുടെ മുൻ ഉത്തരവ് വാദത്തിനിടയിൽ ഹർജിക്കാർ കോടതിയിൽ ചൂണ്ടിക്കാട്ടി. എല്ലാ സംസ്ഥാനങ്ങളിലെയും സ്പീക്കർമാരോടു തീരുമാനനെടുക്കാനല്ല കോടതി നിർദേശിച്ചതെന്നും ഇത്തരം സാഹചര്യത്തിൽ അതത് കേസിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാനാണു നിർദേശിക്കുകയെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

ചില സന്ദർഭങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവായ സമയപരിധി എങ്ങനെ നിശ്ചയിക്കാനാകുമെന്നും ബെഞ്ച് ചോദിച്ചു. ഗവർണർമാർ ബില്ലുകൾ അനിശ്ചിതമായി തടഞ്ഞുവെക്കുന്ന ആവർത്തിച്ചുള്ള സംഭവങ്ങൾ കണക്കിലെടുക്കുമ്പോൾ സമയപരിധി ആവശ്യമാണെന്നാണു ഹർജിക്കാരുടെ വാദം.

എന്നാൽ, വ്യത്യസ്ത കേസുകളിൽ ഒരേ സമീപനം സാധിക്കില്ലെന്നാണു ചീഫ് ജസ്റ്റിസ് വ്യക്തമാക്കിയത്. ആറാം ദിവസമാണു രാഷ്ട്രപതി പരാമർശവുമായി ബന്ധപ്പെട്ട വിഷയം ഭരണഘടനാ ബെഞ്ച് പരിഗണിക്കുന്നത്. വിഷയത്തിൽ കേന്ദ്രസർക്കാർ വാദം പൂർത്തിയാക്കിയിരുന്നു. സമയപരിധി നിശ്ചയിക്കാൻ സാധിക്കില്ലെന്ന നിലപാടാണു കേന്ദ്രം സുപ്രീംകോടതിയിൽ സ്വീകരിച്ചത്.

## പോലീസ് സ്റ്റേഷനുകളിൽ കാമറകളില്ല; കേസെടുത്ത് സുപ്രീംകോടതി

ന്യൂഡൽഹി: ഇന്ത്യയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ സിസിടിവി കാമറകൾ പ്രവർത്തനരഹിതമാണെന്ന മാധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ സ്വമേധയാ പൊതുതാത്പര്യ ഹർജി രജിസ്റ്റർ ചെയ്തു സുപ്രീംകോടതി. പോലീസ് സ്റ്റേഷനുകളിലെ മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിന് സിസിടിവികൾ സ്ഥാപിക്കാൻ 2018-ലാണ് സുപ്രീംകോടതി ഉത്തരവിട്ടത്.

എന്നാൽ, ഈ വർഷം എട്ടുമാസം പിന്നിടുമ്പോൾ പോലീസ് കസ്റ്റഡിയിൽ 11 മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന മാധ്യമറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജസ്റ്റിസുമാരായ വിക്രംനാഥും സന്ദീപ് മേത്തയും അടങ്ങുന്ന ബെഞ്ച് വിഷയം പരിശോധിക്കാൻ ഉത്തരവിട്ടത്. 2020 ഡിസംബറിൽ സിബിഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി), ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) എന്നിവയുൾപ്പെടെയുള്ള കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഓഫീസുകളിൽ സിസിടിവി കാമറകളും റിക്കാർഡിംഗ് ഉപകരണങ്ങളും സ്ഥാപിക്കാൻ സുപ്രീംകോടതി കേന്ദ്രത്തോടു നിർദേശിച്ചിരുന്നു. പോലീസ് സ്റ്റേഷനുകളിലെ എല്ലാ ഭാഗത്തുനിന്നുള്ള പ്രവേശ, എക്സിറ്റ് പോയിന്റുകൾ, പ്രധാന ഗേറ്റുകൾ, ലോക്കപ്പുകൾ, ഇടനാഴികൾ, ലോബികൾ, സ്വീകരണമുറികൾ, ലോക്കപ്പിനു പുറത്തുള്ള സ്ഥലങ്ങൾ എന്നിങ്ങനെ ഒരു പോലീസ് സ്റ്റേഷന്റെ ഏകദേശം എല്ലാ ഭാഗവും സിസിടിവി കാമറകളാൽ നിരീക്ഷണത്തിലായിരിക്കണമെന്നും കോടതി നിർദേശിച്ചിരുന്നു. ഇക്കാര്യം കൃത്യമായി പാലിക്കുന്നുണ്ടെന്ന് സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഉറപ്പാക്കണമെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും സ്ഥാപിക്കുന്ന സിസിടിവി കാമറകൾ രാത്രി കാഴ്ച സംവിധാനമുള്ളവയാകണം. ഓഡിയോ, വീഡിയോ സംവിധാനം പ്രവർത്തിക്കണം. കാമറകളിൽ ഡാറ്റ കുറഞ്ഞത് ഒരുവർഷത്തേക്കു സൂക്ഷിക്കുന്നതിനുള്ള സംവിധാനം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉറപ്പാക്കണമെന്നും കോടതി ഉത്തരവിൽ പറഞ്ഞിരുന്നു. എന്നാൽ ഉത്തരവ് പലയിടത്തും വേണ്ടവിധത്തിൽ പാലിക്കുന്നില്ലെന്ന കണ്ടെത്തലിലാണ് സുപ്രീംകോടതിയുടെ നടപടി. തൃശൂർ കുന്നംകുളം പോലീസ് സ്റ്റേഷനിൽ എസ്ഐയുടെ നേതൃത്വത്തിൽ യുവാവിനെ തല്ലിച്ചതയ്ക്കുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. രണ്ടു വർഷത്തെ വിവരാവകാശ പോരാട്ടത്തിനുശേഷം പുറത്തുവന്ന ദൃശ്യങ്ങൾ ഏറെ വിവാദമായിരിക്കുന്ന സാഹചര്യത്തിൽ സുപ്രീംകോടതി നടപടി ഏറെ പ്രാധാന്യമർഹിക്കുന്നു.

## സെമി കണ്ടക്ടർ ചിപ്പുകൾ പുറത്തിറക്കി

ന്യൂഡൽഹി: പൂർണമായി ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ സെമികണ്ടക്ടർ ചിപ്പുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് സമ്മാനിച്ചു.



ഇന്ത്യയുടെ സെമി കണ്ടക്ടർ വ്യവസായം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി സംഘടിപ്പിച്ച ‘സെമികോൺ ഇന്ത്യ 2025 കോൺക്ലേവിലാണ് ഇവ പുറത്തിറക്കിയത്. വിക്രം 32-ബിറ്റ് മൈക്രോപ്രോസസറും 4 അംഗീകൃത പദ്ധതികളുടെ ടെസ്റ്റ് ചിപ്പുകളും ഉൾപ്പെടുന്ന ആദ്യത്തെ മെയ്ഡ് ഇൻ ഇന്ത്യ ചിപ്പുകളാണ് മോദിക്കു സമ്മാനിച്ചത്. ഇന്ത്യയിൽ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ 32-ബിറ്റ് മൈക്രോപ്രോസസറായ വിക്രം ഐഎസ്ആർഒയുടെ സെമികണ്ടക്ടർ ലബോറട്ടറിയാണ് വികസിപ്പിച്ചത്. 2009 മുതൽ ഐഎസ്ആർഒയുടെ വിക്ഷേപണ വാഹനങ്ങളുടെ ഏവിയോണിക്സ് സിസ്റ്റങ്ങളിൽ വികസിപ്പിച്ചിരിക്കുന്ന തദ്ദേശീയമായി വികസിപ്പിച്ച 16-ബിറ്റ് വിക്രം മൈക്രോപ്രോസസിന്റെ വിപുലീകരിച്ച രൂപമാണിത്. ഇന്ത്യയുടെ സെമികണ്ടക്ടർ വ്യവസായം നിർണായക വികസനഘട്ടത്തിലാണെന്നും അതിലെ നവീകരണവും നിക്ഷേപവും വളർച്ചയുടെ പുതിയ തരംഗത്തിനു വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## വയനാട്, കാസർഗോഡ് മെഡി. കോളജുകൾക്ക് അനുമതി

തിരുവനന്തപുരം: വയനാട്, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളജുകൾക്കുകൂടി നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായതായി ആരോഗ്യമന്ത്രി വീണാ ജോർജ്. 50 എംബിബിഎസ് സീറ്റുകൾക്ക് വീതമാണ് അനുമതി ലഭിച്ചത്. എൻഎംസി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഒരുക്കിയതിലൂടെയാണ് അംഗീകാരം നേടിയെടുത്തത്. ഇതോടെ ഈ സർക്കാരിന്റെ കാലത്ത് നാല് മെഡിക്കൽ കോളേജുകൾക്കാണ് അംഗീകാരം നേടാനായത്. നടപടിക്രമങ്ങൾ പാലിച്ച് ഈ അദ്ധ്യയനവർഷം തന്നെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.







# ട്രൈസ്റ്റേറ്റ് ഓണാഘോഷം ഒരുമയുടെ പുതുപുത്തൻ അദ്ധ്യായമാക്കി

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിൽ ദർശനമരുളിയ മാവേലി മന്നന്റെ അനുപമ ഗാംഭീര്യവും ജനാവലിയുടെ ഇടമുറിയാത്ത പ്രവാഹവും ഓണക്കോടിയുടുത്തുള്ള ആബാലവൃദ്ധം കുടുംബാംഗങ്ങളുടെ ഘോഷയാത്രയും സ്ത്രീ-പുരുഷാരങ്ങളുടെ ആർപ്പോ ഇർ റോ വിളികളും ചെണ്ടമേളത്തിന്റെ ആരോഹണാവരോഹണങ്ങളും ദേവാംഗനമാരുടെ തിരുവാതിര, അപ്സരാംഗികളുടെ നർത്തനജ്വലനങ്ങളും ഏഴേഴ് വർണ്ണങ്ങൾ പുഷ്പിച്ചു വിരിഞ്ഞ ഓണപ്പൂക്കളവും മയൂരാ റെസ്റ്റോറന്റ് പാകപ്പെടുത്തി തൂശനിലയിൽ വിളമ്പിയ ഓണയൂണിന്റെ തിരക്കും കലാപരിപാടികളുടെ ലാവണ്യവും അഭൗമിക ശബ്ദ വെളിച്ച താളമേളങ്ങളും വിശിഷ്ട വ്യക്തിത്വങ്ങളുടെ പ്രഭാഷണങ്ങളും സിനിമാറ്റിക് സ്റ്റേജും ഒത്തുചേർന്ന് ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷം 2025 അമേരിക്കൻ നാൾവഴികളിൽ ഫിലാഡൽഫിയയിൽ ഒരുമയുടെ പുതുപുത്തൻ അദ്ധ്യായം പൂർണ്ണമാക്കി.



ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ ഓഡിറ്റോറിയത്തിലും അങ്കണങ്ങളിലും ഓഗസ്റ്റ് 23-ന് ശനിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ രാത്രി പത്തു മണി വരെയായിരുന്നു ആഘോഷങ്ങൾ. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ ബിനു മാത്യു, ഫിലാഡൽഫിയ ഇലക്ഷൻ കമ്മീഷണർ സെത്ത് ബ്ലൂസ്റ്റീൻ, ഏഷ്യാനെറ്റ് യുഎസ്എ ചീഫ് എഡിറ്റർ ഡോ. കൃഷ്ണ കിഷോർ, യുഎന്നിലുള്ള പെർമനന്റ് ഇന്ത്യൻ മിഷന്റെ കൗൺസിലർ എൽദോസ് മാത്യു പുന്നൂസ്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറർ ജോർജ് ഓലിക്കൽ, ഓണാഘോഷ സമിതി ചെയർമാൻ അഭിലാഷ് ജോൺ, പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവൽ, എക്സിക്യൂട്ടീവ് വൈസ് ചെയർ പ്രതിനിധി അലക്സ് തോമസ് എന്നിവർ ഓണദീപം തെളിച്ചു. എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജീമോൻ ജോർജ് എം.സിയായി.



പ്രശസ്ത നർത്തകി നിമ്മീദാസ് ഗുരുവായ ഭരതം അക്കാഡമിയിലെ നർത്തകികളുടെ നൃത്തഹാരം, പേരുകേട്ട നർത്തകൻ ബേബി തടവനാൽ നേതൃത്വം നല്കുന്ന മാതാ ഡാൻസ് സ്കൂളിലെ കലാകാരികളും ബേബി തടവനാലും നിറഞ്ഞാടിയ നൃത്തജാലം, മാനവ് സുരേഷിന്റെ ഇൻസ്ട്രമെന്റൽ മ്യൂസിക്, ജോൺ നിഖിലിന്റെ വയലിൻ വാദനം, കാറ്റ്ലിൻ വർഗീസിന്റെ ഭരതനാട്യം, സ്വരസ്-ലിറ്റി, അൻസു, പൂർണിമ, അർച്ചന ടീമിന്റെ ഗാനശില്പം എന്നീ കലായിനങ്ങളാൽ ഒരു മണി മുതൽ മൂന്നു മണിവരെ ഓണമഹോത്സവവേദിയെ തരളിതമാക്കി. പന്തളം ബാലൻ, ഷിജി ഷാനി, ബ്രിജിറ്റ് വിൻസന്റ്, ഫിലിപ്പോസ് ചെറിയാൻ, ജോർജ് നടവയൽ എന്നിവർ എംസിമാരായി.

ഘോഷയാത്രയിൽ മഹാബലിയും (റോഷിൻ പ്ലാമൂട്ടിൽ) താലപ്പൊലിവൃന്ദവും ചെണ്ടമേളവും ജനാവലിയും അണിയണിയായി മുന്നേറി. കേരളാ ഫോറം ഭാരവാഹികൾ ഓണോത്സവ വർണ്ണക്കുടകളും പൊന്നാടകളും എഴുന്നെള്ളിച്ച് ഘോഷയാതയ്ക്ക് വഴിയൊരുക്കി. ചെയർമാൻ ബിനു മാത്യു, ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറർ ജോർജ് ഓലിക്കൽ, ഓണാഘോഷ സമിതി ചെയർമാൻ അഭിലാഷ് ജോൺ, പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവൽ, മുൻ ചെയർമാന്മാരായ അലക്സ് തോമസ്, ജോബി ജോർജ്, ഫീലിപ്പോസ് ചെറിയാൻ, രാജൻ സാമുവേൽ, സുമോദ് നെല്ലിക്കാല, സുധാ കർത്താ, സുരേഷ് നായർ, ജീമോൻ ജോർജ്, റോണി വർഗീസ്, ജോർജ് നടവയൽ, എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ തോമസ് പോൾ, പ്രോഗ്രാം പ്രൊഡ്യൂസർ അരുൺ കോവാട്ട്, കർഷകരത്നാ കോ-ഓർഡിനേറ്റർമാരായ ജോൺ പണിക്കർ, ജോർജുകുട്ടി ലൂക്കോസ്, ജോ. ട്രഷറർ അലക്സ് ബാബു, വിമൻസ് ഫോറം ചെയർ ആഷാ അഗസ്റ്റിൻ, ആഘോഷസമിതി കോ-ഓർഡിനേറ്റർമാരായ ബ്രിജിറ്റ് വിൻസെന്റ്, ശോശാമ്മ ചെറിയാൻ, സെലിൻ ഓലിക്കൽ എന്നിവർ ഘോഷയാത്രയ്ക്ക് മുൻനിരയൊരുക്കിയപ്പോൾ രാജൻ സാമുവലും സുരേഷ് നായരും ഘോഷയാത്രാ വിളംബരം നിർവഹിച്ചു.

ലാസ്യാ ഡാൻസ് അക്കാഡമിയുടെ ഗുരു ആശ അഗസ്റ്റിൻ ചിട്ടപ്പെടുത്തിയ മെഗാതിരുവാതിരയിൽ നൂറ് അംഗനമാർ പങ്കെടുത്തു. സുരേഷ് നായർ ക്രമപ്പെടുത്തിയ ഓണപ്പൂക്കളം ഗൃഹാതുരത്വത്തിന്റെ നേർക്കാഴ്ച പകർന്നു. എക്സ്റ്റൺ പഞ്ചവാദ്യാ സംഘത്തിന്റെ പഞ്ചാരിമേളം ജനാവലിയെ മണിക്കൂറുകൾ ത്രസിപ്പിച്ചു. കേരളാ ഫോറം തിരുവോണോത്സവ ക്രമീകരണങ്ങളുടെ മീഡിയാ പ്രസന്റേഷന് ഏഷ്യാനെറ്റ് ഫെയിം അരുൺ കോവാട്ട് നേതൃത്വം നല്കി.



ചെയർമാൻ ബിനു മാത്യു അദ്ധ്യക്ഷപ്രസംഗം നിർവഹിച്ചു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം മാൻ ഓഫ് ദി ഇയർ അവാർഡ് ഏഷ്യാനെറ്റ് യുഎസ്എ ചീഫ് എഡിറ്റർ ഡോ. കൃഷ്ണ കിഷോറിനു സമ്മാനിച്ചു. കൃഷ്ണ കിഷോർ ഓണസന്ദേശം നല്കി. കേരളാ ഫോറം കഴിഞ്ഞ 23 വർഷമായി തുടരുന്ന ഓണാഘോഷം ലോകമെമ്പാടുമുള്ള മലയാളികൾക്ക് ആവേശം പകരുന്നതാണെന്നും മഹാബലിച്ചക്രവർത്തിയെ ലോകത്ത് ആദ്യമായി ഹെലിക്കോപ്റ്ററിൽ എഴുന്നെള്ളിച്ചതിലൂടെ നവയുഗ ഓണസന്ദേശം ഉജ്വലമാക്കുന്നതിൽ ട്രൈസ്റ്റേറ്റ് കേരളാ ഫോറം പ്രദർശിപ്പിച്ച നവീനത കിടയറ്റതാണെന്നും കൃഷ്ണ കിഷോർ വ്യക്തമാക്കി.

മലയാളി സംഘടനകൾ തമ്മിലുള്ള അപൂർവ ഐക്യത്തിന്റെ ഉന്നതമാതൃകയായി ട്രൈസ്റ്റേറ്റ് കേരളാ ഫോറം നടത്തുന്ന ആഘോഷങ്ങളെ കാലം രേഖപ്പെടുത്തിയിരിക്കുന്നു എന്ന് യുഎന്നിലുള്ള പെർമനന്റ് ഇന്ത്യൻ മിഷന്റെ കൗൺസിലർ എൽദോസ് മാത്യു പുന്നൂസ് പ്രസ്താവിച്ചു. മോണ്ട്ഗോമറി കൗണ്ടി കോർട്ട് ഓഫ് കോമൺ പ്ലീസ് ജഡ്ജ് സ്ഥാനാർത്ഥി അറ്റേണി ലോറൻ ഹ്യൂസ് ഓണാശംസകൾ നേർന്നു പ്രസംഗിച്ചു. ഓണാഘോഷ സമിതി ചെയർമാൻ അഭിലാഷ് ജോൺ സ്വാഗതവും ട്രഷറർ ജോർജ് ഓലിക്കൽ നന്ദിയും പറഞ്ഞു. ജനറൽ സെക്രട്ടറി സാജൻ വർഗീസ് പൊതുസമ്മേളനത്തിന് എംസിയായി. അവാർഡ് നിർണ്ണയ സമിതി ചെയർമാൻ റോണി വർഗീസ് പ്രശംസാപത്രം വായിച്ചു. ഷോൺ മാത്യു അമേരിക്കൻ ദേശീയഗാനവും അബിയ മാത്യു ഇന്ത്യൻ ദേശീയഗാനവും ആലപിക്കുന്നതിനു നേതൃത്വം നല്കി.

ട്രൈസ്റ്റേറ്റ് കേരളാഫോറം സാമൂഹിക സേവന പുരസ്കാരങ്ങൾ പ്രമുഖ സംരംഭകൻ മണിലാൽ മത്തായി, അറ്റേണി



ലെനോ തോമസ്, കെവികെ (ടെക്) ഡോ. അനിതാ ജോർജ് സിആർഎൻപി എന്നിവർക്കും ട്രൈസ്റ്റേറ്റ് കേരളാ ഫോറം പ്രസിഡൻഷ്യൽ അവാർഡ് ജോർജ് നടവയലിനും സമ്മാനിച്ചു. അവാർഡ് സമ്മേളനത്തിന് മുതിർന്ന മാധ്യമ പ്രവർത്തകൻ വിൻസെന്റ് ഇമ്മാനുവേൽ നേതൃത്വം വഹിച്ചു. ജോ. സെക്രട്ടറി സുമോദ് നെല്ലിക്കാല, ജോ. ട്രഷറർ അലക്സ് ബാബു എന്നിവർ എംസിമാരായി.

സുന്ദരമായി ഓണക്കോടി അണിഞ്ഞെത്തിയ ജോഡികൾക്കുള്ള കാഷ് അവാർഡ് വിനോദ്-അനു ദമ്പതിമാർ നേടി. ശോശാമ്മ ചെറിയാൻ, ബ്രിജിറ്റ് വിൻസെന്റ്, സെലിൻ ഓലിക്കൽ എന്നിവരായിരുന്നു മൂല്യനിർണ്ണയം ചെയ്തത്. വിളവെടുപ്പുത്സവമാണ് തിരുവോണം എന്ന ഓർമ്മ പുതുക്കിക്കൊണ്ട് ട്രൈസ്റ്റേറ്റ് കേരളാ ഫോറം കർഷകരത്നം 2025 അവാർഡ് ജേതാവായി തോമസ് മാത്യു എവർ റോളിങ് ട്രോഫിയും കാഷ് പ്രൈസും നേടി. ജെയിംസ് ഡാനിയൽ, സുനിൽ സഖറിയ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. ജോൺ പണിക്കർ, ജോർജുകുട്ടി ലൂക്കോസ്, അലക്സ് തോമസ്, സുധാ കർത്ത എന്നിവരായിരുന്നു വിധികർത്താക്കൾ.






വിൻസെന്റ് ഇമ്മാനുവേൽ പ്രോഗ്രാം കോ-ഓർഡിനേറ്ററായി അവതരിപ്പിച്ച വിവിധ കലാപരിപാടികൾ രാവേറെയും കടന്ന് ജനസാഗര ഹൃദയങ്ങളെ ഓണനിലാവണിയിച്ചു. പ്രശസ്ത ഗായകൻ അഫ്സലിന്റെ നേതൃത്വത്തിൽ സിനിമാ ഗായകർ അവതരിപ്പിച്ച ഗാനമേള ട്രൈസ്റ്റേറ്റ് കേരളാ ഫോറം 2025 ഓണാഘോഷത്തിന്റെ ഹൈലൈറ്റായി അലയടിച്ചു. വിൻസെന്റ് ഇമ്മാനുവേലിന്റെ ജനസമ്പർക്ക ചാതുര്യവും ചെയർമാൻ ബിനു മാത്യു, ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറർ ജോർജ് ഓലിക്കൽ, ഓണാഘോഷ ചെയർമാൻ അഭിലാഷ് ജോൺ എന്നിവരുടെ സംഘാടക മികവും ട്രൈസ്റ്റേറ്റ് കേരളാ ഫോറം 2025 ഓണാഘോഷത്തിന് വൻജനപങ്കാളിത്തം ഒരുക്കിയെന്ന് ഇരുപത്തിയഞ്ചംഗ കേരളാ ഫോറം ഭരണസമിതി ഒരേസ്വരത്തിൽ 'ആർപ്പോ ഇർറോ...' വിളികളാൽ ആവർത്തിച്ചു.





# തെരുവുനായ്ക്കളെ തുരത്താൻ ഇലക്ട്രോണിക് വടി

കോഴിക്കോട്: കേരളത്തിലെങ്ങും തെരുവുനായ്ക്കൾ ജനജീവിതത്തിനു ഭീഷണി ഉയർത്തുമ്പോൾ തെരുവുനായ്ക്കളെ തുരത്താൻ ഇലക്ട്രോണിക് വടിയെന്ന ആശയം വികസിപ്പിച്ചെടുത്ത് വിദ്യാർത്ഥികൾ. മലപ്പുറം അരീക്കോട് വടശേരി ഗവ. ഹൈസ്കൂളിലെ മൂന്നു പൂർവവിദ്യാർത്ഥികൾ വികസിപ്പിച്ച മാജിക് വടിയുടെ ആശയത്തിനു പേറ്റന്റ് നേടാനുള്ള ശ്രമം നടക്കുകയാണ്. സ്കൂളിലെ ഫിസിക്സ് അദ്ധ്യാപകൻ കോഴിക്കോട് ചേളന്നൂർ സ്വദേശി കെ. പ്രഗിത്താണ് മെന്റർ.



തെരുവു നായ്ക്കളെ ഓടിക്കാൻ ഇലക്ട്രോണിക് വടിയുമായി പി. അഭിഷേക്, വി.പി. നിഹാൽ, സാദിൻ മുഹമ്മദ് സുബൈർ എന്നിവർ മെന്റർ കെ. പ്രഗിത്തിനൊപ്പം.

ബട്ടൺ ഘടിപ്പിച്ച 40 സെന്റിമീറ്റർ നീളത്തിലുള്ള വടി ഉപയോഗിച്ച് അഞ്ചു വിധത്തിൽ നായ്ക്കളെ തുരത്താമെന്നതാണു സവിശേഷത. സ്വിച്ചിട്ടാൽ വടി അൾട്രാസോണിക് ശബ്ദം പുറപ്പെടുവിക്കുന്നതാണു ഒരു രീതി. മനുഷ്യർക്ക് ഈ ശബ്ദം കേൾക്കാൻ പറ്റില്ല. എന്നാൽ നായ്ക്കൾക്ക് അരോചകമായ ശബ്ദമായതിനാൽ അവ ഉടൻ സ്ഥലംവിടും. വടിയിൽ ലൗഡ് സ്പീക്കർ ഘടിപ്പിച്ചിട്ടുണ്ട്. പടക്കംപൊട്ടുന്ന ശബ്ദമടക്കം ഇതിൽ ഉൾപ്പെടുത്താം. നായ്ക്കൾ ശബ്ദംകേട്ട് ഓടിപ്പോകും. തെരുവുനായ്ക്കളുടെ കണ്ണിലേക്ക് അടിക്കുന്നതിനുള്ള ലൈറ്റാണു മറ്റൊന്ന്. നായ്ക്കൾക്കു ഷോക്ക് ഏൽപ്പിക്കുന്നതിനുള്ള സംവിധാനവും ഇതിലുണ്ട്. വടിയുടെ അറ്റത്താണ് രണ്ടു കമ്പികൾ ഘടിപ്പിക്കുക. ഇതിലൂടെ വൈദ്യുതി പ്രവഹിക്കും. ഷോക്ക് ഏൽക്കുമ്പോൾ നായ്ക്കൾ ജീവനുംകൊണ്ട് ഓടും. കടിക്കാൻവരുന്ന നായ്ക്കൾക്കുനേരെ കുരുമുളക് പൊടി സ്പ്രേ ചെയ്യുന്നതാണ് അവസാനത്തേത്. കുരുമുളകിനു പകരം രാസവസ്തുക്കളും ഉപയോഗിക്കാൻ പറ്റും. ബാഗിൽ വെക്കാവുന്ന വടി എപ്പോഴും കൈയിൽ കരുതണം.

പത്താം ക്ലാസിൽ പഠിക്കുമ്പോൾ കഴിഞ്ഞവർഷമാണ് പി. അഭിഷേക്, വി.പി. നിഹാൽ, സാദിൻ മുഹമ്മദ് സുബൈർ എന്നിവർ ചേർന്ന് ഈ ആശയം വികസിപ്പിച്ചെടുത്തത്. ഇതേ സ്കൂളിൽ പ്ലസ് വണ്ണിനു പഠിക്കുകയാണ് ഇവരിപ്പോൾ. ഡൽഹിയിൽ സംഘടിപ്പിച്ച ഇന്നവേഷൻ മാരത്തണിൽ ഈ ആശയം സമ്മാനം നേടിയിരുന്നു.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണു കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിന് ആശയങ്ങൾ സമർപ്പിക്കാൻ മത്സരം സംഘടിപ്പിച്ചിരുന്നത്. ഇതിൽ ഇന്ത്യയിൽനിന്ന് 27 ടീമുകൾ തെരഞ്ഞെടുക്കപ്പെട്ടു. അതിലൊന്നാണ് വടശേരി ഗവ. ഹൈസ്കൂൾ.

ആശയത്തിന്റെ വർക്കിംഗ് മോഡലുമായാണു വിദ്യാർത്ഥികൾ ഡൽഹിയിൽ പ്രദർശനത്തിനു പോയത്. വർക്കിംഗ് മോഡൽ ഉണ്ടാക്കുന്നതിനു കേന്ദ്രസർക്കാർ അര ലക്ഷം രൂപ നൽകിയിരുന്നു. ഡൽഹിയിൽ നോയ്ഡ ഗൽഗോഷ്യ യൂണിവേഴ്സിറ്റിയിൽ ഈ പ്രോഡക്ട് വിപണിയിലിറക്കുന്നതിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

# മധ്യപ്രദേശിൽ നവജാതശിശുക്കളെ എലി കടിച്ചു

ഇൻഡോർ: മധ്യപ്രദേശിലെ ഇൻഡോറിൽ സർക്കാർ ആശുപത്രിയിൽ രണ്ട് നവജാത ശിശുക്കൾക്ക് എലിയുടെ കടിയേറ്റു. ഇൻഡോറിലെ മഹാരാജ യശ്വന്ത്റാവു ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ കഴിഞ്ഞിരുന്ന കുട്ടികളെയാണ് എലി കടിച്ചുപറിച്ചത്.

ഒരാഴ്ചമാത്രം പ്രായമുള്ള കുരുന്നുകളെ ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. എലിയുടെ കടിയേറ്റ ഒരു കുട്ടി മരണത്തിനു കീഴടങ്ങി. ന്യൂമോണിയ ബാധിച്ചതാണു മരണകാരണമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

ദേഹത്ത് പരിക്കുകൾ ശ്രദ്ധയിൽപ്പെട്ട നേഴ്സുമാരാണ് അധികൃതരെ വിവരം അറിയിച്ചത്. തുടർന്ന് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണു കുട്ടികൾക്കു പരുക്കേറ്റത് വ്യക്തമായത്. ഒരു കുട്ടിയുടെ വിരലിലും മറ്റൊരു കുട്ടിയുടെ തലയിലും തോളിലുമാണ് എലി കടിച്ചത്. മധ്യപ്രദേശിലെ ഏറ്റവും വലിയ സർക്കാർ ആശുപത്രിയിൽ അണുനശീകരണം നടത്തിയിട്ട് അഞ്ച് വർഷമായെന്ന് സൂപ്രണ്ട് അറിയിച്ചു. സംഭവത്തിന്റെ പശ്ചാത്തലത്തിൽ രണ്ട് നേഴ്സുമാരെയും സുപ്രണ്ടിനെയും സസ്പൻഡ് ചെയ്തു. ആശുപത്രിവളപ്പ് വൃത്തിയാക്കാനുള്ള കരാർ നേടിയ കമ്പനിക്ക് ഒരുലക്ഷംരൂപ പിഴയും വിധിച്ചു. എലി കടിച്ചതല്ല കുട്ടിയുടെ മരണകാരണമെന്നാണ് ആശുപത്രിയുടെ വാദം. കുട്ടിക്ക് 1.20 കിലോ മാത്രമാണ് തൂക്കം. ഗുരുതരാവസ്ഥയിലാണു കുട്ടിയെ എത്തിച്ചതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

# പൗരത്വ ഭേദഗതി നിയമത്തിൽ ഇളവ് അനുവദിച്ചു

ന്യൂഡൽഹി: അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ അയൽ രാജ്യങ്ങളിൽനിന്ന് 2024 ഡിസംബർ 31-നോ അതിനുമുമ്പോ ഇന്ത്യയിൽ പ്രവേശിച്ച ഹിന്ദു, സിഖ്, ബുദ്ധ, ജെയിൻ, പാഴ്സി, ക്രിസ്ത്യൻ ന്യൂനപക്ഷ സമുദായങ്ങളിൽപെട്ടവർക്ക് കുടിയേറ്റ വിദേശി നിയമം 2025 പ്രകാരമുള്ള ശിക്ഷയിൽനിന്ന് ഇളവ് അനുവദിച്ചു കേന്ദ്രസർക്കാർ.

പൗരത്വഭേദഗതി നിയമപ്രകാരം നിർദിഷ്ട രാജ്യങ്ങളിൽനിന്ന് 2014 ഡിസംബർ 31-നു മുമ്പ് ഇന്ത്യയിലെത്തിയ മുസ്‌ലിം ഇതര ന്യൂനപക്ഷ സമുദായങ്ങൾക്ക് പൗരത്വത്തിന് അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരുന്നു.

എന്നാൽ, പുതിയ ഉത്തരവു പ്രകാരം 2024 ഡിസംബർ 31 വരെ ഇന്ത്യയിൽ പ്രവേശിച്ച മുസ്‌ലിം ഇതര ന്യൂനപക്ഷങ്ങൾക്ക് കുടിയേറ്റ വിദേശി നിയമപ്രകാരമുള്ള ശിക്ഷയിലാണ് ഇളവ് അനുവദിച്ചിരിക്കുന്നത്.

ഇവർക്കു പൗരത്വത്തിന് അപേക്ഷിക്കാമോയെന്ന കാര്യം കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ബിഹാറിലും പശ്ചിമബംഗാളിലും നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെയാണു കേന്ദ്രത്തിന്റെ സുപ്രധാന നീക്കം.

രാജ്യവ്യാപകമായ പ്രതിഷേധത്തിനു പിന്നാലെ കഴിഞ്ഞവർഷം മാർച്ചിലാണ് പൗരത്വ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത്.

2019 ഡിസംബറിൽ പാർലമെന്റ് പാസാക്കിയെങ്കിലും നാലു വർഷത്തിനുശേഷമാണ് നിയമം പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ പുറത്തിറക്കുന്നത്.

ഇതിനിടയിലാണ് കുടിയേറ്റ വിദേശി നിയമം 2025 പ്രകാരമുള്ള ശിക്ഷായിളവിൽ അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ അയൽരാജ്യങ്ങളിൽനിന്നുള്ള മുസ്‌ലിം ഇതര ന്യൂനപക്ഷ സമുദായങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് കേന്ദ്ര സർക്കാർ ഇറക്കുന്നത്.

നേപ്പാളിലെ ഇന്ത്യൻ എംബസി നൽകിയ പ്രത്യേക അനുമതി വഴി 1959-നും 2003 മേയ് 30-നുമിടയിൽ ഇന്ത്യയിലേക്കു പ്രവേശിച്ചതും ബന്ധപ്പെട്ട രജിസ്ട്രേഷൻ ഓഫീസർ വഴി രജിസ്റ്റർ ചെയ്തതുമായ നേപ്പാൾ, ഭൂട്ടാൻ, ടിബറ്റൻ പൗരന്മാർക്കും കുടിയേറ്റ വിദേശി നിയമം 2025 പ്രകാരമുള്ള ശിക്ഷയിൽനിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്.

എന്നാൽ, ചൈന, മക്കാവു, ഹോംങ്കോംഗ്, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ വഴി ഇന്ത്യയിൽ പ്രവേശിച്ച നേപ്പാൾ, ഭൂട്ടാൻ പൗരന്മാർക്ക് ഇളവിന് അർഹതയില്ല.

# പി.ജെ. ജോസഫിന്റെ കേരള കോൺഗ്രസിന് ഓട്ടോറിക്ഷാ ചിഹ്നം

തിരുവനന്തപുരം: വരുന്ന് തദ്ദേശ തെരഞ്ഞെടുപ്പിൽ പി.ജെ. ജോസഫിന്റെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസിന് ഓട്ടോറിക്ഷാ ചിഹ്നത്തിൽ തന്നെ മത്സരിക്കാം. ഇതിനായി പാർട്ടി നൽകിയ അപേക്ഷ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ റജിസ്ട്രേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനാൽ കേരള കോൺഗ്രസിനുള്ള ചിഹ്നമായി കസേരയാണ്, തദ്ദേശ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്ന സംസ്ഥാന കമ്മീഷൻ മാറ്റിവച്ചിരുന്നത്. എന്നാൽ, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഓട്ടോറിക്ഷാ ചിഹ്നത്തിൽ മത്സരിച്ചിരുന്നതിനാൽ അതേ ചിഹ്നത്തിൽ തന്നെ തദ്ദേശ തെരഞ്ഞെടുപ്പിലും മത്സരിക്കാനായിരുന്നു പാർട്ടിക്കു താൽപര്യം. കഴിഞ്ഞ ഏപ്രിൽ 30-നു കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ കേരള കോൺഗ്രസിനെ സംസ്ഥാന പാർട്ടിയായി അംഗീകരിച്ച് 'ഓട്ടോറിക്ഷ' ചിഹ്നമായി അനുവദിച്ചു. ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഉൾപ്പെടെ ഹാജരാക്കി മേയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് പാർട്ടി അപേക്ഷ നൽകി. തുടർന്നാണു തദ്ദേശ തെരഞ്ഞെടുപ്പിൽ ഓട്ടോറിക്ഷ അനുവദിച്ച് സംസ്ഥാന കമ്മീഷൻ ഉത്തരവിറക്കിയത്.






# എംഡി സ്ട്രൈക്കേഴ്സ് കരോലിന ചാമ്പ്യൻസ് കപ്പ് സോക്കർ ചാമ്പ്യന്മാർ





നോർത്ത് കരോലിന: നോർത്ത് കരോലിനയിൽ ലേബർഡേ വീക്കെൻഡിൽ സികെഎസ്സി വാരിയേഴ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന ചാമ്പ്യൻസ് കപ്പ് സോക്കർ ടൂർണമെന്റിൽ മേരിലാൻഡ് എംഡി സ്ട്രൈക്കേഴ്സ് ചാമ്പ്യന്മാരായി.

ആവേശകരമായ ഫൈനലിൽ ആതിഥേയരായ സികെഎസ്സി വാര്യേഴ്സിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് എംഡി സ്ട്രൈക്കേഴ്സ് ജേതാക്കളായത്.

എംഡി സ്ട്രൈക്കേഴ്സിന്റെ ആസിഫ് എംവിപി അവാർഡും മൃദുൽ ഗോൾഡൺ ബൂട്ട് അവാർഡും മല്ലൂമിനാറ്റിയുടെ ഷിജു തോമസ് ബെസ്റ്റ് ഗോളി പുരസ്കാരവും നേടി. ജോക്സൺ ഫൈനലിലെ പെർഫോമൻസിന്

**റെജി തോമസ്**

സ്പെഷൽ അവാർഡ് നേടി.

സികെഎസ്സി കുടുംബാംഗങ്ങളുടെ വർണ്ണാഭമായ ഉദ്ഘാടനച്ചടങ്ങുകൾ ടൂർണമെന്റിന്റെ മാറ്റ് കൂട്ടി.

## വിമാനങ്ങളുടെ സുരക്ഷ വർധിപ്പിക്കും: ഡിജിസിഎ

ന്യൂഡൽഹി: വിമാനയാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ വർധിപ്പിക്കുന്നതിനുള്ള നടപടിയുമായി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ). പൈലറ്റുമാരുടെ ജോലി സമയം ക്രമീകരിക്കുന്നതിലൂടെ ദീർഘനേരത്തേക്കുള്ള ജോലി, ഉറക്കക്കുറവ്, ക്ഷീണം എന്നിവ ഒഴിവാക്കി യാത്രക്കാരുടെയും വിമാനത്തിന്റെയും സുരക്ഷ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് ഡിജിസിഎ വിമാനക്കമ്പനികൾക്കു നൽകിയ നിർദേശം.

ജോലിഭാരം നിമിത്തമുണ്ടാകുന്ന മാനസിക, ശാരീരിക ബുദ്ധിമുട്ടുകൾ മറികടക്കുന്നതിലൂടെ ക്രൂ അംഗങ്ങളുടെ ജാഗ്രത വർധിപ്പിച്ച് വിമാനം സുരക്ഷിതമാകുന്നതിന് സഹായിക്കുമെന്നാണ് ഡിജിസിഎ വ്യക്തമാക്കുന്നത്. ഇതിനായി ഫ്ളൈറ്റ് റിപ്പോർട്ടിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തും. ഇതിൽ ക്രൂ അംഗങ്ങളുടെ ജോലിയുടെ സമയക്രമം അടക്കമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. ഡിജിസിഎയുടെ പുതിയ നിർദേശപ്രകാരം ക്രൂ അംഗങ്ങളുടെ വിശ്രമത്തിനും മതിയായ ഉറക്കത്തിനും സമയം നൽകേണ്ടത് വിമാനക്കമ്പനികളുടെ ഉത്തരവാദിത്വമാണ്. ക്രൂ അംഗങ്ങളുടെ വിശ്രമമില്ലായ്മ നിമിത്തമുണ്ടാകുന്ന അപകടസാധ്യത കുറയ്ക്കേണ്ടതും വിമാനക്കമ്പനികളുടെ ഉത്തരവാദിത്തമാണെന്ന് ഡിജിസിഎ വ്യക്തമാക്കുന്നു. ഇതോടൊപ്പം ജോലിയില്ലാത്ത സമയം പരമാവധി വിശ്രമത്തിന് ഉപയോഗിക്കേണ്ടത് ക്രൂ അംഗങ്ങളുടെ ചുമതലയാണ്.

ഏതെങ്കിലും തരത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ക്രൂ അംഗങ്ങൾ ഫ്ളൈറ്റ് ഓപ്പറേറ്ററോട് റിപ്പോർട്ട് ചെയ്യണം. അവരോട് ആ ഷിഫ്റ്റിൽ ജോലിയിൽ പ്രവേശിക്കാൻ വിമാനക്കമ്പനികൾ ആവശ്യപ്പെടരുത്. ഇത്തരക്കാർക്കുവേണ്ടി ശിക്ഷാനടപടികളില്ലാത്ത നയം വിമാനക്കമ്പനികൾ രൂപപ്പെടുത്തണമെന്നും ഡിജിസിഎ വ്യക്തമാക്കി.

ഡിജിസിഎയുടെ പുതിയ പരിഷ്കാരനിർദേശം വിമാനക്കമ്പനികൾക്കു സാമ്പത്തികനഷ്ടമുണ്ടാക്കും. ജോലിസമയം കുറച്ചാൽ കൂടുതൽ ആളുകളെ നിയമിക്കേണ്ടിവരും. അത് കൂടുതൽ സാമ്പത്തികബാധ്യത ഉണ്ടാക്കുമെന്നും വിമാനക്കമ്പനികൾ പ്രതികരിച്ചു.

## ചിക്കാഗോയിൽ അന്തരിച്ച പോൾ ജോസഫ് ഇല്ലിക്കുന്നുംപുറത്തിന്റെ സംസ്കാരം സെപ്റ്റംബർ 10–ന് ബുധനാഴ്ച

ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച തൊടുപുഴ ഇല്ലിക്കുന്നുംപുറത്ത് പോൾ ജോസഫിന്റെ (70) സംസ്കാരം സെപ്റ്റംബർ 10-ന് ബുധനാഴ്ച നടത്തപ്പെടും. ബെൻസെൻവിൽ (ചിക്കാഗോ) സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ രാവിലെ 8 മണി മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് പ്രാർത്ഥനാ ശുശ്രൂഷകൾക്കും ദിവ്യബലിക്കും ശേഷം ഹിൽസൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ സെമിത്തേരിയിൽ സംസ്കാരം നടക്കും.

**മാതാപിതാക്കൾ:** തൊടുപുഴ ഇല്ലിക്കുന്നുംപുറത്ത് പരേതരായ ഇ.പി. ജോസഫ്-ഏലിയാമ്മ (തോട്ടുങ്കൽ, മ്രാല).

**ഭാര്യ:** ഷൈലി എറണാകുളം മട്ടോഴിത്താഴത്ത് കുടുംബാംഗം.

**മക്കൾ:** അരുൺ & ചിന്നുക്കുട്ടി (മുള്ളൂർ), സംക്രാന്തി)-ദുബായ്

കിരൺ & അനീജമോൾ (ചൂരവേലി കുടിലിൽ, കല്ലറ)-ചിക്കാഗോ

വരുൺ & ആൽഫി (കലയക്കുന്നേൽ, മാനന്തവാടി) -ചിക്കാഗോ)

**കൊച്ചുമക്കൾ:** ഇവ മരിയ, ഇസബെല്ല, ഹെസ്ലിൻ എലിസ ആൻഡ് പോൾ ഇല്ലിക്കുന്നുംപുറത്ത്



**സഹോദരങ്ങൾ:** എൽസമ്മ & പരേതനായ ജോയി (കണ്ടാരപ്പള്ളിൽ, കുറുപ്പന്തറ)-ചിക്കാഗോ

മേഴ്സി & പരേതനായ ജോസഫ് (കൂപ്ലിക്കാട്ട്, കണ്ണങ്കര)-ചിക്കാഗോ

വിൻസന്റ് ജോസഫ്-ചിക്കാഗോ

ടെസ്സി & പരേതനായ രാജൻ (കുടിലിൽ, പിറവം)-ചിക്കാഗോ

ജെസ്സി & സാബു (ചെരുവുംകാലായിൽ, കുറുപ്പന്തറ)-ചിക്കാഗോ

സാജൻ & നിമ്മി (മാക്കീൽ, കോതനല്ലൂർ)-ചിക്കാഗോ

സിജി & മാത്തുക്കുട്ടി (പായിക്കാട്ട് പുത്തൻപുരയിൽ, രാമപുരം)-ചിക്കാഗോ

തോമസ്കുട്ടി (സുജിത് ജോസഫ്)-ചിക്കാഗോ



# ഇല്ലിനോയ് മലയാളി അസോസിയേഷന്റെ ഓണാഘോഷം വർണ്ണാഭമായി






ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ പ്രവാസി സംഘടനകളിൽ പ്രമുഖമായ ഇല്ലിനോയ് മലയാളി അസോസിയേഷന്റെ (ഐ.എം.എ) ഓണാഘോഷം വർണ്ണാഭമായി. സെപ്റ്റംബർ 5-ന് വൈകുന്നേരം ഡെസ്‌പ്ലെയിൻസിലുള്ള കെ.സി.എസ് കമ്യൂണിറ്റി സെന്ററിൽ വെച്ച് ചിക്കാഗോ കോൺസുൽ ജനറൽ സോംനാഥ് ഘോഷ് ആഘോഷപരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. ലിൻസ് ജോസഫ്, ജോയ് പീറ്റേഴ്സ്, പ്രവീൺ തോമസ്, ജോൺസൻ കണ്ണൂക്കാടൻ, റവ. ജെയിംസ് തോമസ്, സാം ജോർജ് എന്നിവർ പ്രസംഗിച്ചു.

ഐ.എം.എയിലെ പതിറ്റാണ്ടുകൾ നീണ്ട അതിവിശിഷ്ട സേവനത്തിന് ചന്ദ്രൻപിള്ളയെ യോഗത്തിൽ ആദരിച്ചു. വിഭവസമൃദ്ധമായ ഓണസദ്യയ്ക്കുശേഷം വാദ്യമേളങ്ങളുടെയും താലപ്പൊലിയുടെയും അകമ്പടിയോടെ മാവേലിത്തമ്പുരാന്റെ എഴുന്നള്ളത്തും പൂക്കളവും തിരുവാതിരയും കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികളും ഉണ്ടായിരുന്നു. ജോബി പാലായുടെ മിമിക്രി ശ്രദ്ധേയമായി.

പ്രസിഡണ്ട് ജോയി പീറ്റേഴ്സ് ഇണ്ടിക്കുഴിയുടെയും എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രജിൽ അലക്സാണ്ടർ, ഷാനി ഏബ്രഹാം, സ്റ്റീഫൻ ചൊള്ളമ്പേൽ, ജോസി കുരിശുങ്കൽ, ലിൻസ് ജോസഫ്, ജോർജ് മാത്യു, ഓണാഘോഷ കോ-ഓർഡിനേറ്റർ സാം ജോർജ് എന്നിവരുടെയും നേതൃത്വത്തിലാണ് ആഘോഷങ്ങൾ ക്രമീകരിച്ചത്. ജോർജ് പണിക്കർ, സിമി ബോബി മംഗ്ലാവിൽ എന്നിവർ എംസിമാരായിരുന്നു.

## 2000 രൂപ നോട്ടുകളിൽ 98.33 ശതമാനവും തിരികെയെത്തി

കൊല്ലം: റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പിൻവലിച്ചതിനുശേഷവും തിരിച്ചെത്താനുള്ളത് 5,956 കോടിയുടെ 2000 രൂപ നോട്ടുകൾ. ബാങ്കിന്റെ 2025 ഓഗസ്റ്റ് 31-ലെ കണക്കുകൾ പ്രകാരം 98.33 ശതമാനം നോട്ടുകളും തിരികെയെത്തി. 2023 മേയ് 19-നാണ് ഇന്ത്യയിൽ 2000 രൂപയുടെ കറൻസികൾ പിൻവലിച്ചത്. അന്ന് പ്രചാരത്തിലുണ്ടായിരുന്ന 2000 രൂപ നോട്ടുകളുടെ ആകെ മൂല്യം 3.56 ലക്ഷം കോടി രൂപയായിരുന്നു. ഇതാണ് കഴിഞ്ഞ 31 വരെ 5,956 കോടിയായി ചുരുങ്ങിയത്. 2023 മേയ് 19 മുതൽ ഈ നോട്ടുകൾ മാറ്റിയെടുക്കാനുള്ള സൗകര്യം റിസർവ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകളിൽ ലഭ്യമാണ്.

2023 ഒക്ടോബർ ഒമ്പത് മുതൽ ഈ ഓഫീസുകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് നോട്ടുകളുടെ നിക്ഷേപം സ്വീകരിക്കലും ആരംഭിച്ചു. ഇത് കൂടാതെ വ്യക്തികൾക്ക് ഇന്ത്യയിലെ ഏത് പോസ്റ്റ് ഓഫീസിൽ നിന്നും ഇന്ത്യ പോസ്റ്റ് വഴി 2000 രൂപയുടെ നോട്ടുകൾ ആർബിഐ ഇഷ്യൂ ഓഫീസുകളിലേക്ക് അയച്ച് അവരുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റുംചെയ്യാം. അഹമ്മദാബാദ്, ബംഗളൂരു, ബേലാപൂർ, ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡിഗഡ്, ചെന്നൈ, ഗുവഹാത്തി, ഹൈദരാബാദ്, ജയ്പുർ, ജമ്മു, കാൺപുർ, കൊൽക്കത്ത, ലക്നൗ, മുംബൈ, നാഗ്പുർ, ന്യൂഡൽഹി, പാറ്റ്ന, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് റിസർവ് ബാങ്കിന്റെ ഇഷ്യൂ ഓഫീസുകൾ പ്രവർത്തിക്കുന്നത്.

## വനമേഖലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഒറ്റ ബോർഡിനു കീഴിലാക്കും

കോട്ടയം: വനമേഖലയിലെ എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി വനംവകുപ്പിനുകീഴിൽ 'കേരള വനം ഇക്കോ ടൂറിസം വികസനബോർഡ്' രൂപവത്കരിക്കുന്നു. ഇതിനുള്ള കരട് ബിൽ മന്ത്രിസഭ വിവിധ വകുപ്പുകളുടെ പരിശോധനക്കയച്ചു.

വനമേഖലയിലെ ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട സംഘങ്ങൾ, കടുവാ സംരക്ഷണ ഫൗണ്ടേഷൻ, വനം വികസന ഏജൻസികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ തുടങ്ങിയവയെല്ലാം പുതിയ ബോർഡിന് കീഴിലാകും. സാമ്പത്തികനിയന്ത്രണം കാരണം പുതിയ ബോർഡിനുവേണ്ടി തസ്തികകൾ സൃഷ്ടിക്കില്ല. ബോർഡ് പ്രവർത്തനത്തിന് നിധി സ്വരൂപിക്കും. കേന്ദ്രങ്ങളിലെ ടിക്കറ്റ് നിരക്കിനൊപ്പം സെസ് പിരിക്കും. ടിക്കറ്റ് നിരക്ക് നിർണയം, സവാരികളുടെ നടത്തിപ്പ് തുടങ്ങിയവയിൽ ക്രമക്കേട് പലയിടത്തും കണ്ടെത്തിയിട്ടുമുണ്ട്. ബോർഡ് വന്നാൽ ഇവയ്ക്കെല്ലാം നിയന്ത്രണവുമുണ്ടാകും. വനത്തിലെയും ചേർന്നുമുള്ള മേഖലകളിലെയും എല്ലാ വിനോദസഞ്ചാര നടത്തിപ്പും വനംവകുപ്പിന്റെ പൂർണാധികാരത്തിൽ വേണമെന്ന് ആവശ്യമുയർന്നു. എന്നാൽ, പലയിടങ്ങളിലും മറ്റു വകുപ്പുകളും ഇവ കൈകാര്യം ചെയ്യുന്നുണ്ട്. അവ വിട്ടുകൊടുക്കാൻ അവർ വിസമ്മതം പ്രകടിപ്പിച്ചു. വനത്തിനുള്ളിലേത് മറ്റാരെയും ഏൽപ്പിക്കാനാവില്ലെന്നാണ് വനംവകുപ്പ് നിലപാട്.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കാലിഫോർണിയയിൽ ചരിത്രം കുറിച്ച് മങ്കയുടെ പൊന്നോണം



കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) പ്രസിഡണ്ട് സുനിൽ വർഗീസിന്റെ അതുല്യമായ നേതൃപാടവത്തിൽ ഈ വർഷത്തെ ഓണാഘോഷം കാലിഫോർണിയയിൽ ചരിത്രം കുറിച്ചു. മലയാളത്തനിമ നിറഞ്ഞ ഈ ആഘോഷത്തിൽ ഏകദേശം മൂവായിരം പേരോളം പങ്കെടുത്തു. നാടിന്റെ പൈതൃകവും സംസ്കാരവും വിളിച്ചോതുന്ന കലാപരിപാടികളും ഓണപ്പാട്ടുകളും പൂവിളികളും രുചിയൂറുന്ന ഭക്ഷണവിഭവങ്ങളുമായി മധുരമനോഹരമായി പൊന്നോണം. റിയലേറ്റർ ഷാജു വർഗീസായിരുന്നു ഗ്രാൻഡ് സ്പോൺസർ. സാൻ ഫ്രാൻസിസ്കോ ഡെപ്യൂട്ടി കോൺസൽ ജനറൽ രാകേഷ് അഡ്‌ലാഖ പരിപാടി ഉദ്ഘാടനം ചെയ്തു. എംഎൽഎയും മുൻമന്ത്രിയുമായ മോൻസ് ജോസഫ് ആയിരുന്നു മുഖ്യാതിഥി. കലാമണ്ഡലം ശിവദാസൻ വിശിഷ്ടാതിഥി ആയിരുന്നു. മുഖ്യ കോ-ഓർഡിനേറ്റർ ആയ മേരി ദാസൻ ജോസഫ് ഏവരെയും ഊഷ്മളമായി സ്വാഗതം ചെയ്തു.

**ബിന്ദു ടിജി**






ചരിത്രം കുറിച്ചുകൊണ്ട് മലയാളത്തനിമയോടെ മുപ്പതോളം വിഭവങ്ങളുമായി പഴയിടവും സിനോയ്സ് കിച്ചനും ചേർന്നൊരുക്കിയ പഴയിടം ഓണസദ്യയായിരുന്നു ആയിരങ്ങളെ ആകർഷിച്ച പ്രധാന ഇനം. മങ്ക ബോർഡ് ഓഫ് ഡയറക്ടേഴ്സായ സ്മിത രാമചന്ദ്രൻ, ലിസി ജോൺ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നല്കി. ഇന്ത്യൻ പെർഫോമിംഗ് ആർട്സ് സെന്റർ (ഐ പാക്) ഒരുക്കിയ ഗാനമേള ഏറെ ആകർഷണീയമായിരുന്നു. മങ്ക ബോർഡ് ഓഫ് ഡയറക്ടർ ജോൺ പോൾ വർക്കി നന്ദി പറഞ്ഞു.കർമ്മനിരതരും കഠിനാദ്ധ്വാനികളുമായ മങ്ക ടീമിന്റെയും വോളണ്ടിയേഴ്സിന്റെയും അതിസൂക്ഷ്മമായ ആസൂത്രണപാടവം ഒന്നുകൊണ്ട് മാത്രമാണ് ഇത്രയും നിറപ്പകിട്ടാർന്ന ഒരു പൊന്നോണം ബേ ഏരിയ മലയാളികൾക്ക് സമ്മാനിക്കാൻ സാധിച്ചത്.

പ്രസിഡണ്ട് സുനിൽ വർഗീസ് ഏവരുടെയും ഈ നിസ്വാർത്ഥ സേവനത്തിനു വ്യക്തിപരമായി അനുമോദനം അർപ്പിച്ച് ആദരിച്ചു. പ്രസിഡണ്ട് സുനിൽ വർഗീസിന്റെ നേതൃത്വത്തിൽ നടന്ന ഈ ഓണാഘോഷം മലയാളത്തനിമയുടെ പ്രതീകമായി ബേ ഏരിയ മലയാളികളുടെ മനസ്സിൽ ഒരു മധുരമുള്ള ഓർമ്മയായി എന്നെന്നും നിലനിൽക്കും.

## ഫാ. തോമസ് വയലിലിന്റെ നിര്യാണത്തിൽ എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അനുശോചിച്ചു

**തോമസ് ഡിക്രൂസ്**




ചിക്കാഗോ: എസ്.ബി കോളജ് മുൻ അദ്ധ്യാപകനും ചിക്കാഗോയിലെ ആത്മീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യവുമായിരുന്ന ഫാ. തോമസ് വയലിലിന്റെ നിര്യാണത്തിൽ എസ്.ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്റർ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

ചിക്കാഗോയിൽ സംഘടനയുടെ പ്രാരംഭ കാലത്ത് അദ്ദേഹം നല്കിയ നിസ്തുലമായ പ്രോത്സാഹനവും മാർഗനിർദ്ദേശവും പിന്തുണയും അസോസിയേഷൻ അനുശോചന സന്ദേശത്തിൽ അനുസ്മരിച്ചു. പ്രവർത്തിച്ചിട്ടുള്ള എല്ലാ മേഖലകളിലും തികഞ്ഞ മാനുഷികസ്നേഹവും നേതൃപാടവവും പ്രദർശിപ്പിച്ചിട്ടുള്ള വയലിലച്ചന്റെ നിര്യാണംമൂലം അസോസിയേഷന് കരുത്തുറ്റ ആത്മീയ നിയന്താവിനെയാണ് നഷ്ടമായിരിക്കുന്നതെന്ന് എക്സിക്യൂട്ടീവ് പ്രസ്താവനയിൽ പറഞ്ഞു.

എസ്.ബി. ആൻഡ് അസംപ്ഷൻ പൂർവ്വവിദ്യാർത്ഥികൾക്കു വേണ്ടി അയർക്കുന്നത്തെ വസതിയിൽ പുഷ്പചക്രം അർപ്പിച്ച് കുടുംബത്തോടുള്ള അനുശോചനം അറിയിച്ചു.



# ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ ദേവാലയത്തിന്റെ ധനശേഖരണാർത്ഥം മെഗാ ഷോ



ന്യൂയോർക്ക്: ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ കത്തോലിക്ക ഫൊറോനാ ദേവാലയത്തിന്റെ ധനശേഖരണാർത്ഥം പ്രശസ്ത സിനിമാതാരം സ്വാസിക, ഗായകൻ അഫ്സൽ എന്നിവരുടെ നേതൃത്വത്തിൽ നിരവധി കലാകാരന്മാരും കലാകാരികളും അണിനിരക്കുന്ന “സ്പാർക് ഓഫ് കേരള” എന്ന മെഗാ ഷോ സെപ്റ്റർ 27-ന് ശനിയാഴ്ച വൈകുന്നേരം ആറു

**ഷോളി കുമ്പിളുവേലി**

മണിക്ക് യോങ്കേഴ്സിലുള്ള ലിങ്കൺ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു.

പ്രസ്തുത പരിപാടിയുടെ സ്പോൺസർഷിപ്പ് കിക്കോഫ് ആഗസ്റ്റ് 31-ന് ഞായറാഴ്ച വി. കുർബാനയ്ക്കു ശേഷം ദേവാലയ പാരിഷ് ഹാളിൽവെച്ച് വികാരി റവ. ഫാ. കുര്യാക്കോസ് വടാന നിർവഹിച്ചു. വിവിധ സ്പോൺസർമാരിൽ നിന്നും ചെക്കുകൾ വികാരി അച്ചൻ ഏറ്റുവാങ്ങി.

ഡാൻസ്, മ്യൂസിക്, കോമഡി എന്നിവ കോർത്തിണക്കിക്കൊണ്ടുള്ള ഈ സ്റ്റേജ് ഷോ ഏതു പ്രായക്കാർക്കും ആസ്വദിക്കാവുന്ന പ്രോഗ്രാം ആണെന്ന് ഭാരവാഹികൾ അറിയിച്ചു. ബ്രോങ്ക്സ് ദേവാലയത്തിന്റെ ധനശേഖരണാർത്ഥം നടത്തുന്ന സ്റ്റേജ് ഷോയിൽ പരസ്യങ്ങൾ നൽകുന്നതിനും സ്പോൺസർ ചെയ്യുന്നതിനുമുള്ള അവസരം ഉണ്ട്. പരിപാടിയെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് കൈക്കാരന്മാരെ ബന്ധപ്പെടുക:

SHAIJU KALATHIL - 914 330 7378

MATHEW ADATTU - 914 563 3196


DENNI KALLUKALAM - 914 446 9555

# സണ്ണി വള്ളിക്കളം പ്രവാസി കേരളാ കോൺഗ്രസ് നോർത്ത് അമേരിക്കൻ കമ്മിറ്റിയുടെ കൺവീനർ

കോട്ടയം: പ്രവാസി കേരള കോൺഗ്രസ് നോർത്ത് അമേരിക്കയിലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ കൺവീനറായി സണ്ണി വള്ളിക്കളത്തെ (ചിക്കാഗോ) കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ നാമനിർദ്ദേശം ചെയ്തതായി പാർട്ടിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ മോൻസ് ജോസഫ് എംഎൽഎ അറിയിച്ചു.

നോർത്ത് അമേരിക്കൻ സ്റ്റിയറിംഗ് കമ്മിറ്റിയിലേക്ക് കേരളാ കോൺഗ്രസ് പാർട്ടിയുടെ വിവിധ റീജിയനുകളുടെ പ്രതിനിധികളായി സാബു കൂവക്കാട്ടിൽ, സെനിത്ത് ലൂക്കോസ് (ടെക്സാസ്), എ.ജെ. അഗസ്റ്റിൻ ആലപ്പാട്ട്, ഷിബു മുളയാനിക്കുന്നേൽ, മാത്യു തട്ടാമറ്റം (ചിക്കാഗോ), ഷോളി കുമ്പിളുവേലിൽ (ന്യൂയോർക്ക്), ജേജി ജോൺ (ഫ്ളോറിഡ) എന്നിവരെയും തെരഞ്ഞെടുത്തിട്ടുണ്ട്. നോർത്ത് അമേരിക്കയിലെ എല്ലാ റീജിയനുകളിലും പ്രവാസി കേരളാ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചശേഷം സെൻട്രൽ കമ്മിറ്റിയുടെ ഭരണസമിതിക്ക് രൂപം നല്കുന്നതിനാണ് പാർട്ടി നേതൃത്വം തീരുമാനിച്ചിട്ടുള്ളഴത്.

കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട സണ്ണി വള്ളിക്കളം കേരള കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയായ കെ..എസ്.സിയിലൂടെ നേതൃസ്ഥാനത്തേക്കു വന്ന പ്രതിനിധിയാണ്. ചങ്ങനാശേരി എസ്.ബി. കോളജിലും പെരുന്ന എൻ.എസ്.എസ് കോളജിലും പഠനം പൂർത്തീകരിച്ച ശേഷമാണ് കേരള കോൺഗ്രസ് പാർട്ടിയുടെ



സജീവ നേതൃസ്ഥാനത്തേക്ക് കടന്നു വന്നത്.

തുടർന്ന് അമേരിക്കയിലെ പ്രവാസജീവിതത്തിലെത്തിയ കാലംമുതൽ മലയാളി സമൂഹത്തിന്റെ ഉന്നമനത്തിനും ആവശ്യങ്ങൾക്കും വേണ്ടി സജീവമായി നിലകൊള്ളാൻ സണ്ണി വള്ളിക്കളത്തിനു കഴിഞ്ഞിട്ടുണ്ട്. ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ട്പദവി ഉൾപ്പെടെയുള്ള വിവിധ സ്ഥാനങ്ങളിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഫോമായുടെ നാഷണൽ കമ്മിറ്റി മെംബർ, റീജിയണൽ വൈസ് പ്രസിഡണ്ട് എന്നീ പദവികൾ വഹിച്ചശേഷം ഫോമായുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സ്ഥാനത്തും സേവനമനുഷ്ഠിക്കുകയുണ്ടായി. പൊതുരംഗത്ത് ഏവരോടും അടുത്ത് ഇടപഴകാനും അമേരിക്കൻ മലയാളി സമൂഹത്തിന്റെ മുഖ്യധാരയിൽ നിറസാന്നിദ്ധ്യമായി നിലകൊള്ളാനും സണ്ണിക്ക് കഴിഞ്ഞിട്ടുണ്ട്. സീറോമലബാർ സഭയുടെ ചിക്കാഗോ രൂപത 2026 ജൂലൈ മാസം നടത്താൻ തീരുമാനിച്ചിട്ടുള്ള കാത്തലിക് കൺവൻഷന്റെ രജിസ്ട്രേഷൻ കോ-ഓർഡിനേറ്ററായി ഇപ്പോൾ പ്രവർത്തിക്കുന്നു. ഒപ്പം ചിക്കാഗോ യുഡിഎഫ് കൺവീനറായും നിലവിൽ പ്രവർത്തിക്കുന്നു.

കേരളാ കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ, പാർട്ടി നേതാക്കളായ പി.സി. തോമസ്, അഡ്വ. മോൻസ് ജോസഫ് എംഎൽഎ, അഡ്വ. ജോയി ഏബ്രഹാം, ടി.യു. കുരുവിള, അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എംപി, അഡ്വ. തോമസ് ഉണ്ണിയാടൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ അപു ജോൺ ജോസഫ് എന്നിവർ പങ്കെടുത്ത കോട്ടയത്തു ചേർന്ന പാർട്ടി സംസ്ഥാന നേതൃയോഗം നോർത്ത് അമേരിക്കൻ പ്രവാസി കേരളാ കോൺഗ്രസിന്റെ പുതിയ ഭാരവാഹികളെ അനുമോദിക്കുകയുണ്ടായി.

പ്രവാസി കേരളാ കോൺഗ്രസിന്റെ ഗ്ലോബൽ കമ്മിറ്റിയെ പാർട്ടി ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ ഉടനെ പ്രഖ്യാപിക്കുമെന്ന് എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ. മോൻസ് ജോസഫ് എംഎൽഎ അറിയിച്ചു.

# പാസ്റ്റർ ജെയിംസ് ജോർജ് ലേക്ക് ലാൻഡ് എബനേസർ ഐപിസി സഭ സീനിയർ ശുശ്രൂഷകൻ

**നിബു വെള്ളവന്താനം**



ഫ്ളോറിഡ: ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രമുഖ സഭകളിൽ ഒന്നായ ലേക്ക് ലാൻഡ് എബനേസർ ഐപിസി സഭയുടെ സീനിയർ ശുശ്രൂഷകനായി പാസ്റ്റർ ജെയിംസ് ജോർജ് ചുമതലയേറ്റു. ഏഴ് വർഷം സഭയുടെ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ തോമസ് വി. കോശി വിരമിച്ച ഒഴിവിലേക്കാണ് പാസ്റ്റർ ജെയിംസ് ജോർജ് നിയമിതനായത്.

അടൂർ സ്വദേശിയായ പാസ്റ്റർ ജെയിംസ് ജോർജ് ഡാളസ് റ്റാബർനാക്കൾ ഐപിസി സഭാംഗമാണ്. ഡാളസ് ക്രിസ്‌വെൽ കോളജിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ഭാര്യ ജോയ്സ്. മക്കൾ: ജോബിൻ, ജസ്റ്റിൻ.

സഭയുടെ അസോസിയേറ്റ് പാസ്റ്റർ ജോഷ്വാ മുതലാളി, സഭാ സെക്രട്ടറി റെജി വർഗീസ്, സഹശുശ്രൂഷകന്മാർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. റീജൻ സെക്രട്ടറി പാസ്റ്റർ റോയി വാകത്താനം ആശംസ അറിയിച്ചു.

# കൂട്ടായ്മകളുടെ ഉത്സവമായി ബെൻസൻവിൽ മെൻസ് & വിമൻസ് മിനിസ്ട്രി ഉല്ലാസയാത്ര




ബെൻസൻവിൽ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിൽ മെൻസ് & വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഗ്രാന്റ് ഹേവൻ പാർക്ക് ഉല്ലാസയാത്ര സംഘടിപ്പിച്ചു. ഉല്ലാസയാത്രയിൽ ആത്മീയയാത്ര ഉൾപ്പെടുത്തി

**ലിൻസ് താന്നിച്ചുവട്ടിൽ**

പോപ്പ് ലിയോ മാർപാപ്പയുടെ ജന്മഗൃഹം സന്ദർശിച്ചു. മെൻസ് & വിമൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർമാരായ സജി ഇറപുറം, മേഴ്സി ചെമ്മലക്കുഴി എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഉല്ലാസയാത്രയിൽ വിവിധ പരിപാടികൾ ഒരുക്കി ഏവർക്കും ഇതൊരു നവ്യാനുഭവമാക്കി മാറ്റി.

# കെസിസിഎൻഎയുടെ പ്രഥമ ക്നാനായ ഇൻവിറ്റേഷണൽ ഗോൾഫ് ടൂർണമെന്റ് ചിക്കാഗോയിൽ നടത്തി

വിപിൻ ചാലുങ്കൽ/ബൈജു ആലപ്പാട്ട്

ചിക്കാഗോ: ഓഗസ്റ്റ് 30, 31 തീയതികളിൽ ചിക്കാഗോയിൽ വെച്ച് ആദ്യത്തെ ക്നാനായ ഇൻവിറ്റേഷണൽ ഗോൾഫ് ടൂർണമെന്റ് നടന്നു. ഇത് നമ്മുടെ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ അവിസ്മരണീയമായ ഒരു അവസരമായി ചരിത്രത്തിൽ അടയാളപ്പെടുത്തും. കെസിസിഎൻഎയുടെയും കെസിഎസ് ചിക്കാഗോയുടെയും സംയുക്ത പരിശ്രമത്തിലൂടെയാണ് രണ്ട് ദിവസത്തെ ടൂർണമെന്റ് സംഘടിപ്പിച്ചത്. ഇത് യുണൈറ്റഡ് സ്റ്റേറ്റ്സിലുടനീളമുള്ള ക്നാനായ സമുദായാംഗങ്ങളായ ഗോൾഫ് കളിക്കാരെയും അവരുടെ സപ്പോർട്ടേഴ്സിനെയും ഒരുമിച്ചു കൊണ്ടുവന്നു.








ടെക്സസ്, ഫിലാഡൽഫിയ, കാലിഫോർണിയ എന്നിവിടങ്ങളിൽ നിന്നുള്ള കളിക്കാർ ഉൾപ്പെടെ ഏഴ് വ്യത്യസ്ത കെ.സി.എസ് അസോസിയേഷനുകളിൽ നിന്നുള്ള പ്രാതിനിധ്യം ഈ ടൂർണമെന്റിൽ ഉണ്ടായിരുന്നു. ഇത്രയും വിപുലമായ പങ്കാളിത്തവും പിന്തുണയും കാണുന്നത് ശരിക്കും പ്രചോദനം നല്കുന്നതായിരുന്നുവെന്നും കെസിസിഎൻഎ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ ചൂണ്ടിക്കാട്ടി.

ഈ ടൂർണമെന്റ് വെറുമൊരു കായിക പരിപാടിയെന്നതിലുപരി പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ യുവാക്കൾക്കും കുടുംബങ്ങൾക്കും ബന്ധപ്പെടാനും സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും നമ്മുടെ ക്നാനായ സമൂഹത്തിന്റെ ഭാഗമാകുന്നതിന്റെ യഥാർത്ഥ മൂല്യം വിലമതിക്കാനും അവസരങ്ങൾ സൃഷ്ടിക്കുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമാണിത്. ഇതുപോലുള്ള പരിപാടികൾ അവതരിപ്പിക്കുന്നതിലൂടെ വടക്കെ അമേരിക്കയിലെ ക്നാനായ സമുദായം എന്ന നിലയിൽ നമ്മെ ഒന്നിപ്പിക്കുന്ന ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം അംഗങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന താല്പര്യങ്ങൾ നിറവേറ്റാനും കെ.സി.സി.എൻ.എ. ലക്ഷ്യമിടുന്നു.

ഇതുപോലുള്ള ഇവന്റുകൾ പ്രത്യേകിച്ചും പ്രധാനമാണ്. കാരണം ഒരു നിശ്ചിത പ്രായത്തിനുശേഷം വിച്ഛേദിക്കപ്പെടുന്നതോ പ്രാതിനിധ്യം കുറഞ്ഞതോ ആയതായി തോന്നുന്ന അംഗങ്ങളിലേക്ക് എത്തിച്ചേരാൻ അവ ഞങ്ങളെ അനുവദിക്കുന്നു. നമ്മുടെ യുവാക്കൾ മാത്രമല്ല, യുവ കുടുംബങ്ങളും പിതാക്കന്മാരും പുത്രന്മാരും സഹോദരന്മാരും കസിൻസും ആജീവനാന്ത സുഹൃത്തുക്കളും മത്സരവും സൗഹൃദവും സന്തോഷവും നിറഞ്ഞ രണ്ട് ദിവസത്തേക്ക് ഒത്തുചേരുന്നത് കാണുന്നത് ഹൃദയസ്പർശിയായിരുന്നെന്നും വിപിൻ ചാലുങ്കൽ കൂട്ടിച്ചേർത്തു. ടൂർണമെന്റിലൂടെ പങ്കിട്ട സ്നേഹത്തിലൂടെ നിരവധി പുതിയ സൗഹൃദങ്ങൾ ഉടലെടുത്തു, പഴയവ പുതുക്കപ്പെട്ടു.

**ആദ്യദിവസത്തെ വിജയികൾ:** ഒന്നാം സ്ഥാനം-അനീഷ് കൈമൂലയിൽ (ചിക്കാഗോ), രണ്ടാംസ്ഥാനം-ബെൻസൻ മറ്റത്തിൽ (ചിക്കാഗോ), ഏറ്റവും ദൈർഘ്യമേറിയ ഡ്രൈവ്-ഷെയ്ൻ കുരുട്ടുപറമ്പിൽ (ഹൂസ്റ്റൺ), ടെക്സസ്), ഹോളിന് ഏറ്റവും അടുത്ത്-ജെയ്സൺ ചക്കാലക്കൽ (ചിക്കാഗോ), ഹോളിന് അടുത്ത് (ഹോൾ 17)-ദീപു പുത്തൻപറമ്പിൽ (സാൻ ജോസ്), ഗ്രോസ് സ്കോർ ജേതാവ്-മനീഷ് കൈമൂലയിൽ (ചിക്കാഗോ).

**രണ്ടാം ദിവസത്തെ വിജയികൾ:** ഒന്നാം സ്ഥാനം (ടീം)-ബെൻസൻ മറ്റത്തിൽ ആൻഡ് സോണി താഴത്തുപുത്തൻപുരക്കൽ (ചിക്കാഗോ), രണ്ടാം സ്ഥാനം (ടീം)- ജോയ്സ്മോൻ ആൻഡ് ജിൻസ് പുത്തൻപുരയിൽ (ചിക്കാഗോ), ഏറ്റവും ദൈർഘ്യമേറിയ ഡ്രൈവ്-സിമി കൊച്ചുപുരക്കൽ (ചിക്കാഗോ), ഹോളിന് ഏറ്റവും അടുത്ത്- മനീഷ് കൈമൂലയിൽ (ചിക്കാഗോ), ഗ്രോസ് സ്കോർ ജേതാവ്-ജോയ്സ്മോൻ പുത്തൻപുരയിൽ (ചിക്കാഗോ).

കെ.സി.സി.എൻ.എയുടെയും കെസിഎസ് ചിക്കാഗോയുടെയും പിന്തുണയില്ലാതെ ഇതൊന്നും സാദ്ധ്യമാകുമായിരുന്നില്ല. ഈ ടൂർണമെന്റ് യാഥാർത്ഥ്യമാക്കുന്നതിൽ കഠിനാദ്ധ്വാനത്തിനും പ്രതിബദ്ധതയ്ക്കും സമർപ്പിത ആസൂത്രണ സമിതി അംഗങ്ങളായ ജെയ്സ് തണ്ടച്ചേരിൽ, ജോയ്സ്മോൻ പുത്തൻപുരയിൽ, ജോബി തെക്കുനിൽക്കുന്നതിൽ, നിതിൻ കുന്നുംപുറത്ത് എന്നിവർക്ക് കെ.സി.സി.എൻ.എയുടെ ഹൃദയംഗമമായ നന്ദി.

ഈ പരിപാടിയെ പിന്തുണച്ച എല്ലാ സ്പോൺസർമാർക്കും ഞങ്ങൾ പ്രത്യേക നന്ദി അറിയിക്കുന്നു.

ആസൂത്രണ സമിതി എന്ന നിലയിൽ ഈ ടൂർണമെന്റ് ആർക്കും ഒരു വലിയ ഭാരമായി മാറുന്നില്ലെന്ന് ഉറപ്പാക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഇതു നേടുന്നതിന് സ്പോൺസർഷിപ്പ് ലെവൽ താഴ്ന്നതും ആക്സസ് ചെയ്യാവുന്നതുമായി നിലനിർത്തി.

ഈ സമീപനം നിരവധി പുതിയ സ്പോൺസർമാരെ കൊണ്ടുവരാൻ ഞങ്ങളെ സഹായിച്ചു. അവരിൽ പലരും സ്വന്തന്തമായി ബിസിനസുകളുള്ള ക്നാനായ അംഗങ്ങളാണ്. ഈ പരിപാടി സാധ്യമാക്കുന്നതിൽ വലിയ പങ്കുവഹിച്ച അവരുടെ ഔദാര്യത്തെയും പിന്തുണയുടെ മനോഭാവത്തെയും ഞങ്ങൾ ശരിക്കും അഭിനന്ദിക്കുന്നു.

പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ ഞങ്ങളുടെ അംഗങ്ങൾക്കായി അർത്ഥവത്തായതും വിലപ്പെട്ടതുമായ പരിപാടികൾ സൃഷ്ടിക്കുന്നതിനുള്ള കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തുടർച്ചയായ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ സംരംഭം. ഈ ടൂർണമെന്റിനൊപ്പം കെ.എൻ.എ. ടോക്ക് പരമ്പര, കെസിസിഎൻഎ സർവൈവർ ഫുട്ബോൾ ലീഗ്, വരാനിരിക്കുന്ന നിരവധി സംരംഭങ്ങൾ എന്നിവയെല്ലാം ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നമ്മുടെ സമൂഹത്തെ ഇടപഴകുന്നതിനും പ്രചോദിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി രൂപകല്പന ചെയ്തിരിക്കുന്നു.

അവസാനമായി കെസിസിഎൻഎയുമായി സഹകരിച്ച് ഈ പരിപാടി ഇത്രയും മികച്ച വിജയമാക്കാൻ ഞങ്ങളോടൊപ്പം തോളോട്തോൾ ചേർന്ന് നിന്നതിന് ജോസ് ആനമലയുടെ നേതൃത്വത്തിലുള്ള കെ.സി.എസ് ചിക്കാഗോയ്ക്ക് പ്രത്യേക നന്ദി.

ക്നാനായ ഇൻവിറ്റേഷണൽ ഗോൾഫ് ടൂർണമെന്റ് ഒരു തുടക്കം മാത്രമാണ്. ഇത് ഒരു വാർഷിക പാരമ്പര്യമാക്കാനും ക്നാനായ സമൂഹത്തിലെ ഓരോ അംഗത്തെയും ബന്ധിപ്പിക്കുകയും ആഘോഷിക്കുകയും ഉയർത്തുകയും ചെയ്യുന്ന കൂടുതൽ പരിപാടികൾ മുന്നോട്ടു കൊണ്ടുപോകാനും ഞങ്ങൾ ആഗ്രഹിക്കുന്നതായും കെസിസിഎൻഎ ജനറൽ സെക്രട്ടറി അറിയിച്ചു.

# മോർ ഗ്രിഗോറിയോസ് സിറിയൻ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് അസോസിയേഷന് പുതിയ ഭാരവാഹികൾ

വിർജീനിയ: നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 36-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് 2025 ജൂലൈ 16 മുതൽ 19-ാം തീയതിവരെ വിർജീനിയയിലു

**വർഗീസ് പാലമലയിൽ**

ള്ള ഹിൽട്ടൺ ഡാളസ് എയർപോർട്ട് ഹോട്ടലിൽ വെച്ച് അതിഗംഭീരമായി നടന്നു. 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും' (If you would believe you would see the glory of God-John 11:40) എന്നുള്ളതായിരുന്നു ഈ വർഷത്തെ കൺവൻഷന്റെ ചിന്താവിഷയം. അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച്ബിഷപ് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനി ആയിരുന്നു ഈ വർഷത്തെ കൺവൻഷന്റെ ഉദ്ഘാടനം നിർവഹിച്ചത്. കേരളത്തിൽ നിന്നും മൂവാറ്റുപുഴ, അങ്കമാലി മേഖലകളുടെ ചുമതലയുള്ള മെത്രാപ്പോലീത്ത അഭിവന്ദ്യ മോർ അന്തീമോസ് മാത്യൂസ് തിരുമേനിയും സിറിയൻ ഡമാസ്കസ് ഭദ്രാസനാധിപനും പാത്രിയർക്കൽ അസിസ്റ്റന്റുമായ അഭിവന്ദ്യ ആർച്ച്ബിഷപ് മോർ ജോസഫ് ബാലി തിരുമേനിയും യുകെയിൽ നിന്നും മലങ്കര മാനേജിംഗ് കമ്മിറ്റി മെമ്പറും സുറിയാനി സഭാ ചരിത്രത്തിൽ പിഎച്ച്.ഡിയുമുള്ള ഡോ. സാറ നൈറ്റും തദവസരത്തിൽ സന്നിഹിതയായിരുന്നു.

ഇതോടനുബന്ധിച്ച് നടന്ന ഇലക്ഷനിൽ MGSOSA ക്കും MGSOYA (Mor Gregorios Syrian Orthodox young adults) ക്കും പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.







MGSOSA-യുടെ വൈസ് പ്രസിഡണ്ടായി റവ.ഫാദർ ബേസിൽ മത്തായിയും സെക്രട്ടറിയായി അലൻ അജിത്തും ജോയിന്റ് സെക്രട്ടറിയായി ഡീക്കൻ ആർവിൻ അക്കാട്ട്പത്തിലും ട്രഷററായി എബി കുന്നേത്തും ജോയിന്റ് ട്രഷററായി എഫ്രയിം വർക്കിയേയും തെരഞ്ഞെടുത്തു.

MGSOYA-യുടെ വൈസ് പ്രസിഡണ്ടായി റവ.ഫാദർ എബിൻ പുരവത്തും കോ-ഓർഡിനേറ്റേഴ്സായി നെവിൻ വർഗീസ്, ഷെൽബി മത്തായി, അരുൺ ജോർജ്, അൽബിൻ പാലമലയിൽ എന്നിവരെയും തെരഞ്ഞെടുത്തു. വാഷിങ്ടൺ ഡിസിയിലുള്ള സെന്റ് മാർക്ക്സ് കോപ്റ്റിക് ഓർത്തഡോക്സ് ചർച്ചിലെ വൈദികൻ ഫാദർ ഏലീയ എസ്തഫാനോസ് യൂത്ത് അസോസിയേഷന്റെ ഈ വർഷത്തെ കൺവൻഷന്റെ വിശിഷ്ടാതിഥിയായിരുന്നു.

ജൂലൈ 19-ന് നടന്ന വിശുദ്ധ കുർബാനയോടു കൂടി ഈ വർഷത്തെ കൺവൻഷൻ സമാപിച്ചു.

# പി.സി. മാത്യു ഗാർലൻഡ് സിറ്റി ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് ബോർഡിൽ

**പി.പി. ചെറിയാൻ**

ഡാളസ്: ഗാർലൻഡ് മേയർ ഡിലൻ ഹെഡ്രിക്, മലയാളി സമൂഹത്തിന് അഭിമാനമായി പി.സി. മാത്യുവിനെ നഗരത്തിലെ ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് (TIF) നമ്പർ 2 സൗത്ത് ബോർഡിലേക്ക് നിയമിച്ചു. ഓഗസ്റ്റ് 19-ന് നടന്ന സിറ്റി കൗൺസിൽ യോഗത്തിലാണ് ഈ നിയമനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. സൗത്ത് ഗാർലൻഡിന്റെ പുനരുജ്ജീവനത്തിന് ലക്ഷ്യമിട്ടുള്ള ഈ ബോർഡിന്റെ കാലാവധി 2025 സെപ്റ്റംബർ ഒന്നു മുതൽ 2027 ഓഗസ്റ്റ് 31 വരെയാണ്.



നഗരത്തിന് നൽകിയ സംഭാവനകളെ മാനിച്ചുകൊണ്ടാണ് ഈ നിയമനമെന്ന് മേയർ കത്തിൽ വ്യക്തമാക്കി. മാത്യുവിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളെ അഭിനന്ദിച്ച മേയർ, അദ്ദേഹത്തിന്റെ കഴിവുകളിലും പ്രതിബദ്ധതയിലും തനിക്കും സിറ്റി കൗൺസിലിനും വലിയ വിശ്വാസമുണ്ടെന്ന് കൂട്ടിച്ചേർത്തു.

ഗ്ലോബൽ ഇന്ത്യൻ കൗൺസിലിന്റെ (GIC) നിലവിലെ ഗ്ലോബൽ പ്രസിഡണ്ടായ പി.സി. മാത്യു ഡാളസ് കേരള അസോസിയേഷൻ ഉൾപ്പെടെ നിരവധി സാമൂഹിക-സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഗാർലൻഡ് സിറ്റി കൗൺസിൽ ഡിസ്ട്രിക്റ്റ് 3-ലേക്കും മേയർ സ്ഥാനത്തേക്കും മത്സരിച്ച് ശ്രദ്ധേയനായ വ്യക്തി കൂടിയാണ് അദ്ദേഹം.


"ഗാർലൻഡിന്റെ സാമ്പത്തിക വളർച്ചയ്ക്കും പുനരുജ്ജീവനത്തിനും വേണ്ടി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു" എന്ന് നിയമനത്തിനു ശേഷം പി.സി. മാത്യു പ്രതികരിച്ചു. "നഗരത്തെ താമസിക്കാനും ജോലി ചെയ്യാനും ബിസിനസ് നടത്താനും മികച്ച സ്ഥലമാക്കി മാറ്റാൻ ഞാൻ ശ്രമിക്കും" എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



# ചിക്കാഗോ സീറോമലബാർ കത്തീഡ്രലിൽ ദമ്പതീ സായാഹ്നം ആഘോഷിക്കുന്നു

**റോയി മുളകുന്നം**

ചിക്കാഗോ: സീറോമലബാർ രൂപതാ രൂപീകരണത്തോടു കൂടി കത്തീഡ്രൽ ദേവാലയമായി മാറിയ ചിക്കാഗോ സീറോമലബാർ കത്തീഡ്രൽ ദേവാലയത്തിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2025 സെപ്റ്റംബർ 20-ന് വൈകുന്നേരം ദമ്പതീ സായാഹ്നമായി ആഘോഷിക്കുന്നു.




'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' എന്ന വിവാഹ ഉടമ്പടി, വിശ്വാസത്തിലൂന്നി ആഹ്ളാദകരമായി ജീവിച്ച്, ആ ഉടമ്പടി പുനർജ്ജീവിപ്പിക്കുക എന്നതാണ് ഈ വിവാഹത്തിന്റെ റിന്യൂവലിലൂടെ ലക്ഷ്യംവെക്കുന്നത്. സെപ്റ്റംബർ 20-ന് വൈകുന്നേരം 5 മണിക്ക് കത്തീഡ്രൽ ദേവാലയത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെയും പ്രഥമ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെയും കത്തീഡ്രൽ വികാരി റവ.ഫാ. തോമസ് കടുകപ്പള്ളിയുടെയും കത്തീഡ്രൽ പള്ളിയിലെയും രൂപതാ കേന്ദ്രത്തിലെ മറ്റു വൈദികരുടെയും ഒപ്പം ദിവ്യബലി അർപ്പിച്ച് ദമ്പതികളെ ആശീർവദിച്ച് അനുഗ്രഹം നല്കുന്നതാണ്. വിശുദ്ധ കുർബാനയ്ക്കും മറ്റു പ്രാർത്ഥനകൾക്കും ശേഷം ദമ്പതികൾക്കൊപ്പം ബിഷപ്പുമാരും വൈദികരുമൊന്നിച്ചുള്ള വിരുന്നും ഒരുക്കിയിരിക്കുന്നു. ആഘോഷത്തിലുപരി വിശ്വാസം, വിനോദം, കരുണ, സഹാനുഭൂതി എന്നിവയിലൂന്നിയുള്ള ചില മത്സരങ്ങളിൽ നിന്ന് ബെസ്റ്റ് ദമ്പതികളെ തെരഞ്ഞെടുക്കുകയും ഒരു സ്വർണ്ണനാണയം സമ്മാനമായി നല്കുന്നതുമാണ്. ഇടവകയിലെ എല്ലാ ദമ്പതിമാരേയും ഈ ചടങ്ങിലേക്ക് രജിസ്ട്രേഷൻ മൂലം ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ലിങ്ക് താഴെക്കൊടുക്കുന്നു: https://tinyurl.com/syrocouplesrenewal

(ഫോട്ടോ ഫീച്ചർ)

തയ്യാറാക്കിയത്: ജോസ് കണിയാലി

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിന് വിജയസമാപ്തി



റൊണാൾഡ് പൂക്കുമ്പേൽ (സോഷ്യൽ ക്ലബ് പ്രസിഡണ്ട്)



സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)



മോൻസ് ജോസഫ് എംഎൽഎ, മാണി സി. കാപ്പൻ എംഎൽഎ (ഉദ്ഘാടനം)



ലെന കുരുട്ടുപറമ്പിൽ (പ്രാർത്ഥനാഗാനം)



ജോസ് മണക്കാട്ട്



സാജു കണ്ണമ്പള്ളി























ഫോട്ടോ: മോനു വർഗീസ് / ഡൊമിനിക് ചൊള്ളമ്പേൽ

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം ചിത്രങ്ങളിലൂടെ...



ഗ്ലാഡിയേറ്റേഴ്സ് കാനഡ (ഒന്നാം സമ്മാനം ടീം സ്പോൺസർ-കുളങ്ങര ഫാമിലി)





കോട്ടയം ബ്രദേഴ്സ് കാനഡ (രണ്ടാം സമ്മാനം ടീം സ്പോൺസർ-സിറിയക് കൂവക്കാട്ടിൽ)





തൊടുകൻസ് യു.കെ (മൂന്നാം സമ്മാനം ടീം സ്പോൺസർ-ജോമോൻ തൊടുകയിൽ)



അരീക്കര അച്ചായൻസ് (നാലാം സമ്മാനം ടീം സ്പോൺസർ-വിമൽ സിൽവസ്റ്റർ)





ആഹാ ഡാർലിംഗ്സ് (വനിത ഒന്നാം സമ്മാനം ടീം സ്പോൺസർ-ജെയ്സൺ ഓളിയിൽ)





ഹൂസ്റ്റൺ കാന്താരീസ് (വനിത രണ്ടാം സമ്മാനം ടീം സ്പോൺസർ-സണ്ണി ഇണ്ടിക്കുഴി)













# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം ചിത്രങ്ങളിലൂടെ...



ജോയി നെടിയകാലായിൽ (സ്പോൺസർ – ഒന്നാം സമ്മാനം)



ഗ്ലാഡിയേറ്റേഴ്സ് കാനഡ (ഒന്നാം സമ്മാനം)




കോട്ടയം ബ്രദേഴ്സ് കാനഡ (രണ്ടാം സമ്മാനം) സ്പോൺസർ-ഫിലിപ്പ് മുണ്ടപ്ലാക്കൽ



ഷെല്ലി ജോയി (കെബിസി)




തൊടുകൻസ് യുകെ (മൂന്നാം സമ്മാനം) സ്പോൺസർ-ഫ്രാൻസിസ് കിഴക്കേക്കുറ്റ്




ഫ്രാൻസിസ് കിഴക്കേക്കുറ്റ്



ജോമോൻ തൊടുകയിൽ (തൊടുകൻസ് യുകെ)




അരീക്കര അച്ചായൻസ് (നാലാം സമ്മാനം) (സ്പോൺസർ-മംഗല്യ ജൂവല്ലറി)
ഷൈബു കിഴക്കേക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ




ഷൈബു കിഴക്കേക്കുറ്റ് (അരീക്കര അച്ചായൻസ്)



ആഹാ ഡാർലിംഗ്സ് (വനിത ഒന്നാം സമ്മാനം - സ്പോൺസർ-ജെയ്സൺ ഓളിയിൽ)




ഹൂസ്റ്റൺ കാന്താരീസ് (വനിത രണ്ടാം സമ്മാനം - സ്പോൺസർ-സണ്ണി ഇണ്ടിക്കുഴി)

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം ചിത്രങ്ങളിലൂടെ...































ഫോട്ടോ: മോനു വർഗീസ് / ഡൊമിനിക് ചൊള്ളമ്പേൽ

# ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ ഹൂസ്റ്റണിൽ സമാപിച്ചു

ഹൂസ്റ്റൺ: ക്രിസ്തുവിന്റെ സ്നേഹത്തിലും ആത്മീയ നവീകരണത്തിലും വിശ്വാസികളെ ഉറപ്പിക്കുന്ന സന്ദേശങ്ങളോടെ ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സമാപിച്ചു. ആഗസ്റ്റ് 29, 30, 31 തീയതികളിൽ ഐപിസി ഹെബ്രോൻ ഹൂസ്റ്റൺ സഭയിൽ വെച്ചാണ് ഈ വർഷത്തെ കൺവൻഷൻ നടന്നത്.

മലയാളം സെഷനുകളിൽ പാസ്റ്റർ സേവിയർ ജെയിംസ് (ചിക്കാഗോ), പാസ്റ്റർ ഷിജു വർഗീസ് (കേരള), എന്നിവർ ദൈവവചന സന്ദേശം പങ്കുവെച്ചു.

**ഫിന്നി രാജു**

ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ബ്ലിസ്സ് വർഗീസ് (ന്യൂയോർക്ക്) മുഖ്യപ്രഭാഷകനായിരുന്നു. സഹോദരിമാരുടെ യോഗത്തിൽ സിസ്റ്റർ കൊച്ചുമോൾ ജെയിംസ് സന്ദേശം നല്കി. വെള്ളി, ശനി ദിവസങ്ങളിൽ രാത്രികളിൽ നടന്ന പൊതുയോഗങ്ങളും ശനിയാഴ്ച പകൽ നടന്ന ഉണർവ്വ് യോഗവും ആത്മീയോത്സവമായി. ഞായറാഴ്ചത്തെ സംയുക്ത ആരാധന ദൈവിക സാന്നിദ്ധ്യത്തിൽ നിറഞ്ഞുനിന്നു.

കൺവൻഷന് നേതൃത്വം നല്കിയത് ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസ്, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജെയിംസ് പി. ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ കെ.വി. തോമസ്, ജോയിന്റ് സെക്രട്ടറി ഫിന്നി സാം, ട്രഷറർ ജോഷിൻ ദാനിയേൽ, ബാബു കൊടുന്തറ (ജനറൽ കൗൺസിൽ മെംബർ), സാക്ക് ചെറിയാൻ (മിഷൻ കോ-ഓർഡിനേറ്റർ), കെ.വി. ഏബ്രഹാം (ചാരിറ്റി കോ-ഓർഡിനേറ്റർ) എന്നിവരടങ്ങുന്ന സംഘമാണ്. മാധ്യമ പ്രവർത്തനങ്ങൾക്ക് ഫിന്നി രാജു ഹൂസ്റ്റൺ നേതൃത്വം വഹിച്ചു. പിവൈപിഎ പ്രവർത്തനങ്ങൾക്ക് ഷോണി തോമസ് (പ്രസിഡണ്ട്), വെസ്ലി ആലുംമൂട്ടിൽ (വൈസ് പ്രസിഡണ്ട്), അലൻ ജെയിംസ് (സെക്രട്ടറി), വിന്നി ഫിലിപ്പ് (ജോ. സെക്രട്ടറി), റോഷൻ വർഗീസ് (ട്രഷറർ), ജെസിൻ ജെയിംസ് (ടാലന്റ് കോ-ഓർഡിനേറ്റർ) എന്നിവർ നേതൃത്വം നല്കി.

സിസ്റ്റേഴ്സ് ഫെലോഷിപ്പിന് കൊച്ചുമോൾ ജെയിംസ് (പ്രസിഡണ്ട്), ബ്ലെസി സാം (വൈസ് പ്രസിഡണ്ട്), രേഷ്മ തോമസ് (സെക്രട്ടറി) എന്നിവർ നേതൃത്വം വഹിച്ചു.





# നായർ അസ്സോസിയേഷൻ ഓണാഘോഷം പ്രൗഢഗംഭീരമായി

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഓണാഘോഷ പരിപാടികൾ പാർക്ക് റിഡ്ജിലുള്ള സെന്റിനിയൽ ആക്ടിവിറ്റി സെന്ററിൽ വെച്ച് പ്രൗഢഗംഭീരമായി നടന്നു.




സെറാഫിൻ ബിനോയിയുടെ ഈശ്വരപ്രാർത്ഥനയോടു കൂടി ആരംഭിച്ച ഓണാഘോഷത്തിൽ പ്രസിഡണ്ട് വിജി നായർ സദസ്സിനെ സ്വാഗതം ചെയ്യുകയും ഓണാശംസകൾ നല്കുകയും ചെയ്തു.

ചെണ്ടമേളങ്ങളുടെയും താലപ്പൊലിയുടെയും അകമ്പടിയോടു കൂടി മഹാബലിയെയും മുഖ്യാതിഥിയായി എത്തിയ മാണി സി. കാപ്പൻ എംഎൽഎയെയും വേദിയിലേക്ക് ആനയിച്ചു. ഓംകാരം ചിക്കാഗോയുടെ വാദ്യകലാകാരന്മാർ അവതരിപ്പിച്ച ചെണ്ടമേളം വളരെ ഗംഭീരമായിരുന്നു.

മാണി സി. കാപ്പൻ എംഎൽഎ ഓണാഘോഷ പരിപാടികൾ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ പ്രസിഡണ്ടും മറ്റു ഭാരവാഹികളും ഉദ്ഘാടനച്ചടങ്ങിൽ പങ്കുചേർന്നു. മോൻസ് ജോസഫ് എംഎൽഎയും ചടങ്ങിൽ പങ്കുചേരുകയും ഓണസന്ദേശം നല്കുകയും ചെയ്തു. എം

**സതീശൻ നായർ**

എൽഎമാർ രണ്ടുപേരെയും സതീശൻ നായർ സദസ്സിനു പരിചയപ്പെടുത്തി.

ശ്രീമതി പ്രസന്ന അവതരിപ്പിച്ച ഗണപതിയെ സ്തുതിച്ചുകൊണ്ടുള്ള മോഹിനിയാട്ടം, ബിമൽ നായരുടെ ഗാനാലാപനം, മോഹിത് അവതരിപ്പിച്ച വയലിൻ ഫ്യൂഷൻ, സെറാഫിന്റെ ഡാൻസ്, തരംഗ് കൂട്ടായ്മയുടെ ഗായത്രി നായർ കൊറിയോഗ്രാഫ് ചെയ്ത നൃത്തം, സെറാഫിൻ ബിനോയിയുടെ ഓണപ്പാട്ട്, സിദ്ധാന്ത് വിനോദിന്റെ ഓടക്കുഴൽ ആലാപനം, സൗപർണിക കലാക്ഷേത്രയുടെ ശ്രീമതി വിനിത പ്രവീണിന്റെ ശിക്ഷണത്തിൽ അഭ്യസിച്ച കലാകാരന്മാരുടെയും കലാകാരികളുടെയും വൈവിധ്യമാർന്ന പരിപാടികൾ, ദീപു നായരുടെ ഗാനാലാപനം തുടങ്ങി വിവിധ പരിപാടികൾ ചടങ്ങിനു മാറ്റുകൂട്ടി.

ലീലാ പിള്ളയും ശോഭാ നായരും അത്തപ്പൂവിട്ടു. വിജി നായർ, വിജയമ്മ കൈമൾ, കലാ നായർ തുടങ്ങിയവർ താലപ്പൊലിക്കു നേതൃത്വം നല്കി. ജിതേന്ദ്ര കൈമളുടെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ ഓണസദ്യയൊരുക്കി. മഹാബലിയായി രമേഷ് ചിറ്റൂർ വേഷമിട്ടു. ദീപു നായർ പ്രോഗ്രാം കോ-ഓർഡിനേറ്ററും എംസിയുമായിരുന്നു. കൂടാതെ ലക്ഷ്മി സുരേഷും എംസിയായി പ്രവർത്തിച്ചു.

മറ്റു വിവിധ പരിപാടികൾക്ക് എം.ആർ.സി. പിള്ള, അരവിന്ദ് പിള്ള, രഘുനാഥൻ നായർ, രാജഗോപാലൻ നായർ, രാധാകൃഷ്ണൻ നായർ, ദീപക് നായർ, പ്രസന്നൻ പിള്ള തുടങ്ങിയവർ നേതൃത്വം നല്കി. ജനറൽ സെക്രട്ടറി സുരേഷ് ബാലചന്ദ്രൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.



# മാറുന്ന ഓണവും മാറാത്ത മലയാളവും








ലേഖനം



അനിൽ പെണ്ണുക്കര

'മാറാത്തത് ഒന്നേയുള്ളൂ മാറ്റം'

കാലത്തിന്റെ ഒഴുക്കിനൊത്ത് എല്ലാത്തിനെയും പോലെ ഓണം എന്ന മഹോത്സവവും പല മാറ്റങ്ങൾക്കും വിധേയമാകുന്നുണ്ട്. പണ്ട് കൃഷിയുടെയും സമൃദ്ധിയുടെയും പ്രതീകമായിരുന്ന ഓണം ഇന്ന് ആധുനിക ജീവിത ശൈലിയുടെ ഭാഗമായി രൂപാന്തരപ്പെട്ടിരിക്കുന്നു. പൂക്കളങ്ങൾ, സദ്യ, വള്ളംകളി തുടങ്ങിയ പാരമ്പര്യങ്ങൾ ഇപ്പോഴും നിലനിൽക്കുമ്പോൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഓണത്തിന്റെ വിശേഷങ്ങൾ പങ്കുവെക്കുന്നത് പുതിയ ട്രെൻഡായി മാറിയിരിക്കുന്നു. നാട്ടിലേക്കുള്ള പ്രവാസികളുടെ വരവും ടൂറിസവുമെല്ലാം ഓണത്തെ കൂടുതൽ വിശാലമാക്കി, അത് ഒരു ദേശീയോത്സവത്തിന്റെ നിലയിലേക്ക് ഇന്ന് ഉയർന്നിരിക്കുന്നു എന്ന് വേണം പറയാൻ. ഇത്തരം മാറ്റങ്ങൾ ഓണത്തെ കൂടുതൽ ജനകീയവും വൈവിധ്യ പൂർണ്ണവുമാക്കുന്നു എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

'കാണം വിറ്റും ഓണം ഉണ്ണണം' എന്ന ചൊല്ല് ഇല്ലാതാവുകയും, ദാരിദ്ര്യം വലിയ രീതിയിൽ തുടച്ചുമാറ്റപ്പെടുകയും ചെയ്ത ഒരു സാമൂഹിക വ്യവസ്ഥയിലാണ് നമ്മൾ ഇപ്പോൾ ഓണം ആഘോഷിക്കുന്നത്.

സർക്കാർ ആണെങ്കിലും, ബന്ധപ്പെട്ട മറ്റു സംഘടനകൾ ആണെങ്കിലും, ഓണക്കാലത്ത് എല്ലാവർക്കും ഒരുപോലെ ആഘോഷിക്കാൻ തക്ക പദ്ധതികളെല്ലാം തന്നെ ആവിഷ്കരിച്ചത് കൊണ്ട് മാനുഷ്യരെല്ലാരും ഒന്നുപോലെ എന്ന മഹദ് വചനം കൂടി ഇന്ന് പൂർണ്ണമായും നിറവേറ്റപ്പെടുന്നുണ്ട്.

ആഘോഷങ്ങളുടെ രൂപത്തിലും ഉള്ളടക്കത്തിലുമെല്ലാം ഇന്നിപ്പോൾ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു. പണ്ട് ഗ്രാമീണമായിരുന്ന ഓണാഘോഷങ്ങൾ ഇന്ന് നഗരങ്ങളിലും അപ്പാർട്ട്മെന്റുകളിലും വരെ വ്യാപിച്ചിരിക്കുന്നു, അവിടെ കമ്മ്യൂണിറ്റി പൂക്കളങ്ങളും സാംസ്കാരിക പരിപാടികളും വരെ ഓണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെടുന്നു. വള്ളംകളി പോലുള്ള പരമ്പരാഗത കായികമേളകൾ ഇപ്പോൾ ടെലിവിഷൻ ചാനലുകളിലൂടെ ലൈവ് സ്ട്രീമിങ്ങ് ചെയ്യപ്പെടുന്നത് കൊണ്ട് തന്നെ ലോകമെമ്പാടുമുള്ള മലയാളികൾക്ക് അത് ആസ്വദിക്കാനാകുന്നു എന്നതും സന്തോഷകരമാണ്. കുട്ടികൾക്കായുള്ള ഓണപ്പാട്ടുകളും നൃത്തങ്ങളും സ്കൂളുകളിലും ക്ലബ്ബുകളിലും, ഓഫീസുകളിലും വരെ ഇന്ന് നടക്കുന്നു, എന്നാൽ പുതിയ തലമുറയുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഫ്യൂഷൻ സംഗീതവും ഡാൻസും ഇതിൽ ചേർക്കപ്പെടുന്നു എന്ന് മാത്രം. ഈ മാറ്റങ്ങൾ ഓണത്തെ കൂടുതൽ ഊർജ്ജസ്വലവും യുവജനങ്ങൾക്ക് ആകർഷകവുമാക്കുന്നുണ്ട് എന്നതാണ് കാര്യം.

പ്രവാസികളുടെ ജീവിതത്തിലാകട്ടെ ഓണം ഒരു നൊസ്റ്റാൾജിയയുടെ ഉത്സവമാണ്, അവരുടെ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ആഘോഷങ്ങളായി മാറുന്നു. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ ഓണത്തെ ഒരു മാസം നീണ്ടു നിൽക്കുന്ന ഫെസ്റ്റിവലായി ആഘോഷിക്കുന്നു, കാരണം അവധി കിട്ടുന്നതിനനുസരിച്ച് അവർ നാട്ടിലേക്ക് വരുന്നു,

അസോസിയേഷനുകൾ ഓണം നാട്ടിലെന്ന പോലെ ആഘോഷിക്കുന്നു. ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും മലയാളി അസോസിയേഷനുകൾ ഓണസദ്യകളും സാംസ്കാരിക പരിപാടികളും കാലങ്ങളായി സംഘടിപ്പിക്കുന്നുണ്ട്, അവിടെ പ്രവാസികൾ തങ്ങളുടെ ഓർമ്മകളെ പുതുക്കുകയാണ് ഇതുവഴി. ഈ നീണ്ടു നിൽക്കുന്ന ആഘോഷങ്ങൾ പ്രവാസികളെ കേരളത്തിന്റെ സാംസ്കാരിക വേരുകളുമായി ബന്ധപ്പെടുത്തി നിർത്തുന്നു.



രുചികളുടെ ലോകത്തിലും ഓണം മാറ്റത്തിന്റെ പാതയിലാണ്. പരമ്പരാഗത ഓണസദ്യയിൽ 26 വിഭവങ്ങൾ ഉണ്ടെങ്കിലും, ഇന്ന് ഫ്യൂഷൻ ഭക്ഷണങ്ങൾ പോലുള്ള പുതിയ രുചികൾ ചേർക്കപ്പെടുന്നു, ഉദാഹരണത്തിന് ക്വിനോവ അല്ലെങ്കിൽ അവൊക്കാഡോ ഉപയോഗിച്ചുള്ള വിഭവങ്ങൾ. ആരോഗ്യബോധമുള്ള തലമുറയ്ക്കായി ലോ - കാർബ് സദ്യകളും വീഗൻ ഓപ്ഷനുകളും ഹോട്ടലുകളും റസ്റ്റോറന്റുകളും അവതരിപ്പിക്കുന്നു. പണ്ട് നാട്ടിൻപുറങ്ങളിലെ പച്ചക്കറികളായിരുന്നെങ്കിൽ, ഇന്ന് ഇമ്പോർട്ടഡ് ചേരുവകൾ ചേർത്ത് രുചികൾ വൈവിധ്യ മാർന്നതാക്കുന്നു. എന്നാൽ ഈ മാറ്റങ്ങൾക്കിടയിലും പായസത്തിന്റെയും അടപ്രഥമന്റെയും പരമ്പരാഗത രുചി നിലനിർത്താൻ മലയാളികൾ ശ്രമിക്കുന്നു എന്നതാണ് ശ്രദ്ധേയം. ഈ രുചിമാറ്റങ്ങൾ ഓണത്തെ കൂടുതൽ ആഗോളവൽക്കരിക്കുന്നു.


ആത്യന്തികമായി, മാറുന്ന ഓണം കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പുതിയ കാലത്തിനനുസരിച്ച് പുനർനിർമ്മിക്കുന്നു എന്ന് വേണം പറയാൻ. പ്രവാസികളുടെ നീണ്ട ആഘോഷങ്ങളും മാറുന്ന രുചികളും ഓണത്തെ ഒരു ഡൈനാമിക് ഉത്സവമാക്കി മാറ്റുന്നു, അത് പാരമ്പര്യത്തെയും ആധുനികതയെയും സമന്വയിപ്പിക്കുന്നു. ഭാവിയിൽ ഓണം കൂടുതൽ ഉൾക്കൊള്ളുന്നതും വൈവിധ്യപൂർണ്ണവുമായിരിക്കുമെന്ന് പ്രതീക്ഷിക്കാം, എന്നാൽ അതിന്റെ അടിസ്ഥാനമായ സമത്വവും സ്നേഹവും മാറാതെ തന്നെ നിലനിൽക്കേണ്ടതുണ്ട്.

കവിത



മനോജ് കളരിക്കൽ

## മലയാളം




ശ്രവണ സുന്ദര വർണ്ണ ദീപ്തം
ചന്ദ്രശോഭ പുണരും മനസ്സിൽ,
രാഗ നൃത്തം ചുവടു വയ്ക്കും
ചാരുനന്മ വിടർത്തും എൻ മലയാളം

ആർദ്ര ഭാവം സാന്ദ്ര സ്പർശം
ശ്യാമ തീർത്ഥം താള ശ്രേഷ്ഠം,
നാദമയൂരം സ്വപ്നവസന്തം
കാവ്യബിംബം എൻ മലയാളം

ഏകദീപ്തം നിത്യ യൗവനം
സർഗ്ഗ പൂർണ്ണം അക്ഷയമധുരം
സർവ്വ ശ്രേഷ്ഠം ചാരുതയേകും
ദിവ്യ സുഗന്ധം എൻ മലയാളം

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

ലേഖനം



ജോസ് കണിയാലി

# മാധ്യമങ്ങൾ ധർമ്മം പാലിക്കാൻ ബാധ്യസ്ഥരാണ്

എന്ത് പറയണം എന്ത് പറയേണ്ട, എങ്ങനെ പറയണം എങ്ങനെ പറയേണ്ട, ആർക്കൊപ്പം നിൽക്കണം ആരെ കൈവിടണം എന്നതിനെക്കുറിച്ചൊന്നും കൃത്യമായ ധാരണകൾ ഇല്ലാതെയാണ് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ പ്രവർത്തിക്കുന്നത് എന്നു പറഞ്ഞാൽ അതിനെ തിരുത്താൻ കഴിയില്ല. മാധ്യമങ്ങൾ മൂലം വേട്ടയാടപ്പെട്ട മനുഷ്യരും, വിഷയങ്ങളും, സ്വകാര്യതകളും നമുക്ക് മുൻപിൽ തെളിവുകൾ ആയി നിരന്നു കിടക്കുന്നുണ്ട്. കരയാനുള്ള ഒരു മനുഷ്യന്റെ പൂർണമായ സ്വാതന്ത്ര്യത്തിലേക്ക് വരെ ക്യാമറ സൂം ചെയ്യുമ്പോൾ, പ്രിയപ്പെട്ട മാധ്യമ പ്രവർത്തകർ മറക്കുന്ന ചില ധർമ്മങ്ങൾ ഉണ്ട്. ആ ധർമ്മങ്ങളെല്ലാം തന്നെ എഴുതി വിജയിച്ചാണ് തങ്ങൾ ഇന്ന് നിലനിൽക്കുന്ന സ്ഥാനത്ത് എത്തിയത് എന്ന സത്യമുണ്ട്.

മാധ്യമ ധർമം എന്നത് ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങളുടെ അടിസ്ഥാന തത്ത്വങ്ങളാണ്. ഇത് സത്യസന്ധത, നിഷ്പക്ഷത, ഉത്തരവാദിത്തം, മനുഷ്യത്വം, സ്വാതന്ത്ര്യം എന്നീ അഞ്ച് മുഖ്യ തത്ത്വങ്ങളെ അടിസ്ഥാനമാക്കിയിരിക്കുന്നു. ജേണലിസ്റ്റുകൾ സത്യം കണ്ടെത്താനും ഫാക്ടുകൾ ശരിയായി പരിശോധിക്കാനും ബാധ്യസ്ഥരാണ്, അല്ലാതെ സെൻസേഷണലിസത്തിനോ ബയസിനോ വഴങ്ങരുത് എന്നതാണ് യാഥാർഥ്യം. എന്നാൽ എത്തിക്കൽ ജേണലിസം നെറ്റ്‌വർക്ക് പോലുള്ള സംഘടനകൾ ഒഴിച്ചു നിർത്തിയാൽ ചുരുക്കം ചില മാധ്യമങ്ങൾ മാത്രമാണ് ഇന്ത്യയിൽ ഇത് പാലിക്കുന്നത്. സൊസൈറ്റി ഓഫ് പ്രൊഫഷണൽ ജേണലിസ്റ്റുകളുടെ കോഡ് ഓഫ് എത്തിക്സ് പ്രകാരം, ബയസ് ഒഴിവാക്കണം എന്ന് വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ഇടത്തോട്ടു വലത്തോട്ടോ ചാഞ്ഞ മാധ്യമങ്ങളെ അല്ലാതെ മറ്റാരെയാണ് നമുക്കിന്ന് കാണാൻ കഴിയുക?

പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മാധ്യമങ്ങൾ നിഷ്പക്ഷതയും ഫാക്ട് ചെക്കിങ്ങും ഉറപ്പാക്കണം എന്നതാണ് ശരിയായ രീതി. എന്നാൽ ഇത് നടപ്പാക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ 80 ശതമാനത്തോളം ഇല്ല എന്ന് തന്നെയാണ് ഉത്തരം. ഉദാഹരണത്തിന്, വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഇരകളുടെ സ്വകാര്യത സംരക്ഷിക്കുകയും അവരെ ബ്ലെയിം ചെയ്യാതിരിക്കുകയും വേണം. എന്നാൽ പലയിടത്തും അത് പാലിക്കപ്പെടുന്നില്ല എന്നതാണ് സത്യം.

ഇന്ത്യയിൽ ലൈംഗികാതിക്രമ കേസുകളിൽ മാധ്യമങ്ങൾ പലപ്പോഴും സെൻസേഷണലിസം കാണിക്കുന്നു, ഇത് ഇരകളെ കൂടുതൽ വേദനിപ്പിക്കുന്നു എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ, മൾട്ടിപ്പിൾ സോഴ്സുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ബാലൻസ്ഡ് റിപ്പോർട്ടിങ് ഉറപ്പാക്കുകയും ഉണ്ടാവേണ്ടത് ഒരു കൃത്യമായ മാധ്യമ ധർമ്മത്തിൽ ഉൾപ്പെടുന്നതാണ്.

കേരളത്തിൽ മാധ്യമങ്ങൾ പലപ്പോഴും ഇരകളെ ആക്രമിക്കുന്ന വേട്ടക്കാരായി മാറുന്നത് ഒരു ഗുരുതര പ്രശ്നമാണ്. ലൈംഗികാതിക്രമ കേസുകളിൽ മാധ്യമങ്ങൾ ഇരകളെ ബ്ലെയിം ചെയ്യുകയും സെൻസേഷണൽ ഹെഡ്‌ലൈനുകൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, ഇന്ത്യൻ മാധ്യമങ്ങളിൽ റേപ്പ് കേസുകളുടെ കവറേജിൽ വിക്ടിം ബ്ലെയിമിങ് സാധാരണമാണ്, കേരളവും അതിൽ പുറകിലല്ല എന്നതാണ് സത്യം. ഇന്ന് റേപ്പ് മാറ്റി നിർത്തിയാൽ, അർജുൻ തിരോധാന കേസ്, പഹൽഗാം ഭീകരാക്രമണം തുടങ്ങി നിരവധി വിഷയങ്ങളിൽ സങ്കടപ്പെടുന്ന മനുഷ്യരുടെ കണ്ണിലേക്ക് ക്യാമറ കണ്ണുകളെ ചലിപ്പിക്കാൻ ഇവിടുത്തെ മാധ്യമങ്ങൾ മടിച്ചിട്ടില്ല.

ഈ പ്രശ്നം തിരുത്തേണ്ടത് അനിവാര്യമാണ്, കാരണം മാധ്യമങ്ങൾ സമൂഹത്തിന്റെ കണ്ണാടിയാണ്. ഇന്ത്യൻ മാധ്യമങ്ങളിൽ റേപ്പ് കവറേജ് പഠനങ്ങൾ പ്രകാരം, വിക്ടിം ബ്ലെയിമിങ് ഹെഡ്‌ലൈനുകൾ സാധാരണമാണ്, ഇത് സെക്സിസത്തെ പ്രോത്സാഹിപ്പിക്കുന്നു. കേരള ഹൈക്കോടതി പോലും മാധ്യമങ്ങൾ അന്വേഷണമില്ലാതെ ആരോപണങ്ങൾ പ്രസിദ്ധീകരിക്കുന്നത് വിമർശിച്ചിട്ടുണ്ട്. പരിഹാരമായി, മാധ്യമ സ്ഥാപനങ്ങൾ എത്തിക്കൽ ട്രെയിനിങ്ങ് നടത്തുകയും സെൽഫ്-റെഗുലേഷൻ ശക്തിപ്പെടുത്തുകയും വേണമെന്നും നിർദേശിച്ചിട്ടുണ്ട്.

മാധ്യമങ്ങൾ ധർമം പാലിക്കുന്നത് സമൂഹത്തെ ശാക്തീകരിക്കും എന്നാണ് അവസാനമായും സത്യമായും പറയാനുള്ളത്. കേരളത്തിലെ മാധ്യമങ്ങൾ വേട്ടക്കാരാകുന്ന പ്രവണത തിരുത്തിയാൽ, അത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്നതിൽ മാധ്യമപ്രവർത്തകർക്ക് സംശയമുണ്ടാകില്ല. ഭാവിയിൽ, ന്യൂസ് റൂമുകൾ ജെൻഡർ സെൻസിറ്റിവിറ്റി ഉറപ്പാക്കുകയും ഫാക്ട്-ബേസ്ഡ് റിപ്പോർട്ടിങ് പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കാരണം ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങൾ കൂടി ഇവിടെയുള്ള സാധാരണ മനുഷ്യരെ കൈവിട്ടാൽ അത് ജനാധിപത്യത്തിന് വിരുദ്ധമാകും എന്നതിൽ സംശയമില്ല.

---



# ഓണം: സ്നേഹത്തിന്റെ ഉത്സവം

ഓർമ്മ



രമ്യ മനോജ്

ഓണം എന്ന് പറഞ്ഞാൽ മനസ്സിൽ നിറയുന്നത് വെറും വിളവെടുപ്പിന്റെയും സമൃദ്ധിയുടെയും ആഘോഷമായി മാത്രം അല്ല, മറിച്ച് ഒത്തു ചേരലുകളുടെയും സ്നേഹത്തിന്റെയും ഓർമ്മകളുടെയും ഉത്സവമായിട്ടാണ്.

ഓണം നമ്മളിൽ പലർക്കും ഇനിയൊരിക്കലും തിരികെ പിടിക്കാനാവാത്ത ബാല്യകാലത്തിന്റെയും, കുടുംബ ബന്ധങ്ങളുടെയും ഓർമ്മകളാണ്. ഓണസദ്യയിലെ ഓരോ വിഭവത്തിനും പറയാൻ, ഒരു കഥയുണ്ടാകും

എന്റെ ബാല്യവും കൗമാരവും സ്നേഹ സമ്പുഷ്ടമാക്കിയത് അച്ഛാച്ഛനും അച്ഛമ്മയും ആയിരുന്നു. അവർ കൂടെയില്ലാതെ ഇപ്പോൾ എത്രയോ ഓണം കടന്നു പോയിയെങ്കിലും ഓണം ഓർമ്മകൾ തുടങ്ങുന്നതും അവസാനിയ്ക്കുന്നതും അവരിൽ നിന്നാണ്.

ഓണത്തെ കുറിച്ച് ആലോചിച്ചാൽ ആദ്യം മനസ്സിൽ ഓടിയെത്തുന്നത് ചില രുചിയോർമ്മകൾ ആണ്. അച്ഛമ്മയുടെ കുറുക്ക് കാളനും അമ്മയുടെ ഇലയടയും ആലോചിക്കുമ്പോഴേ നാവിൽ തിരയിളക്കം, മനസ്സിൽ സങ്കട കടലിളക്കം.

ഓണനാളിലെ ഇലയടക്ക് എന്തോ ഒരു മാസ്മരിക രുചിയുണ്ട്.

വീട്ടിലുള്ള എല്ലാവരും ചേർന്ന് ഉണ്ടാക്കുന്നത് കൊണ്ടാണോ ഒരിക്കലും തിരിച്ചുകിട്ടാത്ത ഓർമ്മകളിലും ബാല്യത്തിലും കുടുങ്ങി കിടക്കുന്നത് കൊണ്ടാണോയെന്നറിയില്ല, പിന്നീട് പലപ്പോഴും അമ്മയെക്കൊണ്ട് ഇലയട ഉണ്ടാക്കി കഴിച്ചു, നോക്കിയെങ്കിലും ആ രുചി പിന്നീട് കിട്ടിയിട്ടില്ല.

അച്ഛാച്ചന്റെ സ്നേഹ ശകാരങ്ങൾ കേട്ട് അച്ഛന്റെ കണ്ണുരുട്ടൽ കണ്ടില്ലെന്ന് നടിച്ച് അനിയനുമായി അടിയുണ്ടാക്കി എല്ലാവരും ചേർന്നിരുന്ന് കഴിച്ചിരുന്ന തിരുവോണനാളിലെ പ്രഭാത ഭക്ഷണത്തിന്റെ പ്രധാന വിഭവം ഇല വാട്ടി പുഴുങ്ങിയെടുത്ത അടയായിരുന്നു. കൂടെ കായ വറുത്തതും ശർക്കര വരട്ടിയും പഴം പുഴുങ്ങിയതും.

ഉത്രാടനാൾ രാത്രിയിൽ തന്നെ അടയുണ്ടാക്കും.

ഇല വാട്ടി അതിൽ അരിമാവ് പരത്തി ശർക്കര ഉരുക്കി തേങ്ങയും ചേർത്ത കൂട്ട് നടുവിലായി വച്ച് മടക്കി, ആവിയിൽ വേവിച്ചെടുക്കും. പഴം മാത്രം ചേർത്ത ഒരു അട തൃക്കാക്കരയപ്പനെ പൂജിക്കാനായി വേറെയും ഉണ്ടാക്കും. അനിയൻ ആയിരുന്നു അമ്മയുടെ സഹായി.അച്ഛാച്ചൻ ആണ് ശർക്കര തേങ്ങാ കൂട്ട് ഉണ്ടാക്കുന്നയാൾ. അമ്മ ഇലയിൽ മാവ് പരത്തും അച്ഛൻ അത് ഭംഗിയിൽ മടക്കും. അച്ഛമ്മ അത് വേവിക്കാൻ വക്കും.

അനിയൻ തേങ്ങാക്കൂട്ട് ഇടക്കിടെ ആരും കാണാതെയെടുത്ത് തിന്നും. ഞാൻ മാത്രം പണിയൊന്നും ചെയ്യാതെ മടി പിടിച്ച് ഇരിക്കും. അച്ഛമ്മ എപ്പോഴും പറയും, 'ഇതൊക്കെ കണ്ട് പഠിച്ചോളൂ, ഒരു ദിവസം നിനക്കും ഉണ്ടാക്കേണ്ടി വരും." ഞാൻ പഠിച്ചില്ലായെന്ന് മാത്രമല്ല പിന്നിടൊരിക്കലും ഉണ്ടാക്കി നോക്കിയിട്ടുമില്ല. അന്നത്തെ ആ രുചി നാവിൻ തുമ്പിൽ തന്നെ തടഞ്ഞു നിൽക്കട്ടെയല്ലെ!

ഓണരുചികളിൽ ഇനിയൊരിക്കലും എനിക്ക് തിരിച്ചു കിട്ടാത്ത അച്ഛമ്മയുടെ പ്രധാന വിഭവമാണ്, കുറുക്ക് കാളൻ. ചോറ് ഒട്ടും ഇഷ്ടമില്ലാതിരുന്ന ഞാൻ അച്ഛമ്മയുണ്ടാക്കുന്ന കാളൻ മാത്രം ചേർത്ത് ഒരു പറ ചോറ് ഉണ്ണുമായിരുന്നു.

കുറുക്ക് കാളൻ എന്ന പേര് പോലെ തന്നെ വിറകടുപ്പിൽ വെച്ച് മോരും തേങ്ങയും ചേർത്ത കൂട്ട് കുറുക്കി കുറുക്കി എടുക്കണം.

കാളന് രുചി കൂട്ടുന്നത് തേങ്ങ അരക്കുന്നതിലാണ് എന്ന് അച്ഛമ്മ എപ്പോഴും പറയാറുണ്ട്. അമ്മിക്കല്ലിൽ ആണ് കുറുക്ക് കാളന് തേങ്ങാ അരച്ചെടുക്കാറുള്ളത്. അമ്മിക്കല്ലിൽ തേങ്ങാ അരച്ച് തന്നാൽ കാളൻ ഉണ്ടാക്കി തരാമെന്ന് പറഞ്ഞ് മടിച്ചിയായ എന്നെകൊണ്ട് അച്ഛമ്മ പണിയെടുപ്പിക്കുമായിരുന്നു.

ആ കാലവും ആ രുചികളും ഒരിക്കലും തിരിച്ചു കിട്ടില്ലായെന്നാലോചിക്കുമ്പോൾ മനസ്സിൽ ഒരു വിങ്ങൽ മാത്രം.

ഭക്ഷണം വെറും വിശപ്പിനുള്ള മറുപടി മാത്രമല്ല. അത് , ഒരു ഓർമ്മയാണ്, ഒരുപാട് സ്നേഹങ്ങളും ബന്ധങ്ങളും ചേർന്നൊരു കഥയാണ്. ചില രുചികൾ നമ്മെ ബാല്യകാലത്തിലേക്ക് തിരിച്ചു കൊണ്ടുപോകും,ചിലത് കണ്ണീരാക്കും, ചിലത് ഹൃദയം നിറക്കും.

ഓണം, ഒരു വിരുന്ന് മാത്രമല്ല, അത് സ്നേഹത്തിന്റെ ഉത്സവമാണ്.

KERALA EXPRESS പ്രവാസി താളുകൾ

# നിങ്ങൾ അദ്ഭുതങ്ങളിൽ വിശ്വസിക്കുന്നുണ്ടോ?

സി.വി. സാമുവൽ

അതെ! ഞാൻ അദ്ഭുതങ്ങളിൽ വിശ്വസിക്കുന്നു. എന്റെ ജീവിതത്തിൽ നിരവധി തവണ ഞാൻ അവ അനുഭവിച്ചിട്ടുണ്ട്. അദ്ഭുതങ്ങളിൽ വിശ്വസിക്കുക എന്നത് യേശുക്രിസ്തുവിലുള്ള എന്റെ വ്യക്തിപരമായ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. യേശു പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവമാണെന്നും അവന് അദ്ഭുതങ്ങൾ ചെയ്യാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു. അത്തരമൊരു സാക്ഷ്യം ഞാൻ പങ്കുവെക്കട്ടെ – 2022 ഓഗസ്റ്റിൽ ഞാൻ അനുഭവിച്ച ഒരു മെഡിക്കൽ അദ്ഭുതം.

പുതിയ കണ്ണടകൾ വാങ്ങുന്നതിനായി മിഷിഗണിലെ ട്രോയിയിലുള്ള ഹെൻറി ഫോർഡ് ഹെൽത്ത് സിസ്റ്റത്തിൽ എന്റെ ഒപ്റ്റോമെട്രിസ്റ്റുമായി ഒരു പതിവ് നേത്ര പരിശോധന ഷെഡ്യൂൾ ചെയ്തു. നേത്രപരിശോധന, രോഗനിർണ്ണയം, കാഴ്ച പ്രശ്നങ്ങളുടെ ചികിത്സ എന്നിവയുൾപ്പെടെ പ്രാഥമിക കാഴ്ച പരിചരണം നൽകുന്നതും തിരുത്തൽ ലെൻസുകൾ നിർദ്ദേശിക്കുന്നതും നൽകുന്ന ഒരു ആരോഗ്യ സംരക്ഷണ പ്രൊഫഷണലാണ് ഒപ്റ്റോമെട്രിസ്റ്റ്. നേത്ര പരിശോധനയുടെ ഭാഗമായി, എന്നോട് ഒരു വിഷ്വൽ ടെസ്റ്റ് നടത്താൻ ആവശ്യപ്പെട്ടു. എന്റെ ഇടതു കണ്ണുകൊണ്ട് ഒരു അക്ഷരം പോലും വായിക്കാൻ എനിക്ക് കഴിഞ്ഞില്ല എന്നത് എന്നെ ഞെട്ടിച്ചു. എനിക്ക് കാഴ്ചയില്ലെന്നും എന്റെ ഇടതു കണ്ണിന് 100 ശതമാനം അന്ധതയുണ്ടെന്നും പറഞ്ഞപ്പോൾ എനിക്ക് ഭയമായി. ഈ വാർത്ത എന്നെ ഭയപ്പെടുത്തി.

കുറച്ചു കാലമായി ആ കണ്ണിൽ വേദന, നീർവീക്കം, രക്തസ്രാവം എന്നിവ ഞാൻ ശ്രദ്ധിച്ചിരുന്നു. വർഷങ്ങളായി, സബ്-റെറ്റിനൽ രക്തസ്രാവം കാരണം എന്റെ ഇടതു കണ്ണിൽ ചുവപ്പ് ഉണ്ടായിരുന്നു. പക്ഷേ ഞാൻ കണ്ണിൽ തുള്ളിമരുന്ന് മാത്രമേ ഉപയോഗിക്കുകയും ആഴത്തിലുള്ള പ്രശ്നം അവഗണിക്കുകയും ചെയ്തിരുന്നു. എന്റെ വലത് കണ്ണിന് ഇപ്പോഴും 20/20 കാഴ്ചശക്തി പൂർണമായി ഉണ്ടായിരുന്നു. പക്ഷേ, ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുമെന്ന ചിന്ത വളരെ ഭയാനകമായിരുന്നു. ഒടുവിൽ അത് എന്റെ ഡ്രൈവിംഗിനെയും ദൈനംദിന ജീവിതത്തെയും ബാധിക്കുമെന്ന് എനിക്കറിയാം. സാഹചര്യം അംഗീകരിക്കാൻ ഞാൻ പാടുപെട്ടു.

എന്റെ ഒപ്റ്റോമെട്രിസ്റ്റ് എന്ന ഒരു റെറ്റിന സ്പെഷ്യലിസ്റ്റിലേക്ക് അടിയന്തരമായി റഫർ ചെയ്തു. അത്തരമൊരു സ്പെഷ്യാലിറ്റി ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ മനസ്സിൽ ആദ്യം വന്നത് യുഎസിലെ മികച്ച നേത്ര സ്ഥാപനങ്ങളിൽ ഒന്നാണ്. റെറ്റിനൽ പിഗ്മെന്റോസ, സ്റ്റാർഗാർഡ് രോഗം, മാക്യുലാർ ഡീജനറേഷൻ തുടങ്ങിയ പാരമ്പര്യ റെറ്റിന രോഗങ്ങളെ ചികിത്സിക്കുന്നതിൽ പ്രശസ്തമാണ്.


ലേഖകൻ

2022 ഓഗസ്റ്റ് 31-ന് ഡാളസിലെ ടെക്സാസ് സർവകലാശാലയിൽ പരിശീലനം നേടിയ ബോർഡ് സർട്ടിഫൈഡ് ഒഫ്താൽമോളജിസ്റ്റായ ഡോ. സിഹുയി ലിനുമായി ഞാൻ ആദ്യ അപ്പോയിന്റ്മെന്റ് നടത്തി. സമഗ്രമായ ഒരു വിലയിരുത്തലിന് ശേഷം ഡോ. ലിൻ എന്റെ ഇടതു കണ്ണിൽ വെറ്റ് മാക്യുലാർ ഡീജനറേഷൻ ഉണ്ടെന്ന് കണ്ടെത്തി. ഇത് കാഴ്ച പൂർണ്ണമായും നഷ്ടപ്പെടുത്തി. ആദ്യമായി ഞാൻ വെറ്റ് മാക്യുലാർ ഡീജനറേഷൻ എന്ന വാക്ക് കേട്ടു.

അവസ്റ്റിൻ എന്ന മരുന്ന് പ്രതിമാസം കുത്തിവെക്കാൻ ഡോ. ലിൻ ശുപാർശ ചെയ്തു. കുറഞ്ഞത് ആറ് മാസത്തേക്ക് പ്രതിമാസം ഒരു കുത്തിവെപ്പ്. എന്റെ കാഴ്ച തിരിച്ചു വരുമെന്ന് ഒരു ഉറപ്പുമില്ല. എന്നാൽ ആ കണ്ണിലെ കാഴ്ചയുടെ 100% ഇതിനകം നഷ്ടപ്പെട്ടതിനാൽ, എനിക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്നു. ഞാൻ ചികിത്സയ്ക്ക് സമ്മതിക്കുകയും 2022 ഓഗസ്റ്റ് 31-ന് എന്റെ ആദ്യത്തെ കുത്തിവെപ്പ് സ്വീകരിക്കുകയും ചെയ്തു.

നാല് കുത്തിവെപ്പുകൾക്ക് ശേഷം, എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട്, എനിക്ക് 30% കാഴ്ച തിരിച്ചുകിട്ടി. ഇത് എനിക്ക് പുതിയ പ്രതീക്ഷയും ധൈര്യവും നൽകി. 2014 മെയ് ഒന്നു മുതൽ എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം വിശ്വസ്തതയോടെ ഒത്തുകൂടിയ ഒരു എക്യുമെനിക്കൽ ഓൺലൈൻ പ്രാർത്ഥന കൂട്ടായ്മയായ ഇന്റർനാഷണൽ പ്രയർ ലൈൻ (ഐപിഎൽ) വഴി എന്റെ സഹ വിശ്വാസികളുമായും പ്രാർത്ഥനാ പങ്കാളികളുമായും ഞാൻ എന്റെ സാഹചര്യം പങ്കുവെച്ചു. പതിവ് മോഡറേറ്റർ എന്ന നിലയിൽ, എന്റെ കാഴ്ചശക്തി പുനഃസ്ഥാപിക്കുന്നതിനായി എന്നോടൊപ്പം പ്രാർത്ഥിക്കാൻ എല്ലാവരോടും ഞാൻ ആവശ്യപ്പെട്ടു. നൂറുകണക്കിന് വിശ്വാസികൾ എനിക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനകൾ എല്ലാ മാറ്റങ്ങളും വരുത്തി എന്ന് ഞാൻ വിശ്വസിക്കുന്നു. കുത്തിവെപ്പുകൾ സഹായിച്ചെങ്കിലും, യഥാർത്ഥ രോഗശാന്തി ദൈവകൃപയിലൂടെയും കൂട്ടായ പ്രാർത്ഥനയുടെ ശക്തിയിലൂടെയുമാണ് ഉണ്ടായത്.

2023 മാർച്ച് 13-ന് എന്റെ എട്ടാമത്തെ കുത്തിവെപ്പിന് ശേഷം, എന്റെ ഇടത് കണ്ണിന്റെ കാഴ്ച ഏകദേശം 95% ആയി മെച്ചപ്പെട്ടു. രണ്ട് കണ്ണുകളിലെയും റെറ്റിന നന്നായി കാണപ്പെട്ടു. ഡോ. ലിൻ ആശ്ചര്യപ്പെട്ടു. ഞാൻ എന്തെങ്കിലും അധിക ചിക്തസകൾ എടുക്കുന്നുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു: "ഈ രോഗശാന്തി അദ്ഭുതകരമാണ്, എന്റെ രോഗികളിൽ ആരിലും ഇത്തരത്തിലുള്ള പുരോഗതി ഞാൻ ഒരിക്കലും കണ്ടിട്ടില്ല." ഞാൻ എന്റെ സാക്ഷ്യം അദ്ദേഹവുമായി പങ്കുവെച്ചു: "നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും നൂറുകണക്കിന് ആളുകൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. എന്റെ കാഴ്ച വീണ്ടെടുക്കാൻ."

ഇന്ന്, ആറുമാസത്തിലൊരിക്കൽ ഞാൻ മെയിന്റനൻസ് ഇഞ്ചെക്ഷൻ എടുക്കുന്നു. എന്റെ കാഴ്ച സ്ഥിരമായി തുടരുന്നു. ഇതേ ചികിത്സ ലഭിച്ചെങ്കിലും സമാനമായ ഫലങ്ങൾ കാണാത്ത മറ്റുള്ളവരെ എനിക്കറിയാം. എന്റെ അദ്ഭുതകരമായ രോഗശാന്തി വിശ്വാസം, സ്ഥിരോത്സാഹം, സമൂഹ പിന്തുണ, വൈദ്യശാസ്ത്രത്തിന്റെയും ദിവ്യരോഗശാന്തിയുടെയും അദ്ഭുതകരമായ കൂടിച്ചേരൽ എന്നിവയുടെ വിവരണമാണ്. എന്റെ രോഗശാന്തി യഥാർത്ഥത്തിൽ ഒരു അദ്ഭുതമായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. വൈദ്യശാസ്ത്രവും ദൈവത്തിന്റെ ശക്തമായ കൈയും തമ്മിലുള്ള മനോഹരമായ സഹകരണം!

# ഒർലാന്റോയിൽ ക്രിസ്തീയ സംഗീത സായാഹ്നം 20-ന്

നിബു വെള്ളവന്താനം

ഫ്ളോറിഡ: ക്രിസ്തീയ സംഗീതലോകത്തെ പ്രമുഖ ഗായകരായ ഇമ്മാനുവേൽ ഹെൻറി, റോയി പുത്തൂർ സംഘവും അവതരിപ്പിക്കുന്ന സ്നേഹസങ്കീർത്തനം സംഗീത ആലാപനം സെപ്റ്റംബർ 20-ന് ശനിയാഴ്ച വൈകിട്ട് 6 മുതൽ ഒർലാന്റോ ഐ.പി.സി ചർച്ചിൽ വെച്ച് നടത്തപ്പെടും.

എക്കാലത്തെയും മികച്ച ഹൃദയസ്പർശിയായ ക്രിസ്തീയ ഗാനങ്ങൾ ആലപിക്കുവാൻ അനുഗൃഹീത ഗായകരായ മെറിൻ ഗ്രിഗറിയും മരിയ കൊലാടിയും എത്തിച്ചേരും. യേശുദാസ് ജോർജ്, ഹരികുമാർ പന്തളം, ജേക്കബ് സാമുവേൽ, എബി ജോസഫ് എന്നിവരടങ്ങുന്ന ഓർക്കസ്ട്ര ടീം പരിപാടിയുടെ മാറ്റ് കൂട്ടും. ഫ്ളോറിഡയിൽ ഉള്ള ക്രൈസ്തവ സംഗീത പ്രേമികൾക്ക് ഹൈ ക്വാളിറ്റി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ വിവിധ ഭാഷകളിലുള്ള പഴയതും പുതിയതുമായ ഗാനങ്ങൾ ശ്രവിക്കാവുന്നതാണ്. ലോകമെങ്ങും പോയി സാക്ഷിയാകുവാനുള്ള യേശുനാഥന്റെ ആഹ്വാനം ഉൾക്കൊണ്ട് സംഗീതത്തിൽക്കൂടി സുവിശേഷം എത്തിക്കുക എന്ന മഹാദൗത്യം ഏറ്റെടുത്തുകൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നതെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അലക്സാണ്ടർ ജോർജ് അറിയിച്ചു.

ജനലക്ഷങ്ങൾക്ക് ആശ്വാസമായ സൂപ്പർ ഹിറ്റ് ഭക്തി ഗാനങ്ങൾ ലൈവ് ഓർക്കസ്ട്രയുടെ അകമ്പടിയോടെ നടത്തപ്പെടുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ കുറഞ്ഞ നിരക്കിലുള്ള ടിക്കറ്റുകൾക്കായി ബന്ധപ്പെടുക: www.ipcorlando.org/concert. അലക്സാണ്ടർ ജോർജ് 407 484 8833, രാജു പൊന്നോലിൽ 407 616 6247.




**Small Business Accounting LLC**

**Personal and Business Tax Services**


Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540


Pramod Zacharias, E.A.

Free Electronic Filing

**HOUSING PLOTS FOR SALE AT MONIPPALLY**

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# മങ്ക എക്സലൻസ് അവാർഡ് 2025

ബിന്ദു ടിജി

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) പ്രസിഡണ്ട് സുനിൽ വർഗീസിന്റെയും മങ്ക ടീമിന്റെയും നേതൃത്വത്തിൽ നടന്ന അതിമനോഹരമായ ഓണാഘോഷത്തിൽ രണ്ടുപേർക്ക് എക്സലൻസ് അവാർഡ് നല്കി ആദരിച്ചു. മങ്കയ്ക്ക് അവർ നല്കിയ നിസ്തുല സേവനം പരിഗണിച്ചാണ് ഈ അവാർഡുകൾ നല്കിയത്. ഷൈജു വർഗീസ് (റിയൽറ്റർ), സിനോയ്സ് കിച്ചൺ ഇവരാണ് ഈ വിശിഷ്ട അംഗീകാരത്തിന് അർഹരായത്. സർവീസ് എക്സലൻസ് അവാർഡ് നല്കിയാണ് സിനോയ്സ് കിച്ചൺസിനെ ആദരിച്ചത്. മങ്കയുടെ വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തന വേളകളിൽ രുചികരമായ പരമ്പരാഗത നാടൻ ഭക്ഷണം തയ്യാറാക്കിയിരുന്നത് സിനോയ്സ്കിച്ചൺ ആയിരുന്നു. അർപ്പണ ബോധത്തോടെ ഗുണമേന്മയുള്ള വിഭവങ്ങൾ തയ്യാറാക്കി മങ്കയ്ക്ക് നല്കിയ എല്ലാ സഹകരണത്തെയും കണക്കാക്കിയാണ് സിനോയ്സ് കിച്ചൺസിന് ഈ അവാർഡ് നല്കിയത്.





ഓണം ഗ്രാൻഡ് സ്പോൺസർ ഷൈജു വർഗീസിന് (റിയൽറ്റർ, റിയാലിറ്റി എക്സ്പ്രസ്സ്) ബിസിനസ് എക്സലൻസ് അവാർഡ് നല്കി ആദരിച്ചു. റിയൽ എസ്റ്റേറ്റ് രംഗത്തുള്ള ഷൈജുവിന്റെ പ്രവർത്തനങ്ങളും ഒപ്പം മങ്കയോടുള്ള സഹകരണവും കരുതലും പരിഗണിച്ചാണ് ഈ അവാർഡ് സമ്മാനിച്ചത്. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിലും ഓണാഘോഷങ്ങളുടെ ഗ്രാൻഡ് സ്പോൺസർ ഷൈജു വർഗീസ് ആയിരുന്നു. ഷൈജു വർഗീസിന്റെ നേതൃപാടവവും സേവന സന്നദ്ധതയും സാമൂഹിക പ്രതിബദ്ധതയും ഏവർക്കും മാതൃകയാണ്.

പ്രസിഡണ്ട് സുനിൽ വർഗീസും മങ്ക ടീമും അവാർഡ് ജേതാക്കളെ പ്രത്യേകം അഭിനന്ദിച്ചു. അതോടൊപ്പം മങ്കയ്ക്കു അവർ നല്കിയ വിലമതിക്കാനാവാത്ത സേവനത്തിന് ഹൃദയപൂർവം നന്ദി പുറഞ്ഞു.

# RECORD FALLING OF INDIAN RUPEE!

The Indian rupee has recently reached a noteworthy point, trading at 88.27 against the US dollar, reflecting the challenges posed by current economic conditions. Earlier today, it dipped to 88.33, raising discussions around the implications of increased U.S. tariffs on Indian goods and the potential economic landscape for India moving forward.

This trend can be linked to the Trump administration's decision to implement double tariffs on Indian exports, prompting a proactive response regarding India's trade dynamics. Since August 27, a 50% duty has been applied to various Indian products entering the U.S. market, significantly impacting textiles, leather, footwear, and shrimp sectors.

In response to these challenges, Minister of Commerce and Industry Piyush Goyal has announced that the Indian government is poised to introduce initiatives to enhance exports and support exporters navigating the complexities of the global trade environment.

Market analysts indicate that the Reserve Bank of India (RBI) may consider measures to stabilize the currency market if the rupee approaches the 88.50 mark. The rupee's decline highlights the need to address the ongoing trade tensions with the United States. However, this situation may also provide opportunities for the government to achieve higher returns from the RBI.

The Indian rupee is currently facing challenges as one of the weaker currencies in Asia this year, having depreciated by about 3% against the dollar. Given the heightened tariffs on Indian goods, this underperformance may continue.




Dr. Mathew Joys, Las Vegas

On the flip side, the rupee's decline could potentially lead to increased dollar reserves through strategic currency sales. This could assist the government in managing rising salaries and pensions for central government employees and retirees, especially in light of the Eighth Pay Commission and recent adjustments in GST rates. Proactive strategies will be essential to maintain export competitiveness and mitigate impacts on corporate revenues and profits.

Economists have noted that the 50% tariffs could reduce 60-80 basis points from India's GDP growth if sustained for a year, presenting an incentive for stakeholders to collaborate on innovative solutions. Sectors that may face the most significant effects from these tariffs include textiles, gems and jewellery, chemicals, and seafood. By addressing these challenges head-on, India can strengthen its economic resilience and maintain growth momentum.

# ഇന്നു ഞാൻ, നാളെ നീ

ചൂളം അടിച്ചു പായുന്ന തീവണ്ടി
ഭാരം അറിയാതെ മുന്നോട്ടു നീങ്ങുന്നു
നമ്മുടെ ജീവിതം ആർക്കെല്ലാം വേണ്ടി
അറിയുന്നു മിത്രങ്ങൾ നമ്മുടെശേഷം
പാലമരത്തിൽ തൂങ്ങികിടക്കുന്ന വാവലുപോൽ
നമ്മുടെ ജീവിതം ദൈവത്തിൻ കൈകളിൽ തൂങ്ങികിടക്കുന്നു
ഓടുന്ന വണ്ടിയിൽ ചാടി കയറുമ്പോൾ
കാൽതെറ്റി വീഴുന്ന യാത്രക്കാരെ പോലെ
തിക്കും തിരക്കും ജീവിതപാതയിൽ
ദൈവത്തെ മറക്കുന്നു അറിയാതെ ചിലർ
ജനനവും മരണവും ഓടികളിക്കുന്ന
ഓട്ടകളത്തിലെ ഇരയാണ് നമ്മൾ
ഇന്നു ഞാൻ, നാളെ നീ എന്നൊരുസത്യം
ഓർക്കണം നമ്മുടെ ഓർമ്മയിൽ എപ്പോഴും
രാവും പകലും തളരാതെ പോകും പോലെ
നമ്മുടെ ജീവിതം മുന്നോട്ടു പോകുവാൻ
ജഗദീശൻ നമ്മളെ അനുഗ്രഹിക്കാൻ
പ്രാർത്ഥിക്കാം നമുക്ക് ഒത്തുചേർന്ന്.



ജെയിംസ് ചെട്ടിയാത്ത്

## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

## വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന എക്സ്ട്രാവാഗൻസാ-2025

ഫിലാഡൽഫിയ: അമേരിക്കൻ ആർച്ച് ഡയോസിസിലെ മുഖ്യദേവാലയമായ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ ധനശേഖരണാർത്ഥം ദേവാലയ അങ്കണത്തിൽവെച്ച് (9946 Haldeman Ave, Philadelphia, PA-19115) ഇന്ത്യൻ ഫുഡ് ഫെസ്റ്റിവൽ (എക്സ്ട്രാവാഗൻസാ-2025) സെപ്റ്റംബർ 27-ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ നടത്തുന്നതാണ്.



മുൻവർഷം നടത്തിയ എക്സ്ട്രാവാഗൻസായുടെ വൻ വിജയത്തെ തുടർന്ന് ഈ വർഷവും വളരെ വിപുലമായ രീതിയിൽ ഭംഗിയായും ചിട്ടയായും ആണ് കാര്യങ്ങൾ ക്രമീകരിക്കുന്നതെന്ന് റവ.ഫാ. രാജൻ പീറ്റർ (വികാരി) പറയുകയുണ്ടായി.

ഈ വർഷവും പതിവുപോലെ കലാപരിപാടികൾ, ആർട്ട് എക്സിബിഷൻ, പ്ലാന്റ് സെയിൽ, ഇന്ത്യൻ ഗാർമെന്റ് സെയിൽ, മെഹന്തി, ഹെന്ന & ഫേസ് പെയിന്റിംഗ്, കുട്ടികൾക്കായുള്ള ബൗൺസ് ഹൗസ് തുടങ്ങിയ ധാരാളം വ്യത്യസ്തവും നൂതനവുമായ കാര്യങ്ങൾ ഒരുക്കിയിട്ടുള്ളതായി പള്ളിയുടെ പത്രക്കുറിപ്പിൽ അറിയിക്കുകയുണ്ടായി.

ഈ മേളയുടെ വൻ വിജയത്തിനായി നിർലോഭമായ സഹായസഹകരണങ്ങൾ നല്കിയ വ്യാപാരസ്ഥാപനങ്ങളോടും വ്യക്തികളോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുകയും പ്രായഭേദമെന്യേ എല്ലാവർക്കും ആഘോഷിച്ചുല്ലസിക്കുവാൻ തക്കവണ്ണം ഒരുക്കിയ വിവിധയിനങ്ങളിലുള്ള കലാ-കായിക മേളയും കൂടാതെ നാവിലൂറും രുചികരമായ വിവിധയിനം ഭക്ഷണശാലകളും തനിനാടൻ തട്ടുകട, അമ്മച്ചിയുടെ കലവറ, കാന്താരി കിച്ചൻ, തണ്ണീർ പന്തൽ എന്നീ വിവിധതരം ഭക്ഷണശാലകൾ ഈ മേളയിൽ ഒരുക്കിയിട്ടുണ്ട്. ഇത് ഈ വർഷത്തെ എക്സ്ട്രാവാഗൻസായുടെ മറ്റൊരു പ്രത്യേകതയുമാണ്.

ഈ എക്സ്ട്രാവാഗൻസായുടെ ഏറ്റവും വലിയ പ്രത്യേകത യുവതലമുറ നേതൃത്വം കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്നു എന്നതാണ്. കൂടാതെ ഈ വർഷത്തെ മുഖ്യലക്ഷ്യം പൊതു ഉപയോഗത്തിനായുള്ള ഔട്ട് ഡോർ കിച്ചൻ, സ്റ്റോറേജ് ഏരിയ എന്നിവ നിർമ്മിക്കുകയും ചെയ്യുക എന്നതാണ്. ഈ മേളയിലെ ഭക്ഷണവിഭവങ്ങൾ പ്രീ ഓർഡർ ചെയ്യുവാനുള്ള ക്രമീകരണങ്ങളും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നതോടൊപ്പം ഈ മേളയിലേക്ക് ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതായും കമ്മിറ്റി അറിയിച്ചു.


റവ. ഫാ. ഗീവർഗീസ് അരുൺ, ജോർജ് മാർക്കോസ്, ജിമ്മി ജേക്കബ്

ജീമോൻ ജോർജ്

ജോർജ്, മാത്യൂസ് മഞ്ച, ഗാബിയോ ജോസ്, ബിനു പി. തോമസ്, സെറിൻ ചെറിയാൻ കുരുവിള, ലിസി തോമസ്, ഏലിയാസ് പോൾ, സാബു സ്കറിയ, സുബിൻ ബിജു തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ എക്സ്ട്രാവാഗൻസായുടെ വൻ വിജയത്തിനായി നാളുകളായി അഹോരാത്രം ഒത്തൊരുമിച്ചു പ്രവർത്തിച്ചുവരുന്നതായും അറിയിക്കുകയുണ്ടായി. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: https://saintpeterscathedral.org/

# ഫിയാക്കോന സിൽവർ ജൂബിലി ഗ്ലോബൽ കോൺഫറൻസ് ഫിലാഡൽഫിയയിൽ

ഫിലാഡൽഫിയ: ഇന്ത്യയിലെ ക്രിസ്ത്യൻ സമൂഹത്തോടുള്ള ഐക്യദാർഢ്യവും മതസ്വാതന്ത്ര്യ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര പ്രതിബദ്ധതയും പ്രകടിപ്പിച്ചുകൊണ്ട് ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (ഫിയാക്കോന) സംഘടിപ്പിക്കുന്ന സിൽവർ ജൂബിലി ഗ്ലോബൽ കോൺഫറൻസ് ഒക്ടോബർ 3 മുതൽ 5 വരെ ഫിലാഡൽഫിയ എയർപോർട്ടിലെ എംബസി സ്യൂട്ട്സ് ഹോട്ടലിൽ നടക്കും. സമ്മേളനത്തിൽ മതസ്വാതന്ത്ര്യവും സാമൂഹിക നീതിയും സംബന്ധിച്ച വർക്ക് ഷോപ്പുകളും പാനൽ ചർച്ചകളും സംഘടിപ്പിക്കപ്പെടും.




പ്രമുഖ മത, സാമൂഹിക, രാഷ്ട്രീയ നേതാക്കളുടെ സാന്നിദ്ധ്യം കോൺഫറൻസിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. മുഖ്യാതിഥികളിൽ സിഎസ്ഐ മോഡറേറ്റർ ബിഷപ് റവ.ഡോ. കെ. റൂബൻ മാർക്ക്, ഹൈബി ഈഡൻ എംപി, എഴുത്തുകാരനും ചിന്തകനുമായ ഡോ. കെ. ബാബു വർഗീസ്, നാഷണൽ ക്രിസ്ത്യൻ കൗൺസിൽ ഇന്ത്യ ഡോ. കെ. സാം പോൾ, പിസിനാക് കൺവീനർ പാസ്റ്റർ ജോർജ് സ്റ്റീഫൻസൺ, സുപ്രീംകോടതി അഭിഭാഷകൻ പി.ഐ. ജോസ്, ബിഷപ് ഡോ. സി.വി. മാത്യു, ബിഷപ് ഡോ. ജോൺസി ഇട്ടി എന്നിവർ ഉൾപ്പെടുന്നു.

കൂടാതെ അമേരിക്കൻ ഗവൺമെന്റിന്റെ ഫെയ്ത് ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷ പോളാ വൈറ്റ്, അമേരിക്കൻ കോൺഗ്രസ് സെനറ്റ് അംഗങ്ങൾ, റിലീജിയസ് പ്രീഡം കമ്മീഷൻ അംഗങ്ങൾ എന്നിവർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സംഘാടകർ വ്യക്തമാക്കി.

ഫിയാക്കോനയുടെ 25-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ കോൺഫറൻസ് ഇന്ത്യയിലെ ക്രിസ്ത്യൻ സമൂഹം നേരിടുന്ന വെല്ലുവിളികളും മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ആശങ്കകളും ആഗോളവേദിയിൽ ശക്തമായി ഉയർത്തിക്കാട്ടുമെന്നാണ് പ്രതീക്ഷ. രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്: www.fiacona.org സന്ദർശിക്കണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.

# കുവൈറ്റ് മദ്യദുരന്തത്തിൽ മരിച്ചവരുടെ അവയവങ്ങൾ മറ്റുള്ളവരിൽ തുടിക്കും

കുവൈറ്റ് സിറ്റി: കുവൈറ്റിൽ കഴിഞ്ഞ മാസമുണ്ടായ വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ അവയവങ്ങൾ നിരവധി പേർക്കു പുതുജീവൻ നൽകി.

മസ്തിഷ്കമരണം സംഭവിച്ച പത്തുപേരുടെ അവയവങ്ങൾ നിരവധി ആളുകളിലേക്കു മാറ്റിവെക്കുകയായിരുന്നു. ദേശീയമാധ്യമമായ കുവൈറ്റ് ടൈംസിനു നൽകിയ അഭിമുഖത്തിൽ പ്രമുഖ ട്രാൻസ്പ്ലാന്റ് സർജനും കുവൈറ്റ് ഓർഗൻ ട്രാൻസ്പ്ലാന്റ് സെന്റർ ചെയർമാനുമായ ഡോ. മുസ്തഫ അൽ മൗസവിയാണ് ഇക്കാര്യം അറിയിച്ചത്. മദ്യദുരന്തത്തിനു പിന്നാലെ 20 പേരെയാണ് തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. ഇവരിൽ മസ്തിഷ്ക മരണം സംഭവിച്ചവരും ഹൃദയാഘാതം വന്നവരുമുണ്ടായിരുന്നു. മസ്തിഷ്ക മരണം സംഭവിച്ചവരുടെ കുടുംബങ്ങളുമായി ബന്ധപ്പെടുകയും അവയവദാനത്തിനായി അനുമതി തേടുകയും ചെയ്തു. 12 പേരുടെ ബന്ധുക്കളുമായാണു ബന്ധപ്പെട്ടത്. ഇതിൽ പത്തുപേരുടെ കുടുംബം അനുമതി നൽകി. 20 വൃക്കകൾ, മൂന്ന് ഹൃദയങ്ങൾ, നാല് കരളുകൾ, രണ്ട് ശ്വാസകോശങ്ങൾ എന്നിവ മസ്തിഷ്കമരണം സംഭവിച്ചവരിൽനിന്ന് ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു. ഇതിൽ ഹൃദയങ്ങളും വൃക്കകളും കുവൈറ്റിൽത്തന്നെയുള്ള രോഗികളിൽ മാറ്റിവെച്ചു. രാജ്യത്ത് കരൾ മാറ്റിവെക്കൽ ചികിത്സ താത്കാലികമായി നിർത്തിവെച്ചിരിക്കുന്നതിനാൽ കുവൈറ്റി രോഗികളുടെ ശസ്ത്രക്രിയകൾക്കായി കരളുകൾ അബുദാബിയിലേക്ക് അയച്ചതായും ഡോ. മുസ്തഫ അൽ മൗസവി പറഞ്ഞു. കുവൈറ്റിൽ കഴിഞ്ഞമാസമുണ്ടായ വിഷമദ്യദുരന്തത്തിൽ 160 പേരാണു ചികിത്സ തേടിയത്. ഇതിൽ 23 പേർ മരിക്കുകയും 21 പേർക്കു കാഴ്ച നഷ്ടമാകുകയും ചെയ്തിരുന്നു. 51 പേരുടെ വൃക്കകൾ തകരാറിലായി. ഇവർ ഇപ്പോഴും ഡയാലിസിസ് നടത്തിവരികയാണ്. 31 പേർക്കു മെക്കാനിക്കൽ വെന്റിലേഷൻ നൽകേണ്ടിവന്നു. 20 പേർ അത്യാഹിതവിഭാഗത്തിൽ തുടരുകയാണ്.

വ്യാജമദ്യ നിർമാണ-വിതരണവുമായി ബന്ധപ്പെട്ട് സ്ത്രീകളടക്കം ഇതിനോടകം 67 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്ത്യ, ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽനിന്നുള്ളവരാണ് പിടിയിലായത്. ഇവരെ കാത്തിരിക്കുന്നത് കടുത്ത ശിക്ഷയാണ്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ ശക്തമായ നടപടികൾ സ്വീകരിക്കാനാണു സർക്കാർ തീരുമാനം. വിഷമദ്യം കഴിച്ച് ആശുപത്രിയിൽ കഴിയുന്ന എല്ലാവരെയും ഡിസ്ചാർജ് ചെയ്തശേഷം കരിമ്പട്ടികയിൽപ്പെടുത്തി നാടു കടത്തുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. 10 വ്യാജമദ്യ നിർമാണ കേന്ദ്രങ്ങൾ കണ്ടെത്തിയതായും ഇവ അടച്ചുപൂട്ടിയതായും അധികൃതർ അറിയിച്ചു.

# ഇന്ത്യ-യൂറോപ്യൻ യൂണിയൻ: സ്വതന്ത്ര വ്യാപാരക്കരാർ വരുന്നു

ന്യൂഡൽഹി: ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാരക്കരാർ ഉടൻ യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ജർമൻ വിദേശകാര്യമന്ത്രി ജോവാൻ വാദെഫുല്ലുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയതിനുശേഷം സംയുക്ത പത്രസമ്മേളനത്തിലാണ് എസ്. ജയശങ്കർ ഇക്കാര്യം അറിയിച്ചത്. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര്യവ്യാപാരക്കരാർ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളെ ജർമനി പിന്തുണയ്ക്കുമെന്ന് ജർമൻ വിദേശകാര്യമന്ത്രി പറഞ്ഞു. വാണിജ്യം ഉൾപ്പെടെ വിവിധമേഖലകളിൽ സഹകരണം ശക്തമാക്കാൻ ഇന്ത്യയും ജർമനിയും തീരുമാനിച്ചതായി നേതാക്കൾ പറഞ്ഞു. ട്രംപുമായി താരിഫ് യുദ്ധം തുടരുന്ന സാഹചര്യത്തിൽ ബദൽ കമ്പോളങ്ങൾ തേടാനുള്ള ശ്രമങ്ങൾ ഇന്ത്യ തുടരുന്നതിന്റെ ഭാഗമായാണ് കൂടിക്കാഴ്ച നടന്നത്. ഇന്ത്യയിൽ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും തടസ്സം ജർമൻ കമ്പനികൾക്കുണ്ടായാൽ സർക്കാർ അതിന് പ്രത്യേകശ്രദ്ധ കൊടുത്ത് ഇടപെടുമെന്നും എസ്. ജയ്ശങ്കർ വ്യക്തമാക്കി.

# കോരസൺ വർഗീസിന്റെ 'പ്രവാസിയുടെ നേരും നോവും'

ജി. രാജ്

തന്റെ നിഴലിന്റെ നീളം നോക്കി, തന്നെ ഇത്രയും വലിയവനാക്കാൻ പ്രകാശത്തിന് കഴിയുന്നല്ലോ എന്ന ശുഭചിന്തയാൽ നയിക്കപ്പെടുന്ന എഴുത്തുകാരൻ ശ്രീ കോരസൺ വർഗീസ് അദ്ദേഹത്തിന്റെ പുതിയ പുസ്തകം– 'പ്രവാസിയുടെ നേരും നോവും.' മലയാ




കോരസൺ വർഗീസ്

ളികളുടെ അമേരിക്കൻ പ്രവാസ ജീവിതത്തെക്കുറിച്ചുള്ള ചരിത്രം മനസ്സിലാക്കാനുള്ള കൗതുകം കൊണ്ടാണ് പുസ്തകം സിബി ഡേവിഡ് വഴി ആവശ്യപ്പെട്ടത്. കോരസൺ വർഗീസ് ഒട്ടും താമസിക്കാതെ പുസ്തകം അയച്ചുതന്നു. നന്ദി രണ്ടുപേർക്കും.

മലയാളികളുടെ അമേരിക്കൻ ജീവിതാനുഭവങ്ങളുടെ ഒരു നേരെഴുത്ത് ആയിരിക്കും ഈ കൃതി എന്നാണ് കരുതിയത്. 'അമീറയുടെ പോരാട്ടങ്ങൾ' എന്ന ആദ്യ അദ്ധ്യായംതന്നെ ആ പ്രതീക്ഷ മാറ്റിമറിച്ചു. ഒരു യാത്രാവിവരണമാണോ ഇതെന്ന സംശയത്തെ മാറ്റിയത് അമീറയുടെ നോവുകൾ ഹൃദയത്തെ നീറ്റിത്തുടങ്ങിയപ്പോളാണ്.

പ്രവാസം എന്നത് ഒരു പ്രതീക്ഷയാണ്. പറുദീസ തേടിയുള്ള പ്രയാണം മാത്രമല്ല പ്രവാസം. ജീവിതായോധനത്തിനായി, മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലിനുമായി, ജീവരക്ഷ





യ്ക്കായി, നാടുകടത്തപ്പെട്ട അവസ്ഥയിൽ ഒക്കെ പ്രവാസജീവിതം നയിക്കേണ്ടിവരുന്നുണ്ട്. പ്രവാസം എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ നോവിന്റെ അനുഭവങ്ങളുണ്ട്. ലോകത്തെവിടെയുമുള്ള പ്രവാസത്തിന്റെ നോവുകളിലേക്ക് കണ്ണോടിക്കുന്നതാണ് കോരസൺ വർഗീസിന്റെ പ്രവാസിയുടെ നേരും നോവും എന്ന കൃതി. ലോക ജനസംഖ്യയിൽ ഏഴിൽ ഒരാൾ പ്രവാസിയാണെന്ന് കണക്കുകൾ ഉദ്ധരിച്ച് ലേഖകൻ സമർത്ഥിക്കുന്നു. അപ്പോൾ പ്രവാസം എന്നത് എത്ര വിപുലമായ വിഷയമാണ്, നാം വേണ്ടത്ര പ്രാധാന്യം കൊടുത്ത് ചർച്ച ചെയ്യാത്ത വിഷയം.

റോഹിങ്ക്യൻ അഭയാർത്ഥികളുടെ കാര്യത്തിൽ ആയാലും കറുത്ത വർഗ്ഗക്കാർ നേരിടുന്ന വർണ്ണ വിവേചനങ്ങളിലായാലും പലസ്തീൻ പ്രശ്നത്തിലായാലും മനുഷ്യപക്ഷത്താണ് എഴുത്തുകാരൻ. വിവേചനങ്ങളും അവഗണനകളും കാണുന്നിടത്തൊക്കെ എഴുത്തുകാരന്റെ മനസ്സിൽ നോവ് പടരുന്നുണ്ട്. ആ നോവുകൾ വാക്കുകളായി രൂപം പ്രാപിക്കുന്നതാണ് ഇതിലെ ഏറെ എഴുത്തുകളും.

അമേരിക്കയിൽ സമീപ ഭാവിയിൽ ത്തന്നെ അന്യംനിന്നു പോകാൻ സാദ്ധ്യതയുള്ള മലയാളി ജീവിത തനിമയെക്കുറിച്ച് ഉത്കണ്ഠാകുലനാണ് ലേഖകൻ. തായ്‌വേരുകൾ മറക്കാൻ പ്രയാസപ്പെടുന്നവരാണ് ഇവിടെ ചേക്കേറിയ മലയാളികളെങ്കിൽ അവരുടെ അനന്തര തലമുറ തായ്‌വേരുകളെക്കുറിച്ചുള്ള ചിന്ത അല്പമേ ഇല്ലാത്തവരാണ്. പ്രവാസി സാഹിത്യം, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള പരിവർത്തനങ്ങൾ, അമേരിക്കൻ രാഷ്ട്രീയരംഗം, വർണ്ണവിവേചനങ്ങളുടെ പുതിയ മുഖങ്ങൾ തുടങ്ങി രചയിതാവിന്റെ സർവ്വതല സ്പർശിയായ അറിവ് അതിനൊക്കെ അനുസൃതമായ ഭാഷയിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്നു. പുറത്തുകാണുന്ന ഏതു ശാന്തതയ്ക്കപ്പുറവും പ്രശ്നങ്ങളുടെയും ദുഃഖങ്ങളുടെയും ലോകമുണ്ടെന്ന് കാണിച്ചുതരുകയാണ് ലേഖകൻ. അതുപോലെ പ്രശ്നങ്ങളിൽ കൂട്ടാളിയാകുന്ന മനുഷ്യസ്നേഹികളെയും കാണാതിരിക്കുന്നില്ലതാനും. ഇന്ത്യയിലെ പ്രളയത്തിന് സംഭാവന നല്കുന്ന പാക്കിസ്ഥാനിയും റോഹിങ്ക്യ കുഞ്ഞുങ്ങളെ പരിചരിക്കുന്ന മലയാളി പെൺകുട്ടിയും എഴുത്തുകാരന്റെ ഹൃദയത്തെ സ്പർശിച്ചതുപോലെ വായനക്കാരന്റെ ഹൃദയത്തെ സ്പർശിക്കത്തക്കവണ്ണം ആവിഷ്കരിച്ചിട്ടുണ്ട്.

കണ്ണീരിന്റെ ഉപ്പിനെ രസക്കൂട്ടാക്കുന്ന പ്രവാസ ജീവിതത്തെപ്പോലെ ദുഃഖകരമായ വിഷയങ്ങളെ സുന്ദരമായി ആവിഷ്കരിക്കാനുള്ള എഴുത്തുകാരന്റെ കഴിവ് വിളിച്ചോതുന്നതാണ് ഈ പുസ്തകത്തിലെ ഒട്ടുമിക്ക ലേഖനങ്ങളും. വിരസവിഷയങ്ങളുടെ എഴുത്തിൽപ്പോലും കഥയുടെ മർമ്മരങ്ങളുണ്ട്, കാവ്യഭംഗി വരുത്തുവാനുള്ള ശ്രമമുണ്ട്.

പെട്ടെന്നു വായിച്ചു തീർത്ത് പെട്ടെന്നുതന്നെ തയ്യാറാക്കിയ കുറിപ്പാണിത്. ദീർഘമായ ഒരു ആസ്വാദനം ഈ



ലേഖകൻ

പുസ്തകത്തിന് എഴുതേണ്ടതുണ്ടെന്ന ചിന്ത മനസ്സിൽ കുടുങ്ങിക്കിടക്കുന്നുണ്ട്. വ്യത്യസ്തമായ ഒരു വായനാനുഭവം നല്കുന്ന ഈ പുസ്തകത്തിന്റെ രചയിതാവിന് ഹൃദയംനിറഞ്ഞ അനുമോദനം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.04 |
| യൂറോ | 103.26 |
| സ്റ്റെർലിംഗ്പൗണ്ട് | 119.14 |
| സ്വിസ് ഫ്രാങ്ക് | 110.70 |
| സിംഗപ്പൂർ ഡോളർ | 68.56 |
| കനേഡിയൻ ഡോളർ | 63.79 |
| ഒമാൻ റിയാൽ | 228.97 |
| ബഹ്റൈൻ ദിനാർ | 233.54 |
| സൗദി റിയാൽ | 23.46 |
| യു.എ.ഇ. ദിർഹം | 24.01 |
| കുവൈത്ത് ദിനാർ | 288.26 |

# പമ്പ എ.ഐ. സെമിനാർ സംഘടിപ്പിക്കുന്നു

ജോർജ് ഓലിക്കൽ

ഫിലാഡൽഫിയ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) എന്ന വിഷയത്തെക്കുറിച്ച് വിജ്ഞാനം നല്കുന്ന സെമിനാറും ചർച്ചാക്ലാസും പമ്പ മലയാളി അസോസിയേഷൻ സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 13–ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നാല് വരെയുള്ള സമയത്ത് പമ്പ ഇന്ത്യൻ കമ്യൂണിറ്റി സെന്റർ (9726 ബസ്സൽറ്റൻ അവന്യു യൂണിറ്റ് 1) ലാണ് സെമിനാർ നടക്കുന്നത്.

ആധുനിക സാങ്കേതിക വിദ്യയിലെ ഏറ്റവും നൂതന സംവിധാനമായ നിർമ്മിത ബുദ്ധി എന്താണ്, അത് എങ്ങനെ പ്രവർത്തിക്കുന്നു, അനുദിന ജീവിതത്തിൽ എ.ഐ കൊണ്ടുള്ള പ്രയോജനങ്ങൾ, ഈ സാങ്കേതിക വിദ്യ ഉത്തരവാദിത്വത്തോടെ എങ്ങനെ ഉപയോഗിക്കാം, ഇതിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നല്കാൻ പ്രാപ്തരായവർ നയിക്കുന്ന സെമിനാറിൽ പങ്കെടുക്കാൻ ഏവരെയും ക്ഷണിക്കുന്നു.

ഡോ. ഈപ്പൻ ഡാനിയേൽ, മോഡി ജേക്കബ്, ഡേവിഡ് ഫിലിപ്പ് എന്നിവരാണ് സെമിനാറിൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ജോൺ പണിക്കർ (പ്രസിഡണ്ട്) 215 605 5109, ജോർജ് ഓലിക്കൽ (ജനറൽ സെക്രട്ടറി) 215 873 4365, സുമോദ് നെല്ലിക്കാല (ട്രഷറർ) 267 322 8527.



# എംജിയുടെ വ്യാജ ബിരുദ സർട്ടിഫിക്കറ്റിൽ 16 പേർ ജോലി നേടി

കോട്ടയം: എം.ജി. സർവകലാശാലയുടെ വ്യാജ ബിരുദ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് കേരള സർക്കാർ സർവീസിലും വിദേശത്തുമായി 16 പേർ ഉദ്യോഗം നേടിയതായി കണ്ടെത്തി.

ഇതിൽ 12 പേരും കേരളത്തിനു പുറത്ത് ജോലി നേടിയവരാണ്. അതതു സ്ഥാപനങ്ങൾ സർട്ടിഫിക്കറ്റുകൾ സാധുതാ പരിശോധനയ്ക്ക് സർവകലാശാലയിലേക്ക് അയച്ചപ്പോഴാണ് വ്യാജമെന്നു തിരിച്ചറിഞ്ഞത്. 2020 മുതൽ 2025 വരെയുള്ള കണക്കാണിത്.

ഇവർക്കെതിരെ പോലീസിൽ പരാതിയും കോടതിയിൽ കേസുമുണ്ട്. സർവീസിൽനിന്നും പിരിച്ചുവിട്ടു. ബി.കോമിന്റെ വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കിയ ഒരു ഉദ്യോഗാർത്ഥി സംസ്ഥാനത്തെ ചരക്കു സേവനനികുതി ഓഫീസിലും ബിഎസ്സി (ഫിസിക്സ്) വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി മറ്റൊരാൾ സർക്കാരിന്റെ വേറൊരു വകുപ്പിലുമാണ് കടന്നുകൂടിയത്.

ഇടുക്കി ജില്ലയിലെ ഒരു സഹകരണ ബാങ്കിൽ ബി.കോംകാരനും സ്വകാര്യ സ്ഥാപനത്തിൽ ബി.ടെക് കാരനും ജോലി നേടി. ഒരാൾ ഒമാനിൽ സ്വകാര്യ കമ്പനിയിൽ ജോലി നേടിയ ആളാണ്. മറ്റൊരു ബിടെക് ബിരുദധാരിയുടെ കേസ് ക്രൈംബ്രാഞ്ച് അന്വേഷണത്തിലുമാണ്.

ബിബിഎ, ബി. ഫാം, ബിസിഎ, ബിഎ, എൽഎൽബി തുടങ്ങിയവയുടെയും വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ജോലി നേടിയവരുണ്ട്. കേരള സർവകലാശാലയുടെ വ്യാജ സർട്ടിഫിക്കറ്റുകൾ നല്കി ജോലി നേടിയ 47 പേരെ അഞ്ചു വർഷത്തിനിടെ വിവിധ സ്ഥാപനങ്ങൾ പിരിച്ചുവിട്ടിരുന്നു

# ഖലിസ്ഥാൻ ഭീകരസംഘടനകൾ രാജ്യത്ത് പ്രവർത്തിക്കുന്നുവെന്ന് കാനഡ സർക്കാർ

ഒട്ടാവ: ഖലിസ്ഥാൻ ഭീകരസംഘടനകൾ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പ്രവർത്തനത്തിനായി ഫണ്ട് സമാഹരിക്കുന്നുണ്ടെന്നും തുറന്നു സമ്മതിച്ച് കനേഡിയൻ സർക്കാർ. വിഘടനവാദ സംഘടനകളായി ഇന്ത്യ ചൂണ്ടിക്കാട്ടിയ ബബ്ബർ ഖൽസ ഇന്റർനാഷണൽ, ഇന്റർനാഷണൽ സിഖ് യൂത്ത് ഫെഡറേഷൻ എന്നിവയ്ക്ക് കാനഡയിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെന്നാണ് രഹസ്യാന്വേഷണവിഭാഗം കണ്ടെത്തിയതെന്ന് ധനകാര്യവകുപ്പ് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. ഖലിസ്ഥാൻ സംഘടനകൾക്കു പുറമെ, ഹിസ്ബുള്ള, ഹമാസ് തുടങ്ങിയ സംഘടനകൾക്കും കാനഡയിൽനിന്ന് സാമ്പത്തികസഹായം ലഭിക്കുന്നുണ്ടെന്നാണു വെളിപ്പെടുത്തൽ.

'കാനഡയിലെ കള്ളപ്പണം വെളുപ്പിക്കൽ, തീവ്രവാദ സാമ്പത്തിക സഹായത്തിന്റെ അപകട സാധ്യതകൾ-2025' എന്ന പേരിൽ പുറത്തുവിട്ട പുതിയ റിസ്ക് റിപ്പോർട്ടിലാണ് കനേഡിയൻ ധനകാര്യവകുപ്പ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഇതാദ്യമായാണ് വിഘടനവാദ-തീവ്രവാദ സംഘടനയ്ക്ക് രാജ്യത്തുനിന്നു സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെന്ന് കാനഡ ഔദ്യോഗികമായി തുറന്നു സമ്മതിക്കുന്നത്. ഖലിസ്ഥാൻ ഭീകരർ കാനഡയിൽ താവളമൊരുക്കുകയും സാമ്പത്തികസഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ടെന്ന ഇന്ത്യയുടെ ദീർഘകാലമായുള്ള വാദമാണ് കനേഡിയൻ സർക്കാരും അംഗീകരിച്ചിരിക്കുന്നത്.

രാഷ്ട്രീയനേട്ടത്തിനും സ്വന്തം ആശയങ്ങൾക്കുവേണ്ടിയും അക്രമത്തെ കൂട്ടുപിടിക്കുന്ന സംഘങ്ങളുടെ വിഭാഗത്തിലാണ് രണ്ടു ഖലിസ്ഥാൻ ഗ്രൂപ്പുകളെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നേരത്തേ ഇത്തരം സംഘടനകൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി വിപുലമായ ശൃംഖല ഉണ്ടായിരുന്നു. അതേസമയം, ഇപ്പോൾ അവരുടെ ലക്ഷ്യത്തോട് താൽപ്പര്യമുള്ള, എന്നാൽ ഏതെങ്കിലും സംഘടനയോട് പ്രത്യേക ബന്ധമില്ലാത്ത വ്യക്തികളിൽനിന്നും ചെറിയ കൂട്ടായ്മകളിൽനിന്നുമാണ് ഫണ്ട് ശേഖരിക്കുന്നതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

പഞ്ചാബിൽ സ്വതന്ത്ര രാഷ്ട്രം സ്ഥാപിക്കാൻ ഖലിസ്ഥാൻ തീവ്രവാദ സംഘടനകൾ അക്രമത്തെ കൂട്ടുപിടിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. മയക്കുമരുന്നു കടത്തിനും വാഹനമോഷണത്തിനുമായി ഇത്തരം സംഘടനകൾ ചാരിറ്റബിൾ ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്നുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

കാനഡയിലെ ഖലിസ്ഥാനി പ്രവർത്തനങ്ങളെക്കുറിച്ച് ഇന്ത്യ പലതവണ ആശങ്ക ഉന്നയിച്ചിട്ടുണ്ട്. എന്നാൽ, കനേഡിയൻ ഭരണകൂടം ഏറെക്കാലമായി ഇത് അവഗണിക്കുകയായിരുന്നു. അതിന്റെ പേരിൽ ജസ്റ്റിൻ ട്രൂഡോ കാനഡയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ ഇന്ത്യ-കാനഡ ബന്ധം വഷളായിരുന്നു. ട്രൂഡോ മാറിണാർക്ക് കാർണി പ്രധാനമന്ത്രിയായതോടെയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടത്. സിഖ് നേതാവും ഖലിസ്ഥാനി പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാളുമായ ഹർദീപ് സിങ് നിജ്ജറിനെ കാനഡയിൽവെച്ച് ഇന്ത്യ കൊലപ്പെടുത്തിയെന്നായിരുന്നു അന്ന് കാനഡ ആരോപിച്ചത്. ഈ വാദം ഇന്ത്യ തള്ളിയിരുന്നു.

# ഓണാഘോഷങ്ങളും മലയാളി മനസ്സിന്റെ നൈർമ്മല്യതയും

ഫിലാഡൽഫിയാ: 'മലയാളി ഇല്ലാത്ത മണ്ണില്ല' എന്നുള്ള ആപ്തവാക്യത്തിന്റെ യാഥാർത്ഥ്യമായി ഭൂമണ്ഡല വ്യാപകമായി പാർക്കുന്ന മലയാളി മക്കളുടെ അത്യധികം ആകൃഷ്ടമായ ആഘോഷമാണ് തിരുവോണം. ശത്രുമിത്രഭേദം ഇല്ലാതെ, വർഗ്ഗീയ പ്രവണത ഇല്ലാതെ, ജാതിമത വ്യതിയാനം ഇല്ലാതെ സ്നേഹത്തോടും സന്മനസോടും സാഹോദര്യ ചിന്താഗതിയോടെ മനുഷ്യസമൂഹം മഹാബലി ചക്രവർത്തിയുടെ കേരളത്തിലെ ഭരണകാലയളവിൽ ആനന്ദമായി ജീവിച്ച മധുരിമയുടെ പുനരുദ്യാനമായി ഓണദിനം ആചരിക്കുന്നു, ആഘോഷിക്കുന്നു.

കൊല്ലവർഷാരംഭത്തിലെ ആദ്യമാസമായ ചിങ്ങമാസത്തിൽതന്നെ അത്തച്ചമയത്തോടെ 10 ദിവസം സുദീർഘമായ ഓണക്കാലം മലയാളികൾ സമൃദ്ധമായി ആഘോഷിക്കുന്നു. വിദേശ രാജ്യങ്ങളിൽ ഓണാവധി ലഭിക്കാത്തതിനാൽ വാരാന്ത്യ ദിവസങ്ങളായ ശനി-ഞായർ ദിവസങ്ങളിൽ ഓണപ്പരിപാടികൾ മലയാളികൾ ക്രമീകരിക്കുന്നു.



ഇന്ത്യൻ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 മുതൽ ഓണാഘോഷ പരിപാടികൾ ബാഹ്യകേരള ജനത വിവിധ സംഘടനകളുടെ താത്പര്യാനുസരണം കലാപരിപാടികളോടുകൂടി സമൃദ്ധമായിതന്നെ ആഘോഷിക്കുന്നത് പതിവായി മാറി.

മാതൃരാജ്യത്തോടുള്ള സ്നേഹവും കടപ്പാടും അവിസ്മരണീയമായി പരിരക്ഷിയ്ക്കുന്നതിലുള്ള ഇന്ത്യൻ ജനതയുടെയും പ്രത്യേകിച്ച് മലയാളി മക്കളുടേയും താത്പര്യം അഭിനന്ദനീയമാണ്. കളിയന്നൂർ പെരുന്തച്ചൻ നിർമ്മാണം നടത്തിയ 12-ാം നൂറ്റാണ്ടിലെ തിരുവല്ല അമ്പലത്തിലെ രേഖാനുസരണം ക്രിസ്തുവർഷാരംഭത്തിനു പിന്നിലായി മൂന്നാം നൂറ്റാണ്ടിലെ സംഘം കാലഘട്ടം വിളവെടുപ്പിനുശേഷം ആഘോഷപൂർവ്വം ഓണാഘോഷങ്ങൾ ആരംഭിച്ചതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു.



കോര ചെറിയാൻ

1961-ൽ കേരള മുഖ്യമന്ത്രി ആയിരുന്ന മൺമറഞ്ഞ പട്ടം താണുപിള്ള ഓണാഘോഷദിനം പൊതു അവധി ദിവസമായി പ്രഖ്യാപിച്ചു. പരമ്പരാഗതമായ ഓണാഘോഷം പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിച്ചതിനാൽ സർക്കാർ തലത്തിലുള്ള അംഗീകാരവും പദവിയും മലയാളി സമൂഹത്തിന് മൊത്തമായി ലഭിച്ചതായി കരുതുന്നു.

പൗരാണിക ശസ്ത്രാനുസരണം പ്രഹ്ളാദന്റെ പൗത്രനും ഹിരണ്യകശിപ്യവിന്റെ പുത്രനും ആയ മഹാബലി മഹാരാജാവിന്റെ ഭരണകാലത്തെ സമാധാനത്തിനും സംപ്രീതിയ്ക്കും സുഭിക്ഷതയ്ക്കും തുല്യതയ്ക്കും ഉപരിയായി പ്രജകളുടെ പരസ്പര സ്നേഹവും ഉത്കണ്ഠയും നവയുഗത്തിൽ ഓർമ്മ മാത്രമായി മാറി.

മഹാബലിയുടെ ഉത്തമ വ്യക്തിത്വത്തിന്റെയും വിശാലമനസ്കതയുടെയും പ്രതീകമായി അശ്വമേധയാഗം ആരംഭിച്ചതായി മലയാളികൾക്ക് മനഃപാഠമായി അറിവുള്ളതാണ്. 99 അശ്വമേധയാഗം വിജയകരമായി നടത്തിയശേഷം യാഗപൂർത്തീകരണത്തിനായി 100-ാം യാഗത്തിന്റെ പ്രാരംഭ നടപടികൾക്ക് തുടക്കംകുറിച്ചതിൽ അസൂയാലുക്കളായ ദേവഗണം മഹാദേവനായ ഇന്ദ്രന്റെ സഹായത്തോടെ മഹാവിഷ്ണുവിന്റെ സാന്നിദ്ധ്യത്തിനുവേണ്ടി യാചിക്കുകയും മഹാവിഷ്ണു ഭൂമിയിൽ എത്തിയശേഷം വാമനവേഷത്തിൽ മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടിതാഴ്ത്തിയതായി ചരിത്രരേഖകൾ കുറിക്കുന്നു.

മഹാബലി പാതാളത്തിൽ വാമനന്റെ ചവിട്ടേറ്റു മറയുന്നതിന് മുൻപായി തന്റെ സ്വന്തം പ്രജകളെ വർഷത്തിലൊരിക്കൽ സന്ദർശിക്കുവാനുള്ള ആഗ്രഹം മഹാവിഷ്ണു അംഗീകരിച്ചു. സന്ദർശനാർത്ഥം മഹാബലി കേരളീയരെ കാണുന്ന സുദിനം ആർഭാട ഓണമായി ഭൂവാസികളായ മലയാളികൾ നൈർമല്യമനസ്സോടെ ലോകാന്ത്യം വരെയും ഘോഷിയ്ക്കട്ടെ.

# മണിപ്പൂർ: സമാധാന ശ്രമത്തിന് കേന്ദ്രം

ന്യൂഡൽഹി: മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള സസ്പെൻഷൻ ഓഫ് ഓപ്പറേഷൻസ് കരാറിൽ കേന്ദ്രസർക്കാരും കുക്കി നാഷണൽ ഓർഗനൈസേഷനും (കെഎൻഒ) യുണൈറ്റഡ് പീപ്പിൾസ് ഫ്രണ്ടും (യുപിഎഫ്) ഒപ്പുവെച്ചു. രണ്ട് വർഷമായി കുക്കി വിഭാഗത്തിന്റെ നിയന്ത്രണത്തിലായിരുന്ന ദേശീയപാത (എൻഎച്ച്)-02 തുറന്നു നൽകാനും ധാരണയായി. മെയ്തെയ് വിഭാഗങ്ങൾ കൂടി ചർച്ചകൾക്ക് എത്തിയാൽ മണിപ്പൂരിൽ സമാധാനത്തിന്റെ വഴിതുറക്കുമെന്നാണ് പ്രതീക്ഷ.

പ്രധാനമന്ത്രി നരേന്ദ്ര മോദി മണിപ്പൂർ സന്ദർശിക്കുമെന്ന അഭ്യൂഹങ്ങൾക്കിടെയാണു കേന്ദ്ര ആഭ്യന്തര മന്ത്രാലയം കുക്കി സംഘടനകളുമായി മാരത്തൺ ചർച്ചകൾ നടത്തിയത്. 23 കുക്കി സായുധ സംഘടനകളുടെ നേതൃസമിതികളാണ് കെഎൻഒയും യുപിഎഫും. ഇരുസംഘടനകളും ഇവർക്കു കീഴിലുള്ള വിഭാഗങ്ങളും ആക്രമണം, പിടിച്ചുപറി, റെയ്ഡ്, തട്ടിക്കൊണ്ടുപോകൽ, ഭീഷണിപ്പെടുത്തൽ എന്നിവ നടത്താൻ പാടില്ലെന്നതാണ് ധാരണ. പുതുക്കിയ വ്യവസ്ഥകളോടെയുള്ള ത്രികക്ഷി കരാറിലാണ് (സസ്പെൻഷൻ ഓഫ് ഓപ്പറേഷൻസ്) ഇപ്പോൾ ഒപ്പുവെച്ചിരിക്കുന്നത്. എല്ലാ കുക്കി-സോ ഗോത്ര വിഭാഗങ്ങളുടെയും ഏകീകൃത സംഘടനയായ കുക്കി-സോ കൗൺസിലുമായി നടത്തിയ ചർച്ചയിലാണ് എൻഎച്ച്-02 തുറക്കാൻ തീരുമാനമായത്. 2008-ലാണു സസ്പെൻഷൻ ഓഫ് ഓപ്പറേഷൻസ് കരാർ മണിപ്പൂരിൽ ആദ്യമായി ഒപ്പുവെക്കുന്നത്. പിന്നീടു പലതവണ ഇതു പരിഷ്കരിച്ചു. എന്നാൽ, കലാപസാഹചര്യത്തിൽ 2024 ഫെബ്രുവരിക്കുശേഷം കരാർ നീട്ടിയിരുന്നില്ല.

ഈ മാസം 13-നു പ്രധാനമന്ത്രി നരേന്ദ്ര മോദി മണിപ്പൂർ സന്ദർശിക്കുമെന്നാണു വിവരം. 2023 മേയിൽ കലാപമുണ്ടായ ശേഷം മോദി മണിപ്പൂരിൽ സന്ദർശനം നടത്തിയിട്ടില്ല. ഇംഫാലിലും ചുരാചന്ദ്പുരിലും സന്ദർശനം നടത്തുമെന്നാണു വിവരം. 13-നും ഇംഫാലിൽ റെയിൽവേ പദ്ധതി ഉദ്ഘാടനം ചെയ്യുമെന്നും സൂചനയുണ്ട്.

# ഭീകരപ്രവർത്തനം: കാശ്മീരിൽ എൻഐഎ റെയ്ഡ്

ശ്രീനഗർ: ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജമ്മു കാഷ്മീർ ഉൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിൽ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (എൻഐഎ) റെയ്ഡ് നടത്തുന്നു. ബാരമുള്ള ജില്ല പഠാൻ ടൗണിലെ സംഗം ഗ്രാമത്തിലുൾപ്പെടെ കാഷ്മീരിൽ ഇരുപതിടത്താണ് എൻഐഎ റെയ്ഡ്.

സംഗം ഗ്രാമത്തിലെ ഉമർ റാഷിദ് ലോൺ എന്നയാളുടെ വീട്ടിൽ റെയ്ഡ് നടത്തിയ എൻഐഎ വിവിധ രേഖകൾ കണ്ടെടുത്തതായാണ് റിപ്പോർട്ട്.

കനത്ത സുരക്ഷയിലാണ് റെയ്ഡ്. കാഷ്മീരിൽ തീവ്രവാദപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണം വ്യാപിപ്പിക്കുകയാണ് എൻഐഎ.

KERALA EXPRESS Matrimonial

# SEEKING BRIDEGROOM

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

# SEEKING BRIDEGROOM CONTD.....

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

# നിര്യാതരായി

## എം.എം. മാത്യു

**നീലൂർ:** മാളിയേക്കൽ (പാറേമ്മാക്കൽ) എം.എം. മാത്യു (കുഞ്ഞുമത്തായി-90) അന്തരിച്ചു. ഭാര്യ കുറുമണ്ണ് ചന്ദ്രൻകുന്നേൽ (ഈഴാറത്ത്) ത്രേസ്യാമ്മ മാത്യു. മക്കൾ: ഫാ. ഹബി മാത്യു, സാജു മാത്യു, ബെന്നി മാത്യു (യുഎസ്). മരുമക്കൾ: സാലി സാജു കാഞ്ഞിരത്തുങ്കൽ, ജോയിസ് മാത്യു.

## ജോസഫ് പ്രകാശ്

**പാറമ്പുഴ:** മുക്കുടി മാലിയിൽ ജോസഫ് പ്രകാശ് (കുഞ്ഞ്-71) അന്തരിച്ചു. ഭാര്യ ആർപ്പൂക്കര വില്ലൂന്നി പുഴക്കര സെലിൻ. മക്കൾ: സുനിൽ പ്രകാശ് (യുഎസ്), ലിജിയ പ്രകാശ് (യുകെ), ജിതിൻ പ്രകാശ് (ബെംഗ്ലൂരു). മരുമക്കൾ: ആൻസ്റ്റി സ്റ്റീഫൻ എരുമേലിക്കര തൊടുപുഴ, വിമേഷ് വിൻസന്റ് പടമാടൻ വടക്കൻപറവൂർ, ട്രീസ ആന്റണി പുന്നൂർ ചങ്ങനാശേരി.

**കല്ലൂപ്പാറ:** സെൻട്രൽ ബാങ്ക് റിട്ട. മാനേജർ പുതുശേരി കാളിയാങ്കലായ മുണ്ടുപാത്തിങ്കൽ എ.ടി. യോഹന്നാൻ (കുഞ്ഞുമോൻ-82) അന്തരിച്ചു.

## ശോശാമ്മ ഫിലിപ്പ്




**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് മുൻ വൈസ് പ്രസിഡണ്ട് കോട്ടയം മൂലവട്ടം കരിമാങ്കൽ കെ.വി. ഫിലിപ്പിന്റെ (അച്ചൻകുഞ്ഞ്) ഭാര്യ ശോശാമ്മ ഫിലിപ്പ് (തങ്കമ്മ-80) അന്തരിച്ചു. മീനടം കരിമ്പിൽ കുടുംബാംഗമാണ്. മക്കൾ: ബിനോയ് ഫിലിപ്പ് (ഡാളസ്), ജീന കോശി (ഫിലാഡൽഫിയ), പരേതനായ പാസ്റ്റർ മനോജ് ഫിലിപ്പ്. മരുമക്കൾ: ബിനു ഫിലിപ്പ് ഡാളസ് (പൊയ്കയിൽ, പത്തനാപുരം), സൈമൺ കോശി മേലേതിൽ ചക്കുപുരക്കൽ ഇലന്തൂർ, സുജ മനോജ് ചെല്ലേത്ത് കുമ്പനാട്.

**കൊല്ലം:** ഹോളിക്രോസ് സിസ്റ്റേഴ്സ് കോൺഗ്രിഗേഷൻ (കൊട്ടിയം) മുൻ പ്രൊവിൻഷ്യലും ഹോളിക്രോസ് ഹോസ്പിറ്റൽ (കൊത്തമംഗലം തമിഴ്നാട്), പെരുമ്പടപ്പ് എന്നിവയുടെ സ്ഥാപക ഡയറക്ടറുമായിരുന്ന സിസ്റ്റർ ഡോ. സൂസൻ മൂലേൽ (85) അന്തരിച്ചു.

**പാലാ:** നെടുമ്പാലക്കുന്നേൽ പരേതനായ മാത്യു ജോസഫിന്റെ ഭാര്യ അനസ്താസിയ (ആനിയമ്മ-84) അന്തരിച്ചു.

**കൊഴുവനാൽ:** പറമ്പകത്ത് റോസമ്മ സ്കറിയ (87) അന്തരിച്ചു.

## തെക്കേവീട്ടിൽ ടി.ടി. മാത്യു



ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ വിമൻസ് ഫോറം പ്രസിഡണ്ട് ശ്രീമതി ഷൈലാ രാജന്റെ പിതാവ് തെക്കേവീട്ടിൽ ടി.ടി. മാത്യു (83) അന്തരിച്ചു. ഭാര്യ പരേതയായ ലീലാമ്മ മാത്യു. മക്കൾ: ഷൈല, ഷെറിൻ. ഫിലാഡൽഫിയ പ്രൊവിൻസ് പരേതന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. നാട്ടിലുള്ള പ്രൊവിൻസ് പ്രസിഡണ്ട് നൈനാൻ മത്തായിയും മറ്റ് അംഗങ്ങളും സംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

**കോട്ടയം:** ഈരയിൽക്കടവ് കാലായിൽ പുത്തൻവീട്ടിൽ (വീനസ് സ്റ്റുഡിയോ കോട്ടയം) പരേതനായ റിട്ട. പ്രഫ. ബി. തോമസിന്റെ (കേരള അഗ്രി. യൂണിവേഴ്സിറ്റി) ഭാര്യ റൂബി തോമസ് (81) അന്തരിച്ചു.

**അരീപ്പറമ്പ്:** പകലോമറ്റം മഹാകുടുംബാംഗമായ പുളിയായിൽ തെക്കേക്കുറ്റ് പി.കെ. കുരുവിള (ജോർജ്-73) അന്തരിച്ചു.

## സൂസമ്മ മാത്യു

**കുഴിമറ്റം:** പട്ടശേരിൽ പരേതനായ പ്രഫ. പി.യു. ഏലിയാസിന്റെ (സിഎംഎസ് കോളജ് കോട്ടയം) ഭാര്യ ഇന്ത്യൻ ബാങ്ക് റിട്ട. അസി. മാനേജർ സൂസമ്മ മാത്യു(77) അന്തരിച്ചു.വേളൂർ വഞ്ചിത്താറ്റിൽ കുടുംബാംഗമാണ്. മക്കൾ: ബിബിൻ ഏബ്രഹാം (യുഎസ്), അരുൺ ഏലിയാസ് (കോട്ടയം), നിതിൻ ഏലിയാസ് (ബെംഗ്ളൂരു). മരുമക്കൾ: അഞ്ജു ജോർജ് പ്ലാംപറമ്പിൽ തൊടുപുഴ (യുഎസ്), നിയ സാറ തെക്കനെടുംപ്ലാക്കൽ (മല്ലപ്പള്ളി), പ്രിയ സുരേഷ് ഇല്ലിക്കളം (കുമരകം).

**കുറിയന്നൂർ:** ചക്കുതറ നടുവിലേക്കുറ്റ് ഏലിയാമ്മ മത്തായി (90) അന്തരിച്ചു.

**കോട്ടയം:** മള്ളൂശേരി പനമറ്റത്തിൽ ചിന്നമ്മ തോമസ് (72) അന്തരിച്ചു.

**ചിങ്ങവനം:** കുന്താണിശ്ശേരിൽ ജോസഫ് സേവ്യർ (72) അന്തരിച്ചു.

**അരീപ്പറമ്പ്:** ചേരിയിലായ കുടിലിൽപറമ്പിൽ സി.പി. മാണിയുടെ ഭാര്യ ഗ്രേസി മാണി (59) അന്തരിച്ചു.

**കോട്ടയം:** ബിഎസ്എൻഎൽ റിട്ട. ഡിജിഎം എസ്.എച്ച് മൗണ്ട് കണിയാംപറമ്പിൽ കെ. ജോർജ് വർഗീസ് (82) അന്തരിച്ചു.

## വി.വി. ഏലിയാമ്മ

**കുറിച്ചിത്താനം:** പാലമറ്റത്തിൽ പരേതനായ പി.എം. സ്കറിയായുടെ ഭാര്യ റിട്ട. അധ്യാപിക വി.വി. ഏലിയാമ്മ (90) അന്തരിച്ചു. കുറിച്ചിത്താനം വടക്കേടത്ത് കുടുംബാംഗമാണ്. മക്കൾ: ജോസഫ് (യുഎസ്), ഡോ. ജോർജ് എസ്. പാലമറ്റം, സക്കറിയാസ് (യുഎസ്), ഷേർലി (യുഎസ്), ഡോ. തോമസ് സ്കറിയ, ജോൺ (യുഎസ്), കൊച്ചുറാണി (യുഎസ്).

**തിരുവഞ്ചൂർ:** അംബികാനിവാസിൽ റിട്ട. എസ്ഐ (സിആർപിഎഫ്) കെ.എസ്. സോമനാഥ് (74) അന്തരിച്ചു.

**നട്ടാശേരി:** ഹെൽത്ത് സർവീസ് റിട്ട. ഉദ്യോഗസ്ഥൻ തുണ്ടത്തിൽ പി.ജി. വിജയൻ നായർ (72) അന്തരിച്ചു.

## റോസമ്മ വിൽസൺ



**ചിക്കാഗോ:** ദീർഘകാലമായി ചിക്കാഗോയിൽ താമസിക്കുന്ന റോസമ്മ വിൽസൻ (60) അന്തരിച്ചു. ഏഴംകുളം ചരിവ് തുണ്ടിയിൽ കുടുംബാംഗമായ വിൽസൻ വർഗീസിന്റെ ഭാര്യയാണ്. മക്കൾ: റൂബി വിൽസൻ, റേബ വിൽസൻ. ചിറ്റിലിൻ ജോർജ് മരുമകനാണ്. കാൽവരി പെന്തെക്കോസ്തൽ ചർച്ചിലെ പാസ്റ്റർ സോമൻ ഗീവർഗീസിന്റെ സഹോദരന്റെ ഭാര്യയാണ് പരേത.

**തിരുവനന്തപുരം:** മെഡിക്കൽ കോളജ് പുതുപ്പള്ളി ലെയ്ൻ എൽഐസി നഗർ പ്ലാന്തോട്ടത്തിൽ പി,.എം. തോമസ് (88) അന്തരിച്ചു.

## സിസിലി തോമസ്

**ഇടയിരിക്കപ്പുഴ:** വെട്ടിക്കുന്നേലായ മേലേടത്ത് വീട്ടിൽ എം.എം. തോമസിന്റെ ഭാര്യ സിസിലി തോമസ് (71) അന്തരിച്ചു. അഞ്ചേരിൽ തൂമ്പുങ്കൽ കുടുംബാംഗമാണ്. മക്കൾ: ഡയനാ തോമസ്, ഡെന്നി തോമസ് (യുഎസ്).

**പേരൂർ:** പള്ളിക്കൽ തച്ചുശാസ്ത്ര വിദഗ്ദ്ധൻ പി.കെ. ഗോപാലകൃഷ്ണൻ (കുട്ടൻ-76) അന്തരിച്ചു.

**പാലാ:** കരുനാഗപ്പള്ളി ജെമിനി ട്രേഡേഴ്സ് ഉടമ പറപ്പള്ളി തറക്കുന്നേൽ സണ്ണി ജെയിംസ് (67) അന്തരിച്ചു.

**കടുത്തുരുത്തി:** വലക്കടവിൽ ജോർജ് ജോസഫ് (72) അന്തരിച്ചു.

**തോട്ടഭാഗം:** കോവൂർ പുത്തൻപുരയിൽ ജെസ്സി അനീഷ് (ശോശാമ്മ-38) അന്തരിച്ചു.

## പി.എസ്. സുശീലൻ പിള്ള

**ചിറക്കടവ് ഈസ്റ്റ്:** പി.ഡബ്ല്യു.ഡി. റിട്ട. എൻജിനീയർ മണക്കാട്ട് അമ്പലത്തിന് സമീപം പോരട്ടൂർ പി.എസ്. സുശീലൻ പിള്ള (78) അന്തരിച്ചു. ഭാര്യ എസ്. ശ്രീദേവി. മക്കൾ: രശ്മി, രാഗി (യുഎസ്), രതീഷ്, ഡോ. രാകേഷ് (എറണാകുളം). മരുമക്കൾ: സുനിൽ രാജ്, സുധീഷ് (യുഎസ്). അശ്വതി ഗോപൻ (എറണാകുളം).

## മറിയക്കുട്ടി തോമസ്

**കൊഴുവനാൽ:** തെക്കേക്കുറ്റ് പരേതനായ തോമസ് ജോസഫിന്റെ ഭാര്യ മറിയക്കുട്ടി തോമസ് (96) അന്തരിച്ചു. അയർക്കുന്നം പുളിങ്ങാത്തിൽ കുടുംബാംഗമാണ്. മക്കൾ: പരേതയായ സിസ്റ്റർ മെർളിൻ, റോസമ്മ (റിട്ട. പ്രധാനാദ്ധ്യാപിക), കുട്ടിയമ്മ, ജോസഫ് തോമസ് (റിട്ട. ടീച്ചർ), തോമസുകുട്ടി, ജോൺസി (ചാവറ പബ്ലിക് സ്കൂൾ പാലാ). മരുമക്കൾ: ജോസുകുട്ടി ആന്റണി തകിടിയേൽ (മാമ്മൂട്), ജോയിച്ചൻ നല്ലേപ്പറമ്പിൽ (മണിമല), ജാൻസി ജോസഫ് തെക്കേക്കര (പങ്ങട), പൊന്നുമോൾ മേഴ്സി മഞ്ഞപ്പള്ളി ചിറക്കടവ് (യുഎസ്), ജയിംസ് ജേക്കബ് കൊല്ലംപറമ്പിൽ (ഭരണങ്ങാനം).

**നാട്ടകം:** ടിസിഎൽ റിട്ട. ഉദ്യോഗസ്ഥൻ കാക്കൂർ അറക്കൽപറമ്പിൽ സോമരാജൻ (82) അന്തരിച്ചു.

**ഓതറ:** റിട്ട. എച്ച്എസ് പ്രധാനാദ്ധ്യാപകൻ പേങ്ങാട്ടു വല്ലുഴത്തിൽ വി.എം. ഈപ്പൻ (96) അന്തരിച്ചു.

## പ്രഫ. റോസി ചെറിയാൻ

**മാവേലിക്കര:** ബിഷപ് മൂർ കോളജ് റിട്ട. അദ്ധ്യാപിക പുതിയകാവ് മല്ലാശേരിൽ പ്രഫ. റോസി ചെറിയാൻ (82) അന്തരിച്ചു. ആലുവ തേരകത്ത് കുടുംബാംഗമാണ്. ഭർത്താവ്: പ്രഫ.എം.കെ. ചെറിയാൻ കൊഴുവല്ലൂർ (റിട്ട. പ്രിൻസിപ്പൽ ബിഷപ് മൂർ കോളജ് മാവേലിക്കര). മക്കൾ: അനു ചെറിയാൻ, ഡോ. റീനു ജേക്കബ് (വൈസ് പ്രിൻസിപ്പൽ, സിഎംഎസ് കോളജ് കോട്ടയം), ബിനു കോശി ചെറിയാൻ (യുഎസ്). മരുമക്കൾ: ബിജു ജേക്കബ് ജോൺ (ചെന്നൈ), ജേക്കബ് മാത്യു (മുംബൈ), സരിത ചെറിയാൻ (യുഎസ്).

**തലയോലപ്പറമ്പ്:** റിട്ട. അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ കമലാലയം എസ്. കമലാക്ഷി (90) അന്തരിച്ചു.

**കുറിച്ചി:** പള്ളിക്കപ്പറമ്പിൽ മറിയക്കുട്ടി ഏബ്രഹാം (88) അന്തരിച്ചു.


**പാലാ:** പൂവക്കുളം ആരധനാമഠാംഗം സിസ്റ്റർ മേരി പൊന്നാരമറ്റം (80) അന്തരിച്ചു.

**കീഴ്വായ്പൂർ:** പുളിമലക്കുന്നേൽ അഡ്വ. ഷാജി മാത്യു ജോർജ് (61) അന്തരിച്ചു.

## വി.സി. ജോസഫ്

**പാലാ:** നെല്ലിയാനി വയലിൽ (എറകോന്നി) വി.സി. ജോസഫ് (കുഞ്ഞേപ്പ്-93) അന്തരിച്ചു. ഭാര്യ കുറിഞ്ഞി ഉഴുന്നാലിൽ പരേതയായ മറിയക്കുട്ടി. മക്കൾ: മേരിക്കുട്ടി, സിസ്റ്റർ ടെയ്സി (മൂന്നിലവ്), സിസ്റ്റർ ബെറ്റ്സി (രാമപുരം), ഡോ.ലിസാ ജോർജ് (യുഎസ്), റോസ്ലി ജോസ്, ജെയിംസ് ജോസ്, ജാൻസി. മരുമക്കൾ: ജോണി തോലംമാക്കൽ, ഡോ. ജോസഫ് ജോർജ് വള്ളോപ്പള്ളി (യുഎസ്), ജോസ് ഇടശേരി, ജെസി അറയ്ക്കാപ്പറമ്പിൽ, താഷ്കന്റ് പൈകട.

## ജോർജ് ഏബ്രഹാം



**ചിക്കാഗോ:** എബെനേസർ പെന്തെക്കോസ്ത് ചർച്ച് സഭാംഗമായ ബ്രദർ ജോർജ് ഏബ്രഹാം (76) അന്തരിച്ചു. റാന്നി മണ്ണാറത്തറ ആഞ്ഞിലിമൂട്ടിൽ കുടുംബാംഗമാണ്. ഭാര്യ: ശോശാമ്മ ജോർജ്. ബ്ലസൻ ജോർജ് ഏകമകനാണ്. മരുമകൾ: നിൻസി ജോർജ്.

**അതിരമ്പുഴ:** തലയിണക്കുഴിയിൽ പി.ജെ. ജോസഫ് (92) അന്തരിച്ചു.

**ബേപ്പൂർ:** മഹാകവി വള്ളത്തോൾ നാരായണമേനോന്റെ ചെറുമകൻ നടുവട്ടം തയ്യലത്ത് സി. ദിലീപ്കുമാർ (62) അന്തരിച്ചു.

## ജിജോ മാത്യു

**തീക്കോയി:** വേലത്തുശ്ശേരി മുത്തനാട്ട് മാത്യുവിന്റെയും പെണ്ണമ്മയുടെയും മകൻ ജിജോ മാത്യു (ജെയ്സൺ-48) ഡാളസിൽ അന്തരിച്ചു. ഭാര്യ പാലാ കടനാട് വടക്കേക്കര ദിവ്യ. മക്കൾ: ജെയ്ഡൻ, ജോർഡിൻ (എല്ലാവരും യുഎസ്).

**കുര്യനാട്:** പാറകുടിയിൽ മണ്ഡപത്തിൽ മത്തായി വർക്കി (പാപ്പച്ചൻ-88) അന്തരിച്ചു.

**കടുത്തുരുത്തി:** എസ്.വി.ഡി. സഭാംഗം ഫാ. പ്രസാദ് കുഴിവേലി (ഔസേപ്പച്ചൻ-71) അന്തരിച്ചു.

**ഉള്ളനാട്:** കുറ്റിക്കാട്ട് പരേതനായ കെ.എം. മൈക്കിളിന്റെ (റിട്ട. ഹെഡ്മാസ്റ്റർ) ഭാര്യ ത്രേസ്യാമ്മ മൈക്കിൾ (ഇത്താമ്മ-89) അന്തരിച്ചു.

**കളത്തിപ്പടി:** കാരാണി പതിനഞ്ചിൽചിറ വീട്ടിൽ പാപ്പൻ യോഹന്നാന്റെ ഭാര്യ പ്രിയമ്മ യോഹന്നാൻ (68) അന്തരിച്ചു.

## ഫ്രാൻസിസ് ഫ്രാൻസിസ്

**കുറവിലങ്ങാട്:** കാളികാവ് കാവുങ്കൽ ഫ്രാൻസിസ് ഫ്രാൻസിസ് (94) അന്തരിച്ചു. ഭാര്യ നടവയൽ കൊടുകപ്പള്ളി പരേതയായ ഏലിക്കുട്ടി. മക്കൾ: സിസ്റ്റർ എം. ഫ്രാൻസീന (വെല്ലൂർ), സിസ്റ്റർ പുഷ്പ (മധ്യപ്രദേശ്), പെണ്ണമ്മ ജോസ്, ജോയി ഫ്രാൻസിസ്, സിസ്റ്റർ സുജിത തെരേസ് (ചേർപ്പുങ്കൽ), ടോമി ഫ്രാൻസിസ് (യുഎസ്). മരുമക്കൾ: എം.ഒ. മാത്യു മേച്ചേരിൽ (കീഴൂർ), സാലി ജോയി വാലേൽ പുത്തൻപുര (മേവെള്ളൂർ), ഷാനി ടോമി അയത്തുപാടത്ത് കിഴക്കേകോടിക്കുളം (യുഎസ്).

**കൊല്ലാട്:** നാൽക്കവല മെഡിക്കൽ മിഷൻ ആശുപത്രി ഉടമ മള്ളൂത്രയിൽ ഡോ. ജോർജ് ഇട്ടിച്ചെറിയ (കുഞ്ഞുമോൻ-86) അന്തരിച്ചു.

**കുടക്കച്ചിറ:** ഇളയാനിത്തോട്ടത്തിൽ ഇ.ജെ. ജോസുകുട്ടിയുടെ ഭാര്യ ഇടക്കോലി ഗവ. എച്ച്.എസ്.എസ് റിട്ട. ടീച്ചർ ആലീസ് ജോസ് (72) അന്തരിച്ചു.

## റവ. ഫിലിപ്പ് വർഗീസ്

**ഡിട്രോയിറ്റ്:** മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനും ആത്മീയ പ്രഭാഷകനുമായ വെൺമണി വാതല്ലൂർ വെട്ടത്തേത്ത് റവ. ഫിലിപ്പ് വർഗീസ് (87) അന്തരിച്ചു.

**തോട്ടയ്ക്കാട്:** ചങ്ങനാശേരി അരമനപ്പടി ചാർട്ടേഡ് അക്കൗണ്ടന്റ് മുക്കാട്ട്കാവുങ്കൽ പി.ജെ. ജോസഫ് (73) അന്തരിച്ചു.

## ഓമന ജെയിംസ്

**ചിങ്ങവനം:** പുത്തൻപുരയ്ക്കൽ പരേതനായ ജെയിംസ് ജോർജിന്റെ ഭാര്യ ഓമന ജെയിംസ് (64) അന്തരിച്ചു. തിരുവല്ല പള്ളിയമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജിലു (യുഎസ്), ജിക്കി, ജിതിൻ. മരുമക്കൾ: ജോസഫ്കുട്ടി തെക്കേമുഴിപ്പാറ ചിങ്ങവനം (യുഎസ്), ജൂവാന പുത്തൻപുരക്കൽ (റാന്നി), സിയ ചക്കുംമൂട്ടിൽ (കല്ലിശേരി).

**മഞ്ഞാമറ്റം:** തുണ്ടിയിൽ പരേതനായ ടി.കെ. കുരുവിളയുടെ ഭാര്യ ത്രേസ്യാമ്മ കുരുവിള (87) അന്തരിച്ചു.

**കങ്ങഴ:** എച്ച്.എം.ടി റിട്ട. എൻജിനീയർ കുഴിക്കാട്ട് ചേനേപ്പറമ്പിൽ കെ.വി. വർഗീസ് (88) അന്തരിച്ചു.

**ചിങ്ങവനം:** മാലത്തുശേരിൽ ലീലാമ്മ സഖറിയ (87) അന്തരിച്ചു.

**തൃക്കോതമംഗലം:** കൊച്ചാലുംമൂട് പുതുപ്പറമ്പിൽ രത്നമ്മ ഗോപി (68) അന്തരിച്ചു.

**കൊങ്ങാണ്ടൂർ:** തറയിൽ ആയ തൊണ്ടംകുളം പരേതനായ വി.ടി. വർഗീസിന്റെ ഭാര്യ അന്നമ്മ (100) അന്തരിച്ചു.

**ചെങ്ങളം:** ഇടപ്പാടിക്കരോട്ട് ഐസക് ആഗസ്തി (പാപ്പ-78) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

# ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

## ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

## ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.


(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

Visit Our Website: www.keralaexpress.com for Classified Advt.



# കലാരംഗം



## ജോജു ജോർജ് നായകനായി 'വരവ്'

ഒരു ടീ എസ്റ്റേറ്റ് പ്ലാന്ററുടെ സാഹസികമായ ജീവിതകഥ പറയുന്ന വരവ് എന്ന പുതിയ ചിത്രവുമായി ഷാജി കൈലാസ് വരുന്നു. റിവഞ്ച് ഈസ് നോട്ട് എ ഡെർട്ടി ബിസിനസ് എന്ന ടാഗ് ലൈനോടെ എത്തുന്ന ഈ ചിത്രം പ്രതികാരം അത്ര മോശപ്പെട്ട വ്യാപാരമല്ലെന്ന് അടിവരയിട്ടു സമർത്ഥിക്കുന്നു. എ.കെ. സാജന്റേതാണ് തിരക്കഥ. ജോജു ജോർജിനെ കേന്ദ്രകഥാപാത്രമാക്കിയാണ് ഹൈറേഞ്ചിന്റെ പശ്ചാത്തലത്തിൽ ഈ പ്രതികാരകഥ പറയുന്നത്.




വോൾഗ പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസി റെജിയാണ് നിർമാണം. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജോമി ജോസഫ്.

വലിയ ബജറ്റിൽ പൂർണമായും ആക്ഷൻ മൂഡിൽ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ദക്ഷിണേന്ത്യയിലെ മികച്ച ആക്ഷൻ കോറിയോഗ്രാഫർമാരായ കലൈ കിംഗ്സ്റ്റൺ, ഫീനിക്സ് പ്രഭു എന്നിവരടക്കം നാലുപേർ സംഘട്ടന സംവിധാനം നിർവഹിക്കുന്നു. ദക്ഷിണേന്ത്യയിലെ വൻ താരനിര ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. സി.എസ്. സാം ആണ് സംഗീതസംവിധായകൻ. സുജിത് വാസുദേവ് ഛായാഗ്രഹണവും ഷമീർ മുഹമ്മദ് എഡിറ്റിംഗും നിർവഹിക്കുന്നു. സാബു റാം - കലാസംവിധാനം, ജിതേഷ് പൊയ്യ - മേക്ക് അപ്, സമീരാ സനീഷ് - കോസ്റ്റ്യൂം ഡിസൈൻ എന്നിവരും അണിയറയിലുണ്ട്.

മൂന്നാർ, മറയൂർ, കാന്തല്ലൂർ എന്നിവിടങ്ങളിലായി സെപ്റ്റംബർ ആറിന് ചിത്രീകരണം ആരംഭിക്കും.

## അർജുൻ അശോകൻ പ്രധാന കഥാപാത്രമായി 'ചത്താ പച്ച'

നവാഗതനായ അദ്വൈത് നായർ സംവിധാനം ചെയ്യുന്ന ചത്താ പച്ച- റിംഗ് ഓഫ് റൗഡീസ് മലയാളത്തിലെ ആദ്യത്തെ മുഴുനീള റെസ്‌ലിംഗ് ആക്ഷൻ ചിത്രം ആകുന്നു.

അർജുൻ അശോകന്റെ വ്യത്യസ്ത ഗെറ്റപ്പ് ആണ് ചിത്രത്തിന്റെ സവിശേഷത. അർജുന് പിറന്നാൾ സമ്മാനമായി ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ കഴിഞ്ഞ 24-ന് പുറത്തിറക്കി. സ്റ്റൈലിഷ് ലുക്കിലാണ് അർജുൻ പ്രത്യക്ഷപ്പെടുന്നത്. റോഷൻ മാത്യു, ഇഷാൻ ഷൗക്കത്ത് എന്നിവരാണ് ഈ ചിത്രത്തിന്റെ മറ്റു രണ്ടു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

ഫോർട്ട് കൊച്ചിയുടെ പശ്ചാത്തലത്തിൽ വലിയ ബജറ്റിൽ ഒരുക്കുന്ന ഈ ചിത്രം പൂർണമായും ആക്ഷൻ ത്രില്ലറാണ്.

യുവാക്കളുടെ ഹരമായ റെസ്‌ലിംഗ് ശൈലിയിലാവും ചിത്രം പ്രേക്ഷകരിലേക്കെത്തുക. റീൽ വേൾഡ് എന്റർടെയ്ൻമെന്റിന്റെ ബാനറിൽ രമേഷ് എസ്. രാമകൃഷ്ണൻ, ഷിഹാൻ ഷൗക്കത്ത്, എന്നിവരാണ് നിർമാതാക്കൾ.

മനോജ് കെ. ജയൻ, സിദ്ദിഖ്, വിശാഖ് നായർ, മുത്തുമണി, പൂജ മോഹൻ രാജ്, തെസ്നി ഖാൻ തുടങ്ങിയവരും ചിത്രത്തിൽ അണിനിരക്കുന്നു. സനൂപ് തൈക്കൂടത്തിന്റേതാണ് തിരക്കഥ. ബോളിവുഡ് ഹരമായ ശങ്കർ-




എഹ്സാൻ-ലോയ് ടീമാണ് സംഗീതം. ഗാനങ്ങൾ എഴുതിയത് വിനായക് ശശികുമാർ. ആനന്ദ് സി. ചന്ദ്രൻ ഛായാഗ്രഹണവും പ്രവീൺ പ്രഭാകർ എഡിറ്റിംഗും നിർവഹിക്കുന്നു സുനിൽദാസ് -കലാസംവിധാനം, റോണക്സ് സേവ്യർ-മേക്ക് അപ്, മെൽവി-കോസ്റ്റ്യൂം ഡിസൈൻ എന്നിവരാണ് മറ്റ് അണിയറക്കാർ.

## ജയറാം, കാളിദാസ് ചിത്രം 'ആശകൾ ആയിരം'

ജയറാമും മകൻ കാളിദാസും അച്ഛനും മകനുമായി എത്തുന്ന ആശകൾ ആയിരം ശക്തമായ കുടുംബകഥ പറയുന്ന ചിത്രമാണ്. ശ്രീഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലൻ നിർമിക്കുന്ന ചിത്രത്തിന്റെ സ്വിച്ച് ഓൺ കൊച്ചിയിൽ നടന്നു. ഒരു വടക്കൻ സെൽഫി, സത്യം പറഞ്ഞാൽ വിശ്വസിക്കുവോ എന്നീ ചിത്രങ്ങൾ ഒരുക്കിയ ജി. പ്രജിത്താണ് സംവിധായകൻ.




ഇഷാനി കൃഷ്ണകുമാറാണ് നായിക. അഹാന കൃഷ്ണകുമാറിന്റെ ഇളയ സഹോദരിയായ ഇഷാനി മമ്മൂട്ടി നായകനായ വൺ എന്ന ചിത്രത്തിലും ശ്രദ്ധേയമായ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്.


സായികുമാർ, അജു വർഗീസ്, ആശാ ശരത്ത്, ബൈജു സന്തോഷ്, കൃഷ്ണശങ്കർ, സഞ്ജു ശിവറാം, ഉണ്ണിരാജ, ശങ്കർ ഇന്ദുചൂഡൻ, ഇഷാൻ ജിംഷാദ്, നിഹാരിക, നന്ദൻ ഉണ്ണി, സൈലക്സ് ഏബ്രഹാം, ശ്യാംലാൽ, ഗോപൻ മങ്ങാട്ട് എന്നിവരും പ്രധാന താരങ്ങളാണ്.

ജൂഡ് ആന്റണി ജോസഫ് ആണ് ക്രിയേറ്റീവ് ഡയറക്ടർ, ജൂഡും അരവിന്ദ് രാജേന്ദ്രനും ചേർന്ന് തിരക്കഥയൊരുക്കുന്നു. സനൽ ദേവ് ആണ് സംഗീതസംവിധാനം. സ്വരൂപ് ഫിലിപ്പ് ഛായാഗ്രഹണവും വി.ബി. ഷഫീഖ് എഡിറ്റിംഗും നിർവഹിക്കുന്നു.

നിമേഷ് താനൂർ-കലാസംവിധാനം, ഹസൻ വണ്ടൂർ-മേക്ക് അപ്, അരുൺ മനോഹർ- കോസ്റ്റ്യൂം ഡിസൈൻ തുടങ്ങിയവരും അണിയറയിലുണ്ട്.

## ജെവിജെ പ്രൊഡക്ഷൻസിന്റെ 'ഹാൽ'

അഞ്ചു ഭാഷകളിലായി ഷെയ്ൻ നിഗത്തെ നായകനാക്കി വീര സംവിധാനം ചെയ്യുന്ന ഹാൽ സെപ്റ്റംബർ 12-ന് തിയറ്ററുകളിലെത്തും. വൈദ്യ സാക്ഷിയാണ് നായിക. ജെവിജെ പ്രൊഡക്ഷൻസ് നിർമിക്കുന്ന ശക്തമായ പ്രണയ കഥ പറയുന്നു. ജോണി ആന്റണി, സുരേഷ് കൃഷ്ണ, ജോയ് മാത്യു, മധുപാൽ, കെ.യു. മനോജ്, നിഷാന്ത് സാഗർ, നിയാസ് ബക്കർ, ദിനേശ് പണിക്കർ, അബിൻ ബിനോ, റിയാസ് നെടുമങ്ങാട്, വിനീത്, മഞ്ജുഷ കോലോത്ത്, ശ്രീധന്യ എന്നിവരും ചിത്രത്തിലെ പ്രധാന താരങ്ങളാണ്. നിഷാദ് കോയയുടേതാണ് തിരക്കഥ.



വി. നന്ദഗോപാലാണ് സംഗീതമൊരുക്കുന്നത്. രവിചന്ദ്രൻ-ഛായാഗആഹണം, പ്രശാന്ത് മാധവ്-കലാസംവിധാനം, അമൽ മേക്ക് അപ്, ധന്യാ ബാലകൃഷ്ണൻ-കോസ്റ്റ്യൂം ഡിസൈൻ എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ.

കോഴിക്കോട്, മൈസൂർ, ഹൈദരാബാദ്, ജയ്പൂർ എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായി.




# ‘പൂക്കാലം’ മിഥുൻ മുരളിക്ക് മികച്ച എഡിറ്റർ പുരസ്കാരം നേടിക്കൊടുത്ത ചിത്രം

നൂറു വയസിനടുത്തുള്ള ഇട്ടൂപ്പ് -കൊച്ചുത്രേസ്യ ദമ്പതികളുടെ ഹൃദയം തൊടുന്ന ജീവിതനിമിഷങ്ങളിലൂടെ ഗണേഷ് രാജ് അണിയിച്ചൊരുക്കിയ പൂക്കാലമെന്ന പ്രണയകാവ്യം. 60 മണിക്കൂർ ഫൂട്ടേജിനെ വൈകാരികസത്ത ചോരാതെ രണ്ടേകാൽ മണിക്കൂറിലേക്ക് വെട്ടിയൊതുക്കിയ കൈയടക്കത്തിന് തിരുവനന്തപുരം സ്വദേശി മിഥുൻ മുരളിക്കു 2023-ലെ മികച്ച എഡിറ്റർക്കുള്ള ദേശീയപുരസ്കാരം.

“വിജയരാഘവൻ സാറിന് ഒരവാർഡ്, അതായിരുന്നു പ്രതീക്ഷ. അദ്ദേഹത്തിന്റെ ബെസ്റ്റ് പെർഫോമൻസാണ് ഇതിൽ. എഡിറ്റിംഗിനുംകൂടി കിട്ടിയതോടെ ഞങ്ങൾക്കു ഡബിൾബോണസായ്!”- മിഥുൻ മുരളി പറഞ്ഞു.




എഞ്ചിനീയറിംഗ് പഠനകാലത്ത് കോളജിൽ ഡാൻസ് പരിപാടികൾക്കു മ്യൂസിക്ക് കട്ട് ചെയ്യാനാണു എഡിറ്റിംഗ് പഠിച്ചു തുടങ്ങിയത്. 2011-ൽ സുഹൃത്തിനൊപ്പം ഷോർട്ട്ഫിലിം ചെയ്തപ്പോൾ വീഡിയോ എഡിറ്റിംഗും തുടങ്ങി. വീഡിയോ കട്ട് ചെയ്യുന്നതു മാത്രമല്ല സൗണ്ടും മ്യൂസിക്കും അഭിനേതാക്കളുടെ പെർഫോമൻസും കട്ട് ചെയ്യുന്നതും അതിലുണ്ടെന്നറിഞ്ഞതോടെ ഫിലിം എഡിറ്റിംഗിനോട് ഇഷ്ടം കൂടി. യുട്യൂബ് നോക്കി പഠനം തുടങ്ങി. 2012-ൽ മുംബൈയിൽ ബാലാജി ടെലിഫിലിംസിന്റെ ഐസിഇയിൽ ഇന്റേൺഷിപ് കോഴ്സ് ചെയ്തു.

2013-ൽ ചെന്നൈയിൽ തമിഴ് ഫിലിം എഡിറ്റർ ആന്റണിയെ അഞ്ചാൻ, അനേകൻ എന്നീ സിനിമകളിൽ അസിസ്റ്റ് ചെയ്തു. 2014-ൽ നാട്ടിലെത്തി ഫ്രീലാൻസറായി. അക്കാലത്ത് ഗണേഷ് രാജിനൊപ്പം പരസ്യചിത്രങ്ങൾ ചെയ്തു. മോഹം സിനിമയെങ്കിലും സുഹൃത്തുക്കളാരെങ്കിലും സംവിധാനം ചെയ്താൽ മാത്രമേ നമുക്ക് അവസരം കിട്ടൂ എന്നതായിരുന്നു സ്ഥിതി. 2020 ജനുവരിയിൽ റിലീസായ കലാമണ്ഡലം ഹൈദരാലിയിൽ ഞാൻ സിനിമാ എഡിറ്ററായി. 2022-ൽ പൂക്കാലത്തിലെത്തി.

ഏറെ കഥാപാത്രങ്ങളുള്ള സിനിമ. ജനനം, വളർച്ച, വാട്ടം, പൂക്കാലം എന്നിങ്ങനെ നാലധ്യായങ്ങളിലൂടെ കഥപറച്ചിൽ. അതു സ്ക്രിപ്റ്റിലുണ്ടായിരുന്നു. പല സീക്വൻസുകളും രണ്ടു കാമറയിലാണു ഷൂട്ട് ചെയ്തത്. 60 മണിക്കൂറിനടുത്തുള്ള ഫൂട്ടേജ് ഫസ്റ്റ് കട്ടിലെത്തിയപ്പോൾ മൂന്നേകാൽ മണിക്കൂർ ദൈർഘ്യം.

തിയറ്ററിലെത്തിയപ്പോൾ രണ്ട് മണിക്കൂർ 16 മിനിറ്റ്! വിജയരാഘവന്റെ സീനുകൾ 60 ശതമാനത്തോളം കുറച്ചു. ഇപ്പോൾ നമ്മൾ കാണുന്നതിനപ്പുറം അദ്ദേഹത്തിന്റെ ഒരുപാടു പെർഫോമൻസ് മുഹൂർത്തങ്ങൾ അതിലുണ്ടായിരുന്നു. പക്ഷേ, ആ സമയത്തെ സിനിമകളുടെ ദൈർഘ്യം പരിഗണിച്ചും പ്രേക്ഷകശ്രദ്ധ നേടുന്നതിനുമായിരുന്നു ആ തീരുമാനം. കുറച്ചു സീനുകൾ പൂർണമായും കട്ടായിപ്പോയി. കുറച്ചു സീനുകൾ മൊണ്ടാഷ് രൂപത്തിൽ ചുരുക്കി പാട്ടുകളാക്കിയും കുറെ സീനുകൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയും നോൺ ലീനിയറായി എഡിറ്റ് ചെയ്തുമാണ് അതു സാധ്യമാക്കിയത്.

എഡിറ്റർക്കു പൂർണ സ്വാതന്ത്ര്യം നല്കുന്ന സംവിധായകനാണ് ഗണേഷ്. ഫുൾ ഫൂട്ടേജ് തന്നശേഷം എഡിറ്ററുടെ കാഴ്ചപ്പാടിൽ സിനിമ കട്ട് ചെയ്യാൻ പറഞ്ഞു. ആദ്യത്തെ ഒരു കട്ട് കഴിഞ്ഞശേഷം ഗണേഷ്കൂടി നോക്കി അതിൽ എന്തൊക്കെ വർക്കാവും എന്തൊക്കെ വർക്കാവില്ല എന്നു പറഞ്ഞു. വർക്കാവാത്തതിന്റെ കാരണം വിശകലനം ചെയ്ത്, പരസ്പരം സംസാരിച്ച് അതു വർക്കാക്കിയെടുത്തു.

ഫാമിലി ഡ്രാമയാണല്ലോ പൂക്കാലം. ഇപ്പോഴത്തെ പ്രേക്ഷകർക്കു ഡ്രാമ കണ്ടുകൊണ്ടിരിക്കുക എന്നതു വെല്ലുവിളിയാണ്. ധാരാളം നാടകീയ സീനുകളെ കഥയുടെ കാമ്പ് നഷ്ടമാകാതെ മൊണ്ടാഷുകളാക്കി പാട്ടിലൂടെ കൊണ്ടുവന്നു. ഏറെ കട്ട് ചെയ്താൽ പ്രേക്ഷകർക്കു കഥാപാത്രങ്ങളുമായും ഇമോഷനുകളുമായുമുള്ള ബന്ധം നഷ്ടമാകുമെന്ന കുഴപ്പവുമുണ്ട്. ഇതു രണ്ടും ബാലൻസ് ചെയ്യുക എന്നതായിരുന്നു വെല്ലുവിളി.

വിജയരാഘവന്റെ കഥാപാത്രത്തിന്റെ ഡ്രാമ തുടരുമ്പോൾതന്നെ വിനീതിന്റെയും ബേസിലിന്റെയും കഥാപാത്രങ്ങളുടെ വരവായി. സ്ക്രിപ്റ്റിനപ്പുറം രസകരമായാണ് ബേസിൽ-വിനീത് കോമഡി പെർഫോമൻസ് ഷൂട്ട് ചെയ്തുകിട്ടിയത്. അത് ഓവറാകാതെയും എന്നാൽ ഒട്ടും കുറയാതെയും കൃത്യമായ മീറ്റർ പിടിച്ച് എഡിറ്റ് ചെയ്ത് പ്രേക്ഷകരിലേക്ക് എത്തിക്കണം. ഒപ്പം ഇതിലെ ഡ്രാമയുമായും ബാലൻസ് ചെയ്യണം. അതായിരുന്നു മൊത്തത്തിലുള്ള വെല്ലുവിളി.

ഒരു സീനിൽ പ്രേക്ഷകരിലേക്ക് എത്തേണ്ട ഇമോഷൻ ബോറടിപ്പിക്കാതെ, ലാഗടിപ്പിക്കാതെ അങ്ങനെതന്നെ എത്തിക്കുക എന്നതാണ് എഡിറ്ററുടെ ജോലി. ഈ കഥ ഇങ്ങനെ പറഞ്ഞാൽ പ്രേക്ഷകർക്കു ബോധ്യമാകും എന്ന എഡിറ്ററുടെ തീരുമാനത്തിൽ സംവിധായകനും വിശ്വാസം വരുന്നിടത്താണ് എഡിറ്ററുടെ കഴിവ്. പ്രേക്ഷകരെ എങ്ങനെ രസിപ്പിക്കാമെന്നു മാത്രമാണു ഞാൻ നോക്കുന്നത്. പ്രേക്ഷകമനസിൽ കയറുന്ന രീതിയിൽ എല്ലാ കഥാപാത്രങ്ങൾക്കും ഇമോഷൻ കൊടുക്കുക എന്നതും പ്രധാനം.

സുഹാസിനി മാമിന്റെ സീനുകൾ കുറയ്ക്കേണ്ടിവന്നെങ്കിലും അവരുടെ പ്രാധാന്യം കുറയാതെതന്നെ ആ കഥാപാത്രമെന്തെന്നു പ്രേക്ഷകർക്കു മനസിലാകുന്ന രീതിയിലാണ് ആ സീക്വൻസുകൾ.



കമൽഹാസൻ സിനിമകൾ പണ്ടേ ഇഷ്ടമാണ്. വളരെ നാടകീയമായും വൈകാരികപരവുമായുമുള്ള അതിന്റെ കഥപറച്ചിൽ കണ്ടു ശീലിച്ച ഒരാളെന്ന നിലയിൽ എനിക്ക് ഒരു ഇമോഷണൽ ഡ്രാമ എത്രത്തോളമാവാം എന്ന ബോധ്യമുണ്ട്. ഹിറ്റായ സിനിമ മാത്രമല്ല, മോശം സിനിമയുംകൂടി എഡിറ്റർ കാണണം. അപ്പോൾ മാത്രമേ എന്തുകൊണ്ട് അതു ഫലംകണ്ടു അല്ലെങ്കിൽ ഫലം കണ്ടില്ല എന്നു മനസിലാക്കാനാകൂ. നിരന്തരം സിനിമകൾ കാണണം. അതിലൂടെ, നമുക്ക് ഒരു സീൻ കിട്ടുമ്പോൾ ആ സിനിമയുടെ മൊത്തത്തിലുള്ള ഇമോഷൻ മനസിലാക്കി അത് എഡിറ്റ് ചെയ്യാനുള്ള ഉപായം ഉപബോധമനസിൽ തെളിയും. ശ്രീകർ പ്രസാദ്, തമിഴിലെ ആന്റണി, ആരതി ബജാജ് ഇവരുടെ വർക്കുകൾ പ്രചോദിതമാണ്.

ഗണേഷുമായി 2012 തൊട്ടുള്ള ബന്ധമാണ്. അടുത്ത ചിത്രത്തിലും ഞാനാണു ചോയ്സ് എന്ന് ഗണേഷിനു തോന്നിയാൽ എന്നെ വിളിക്കും. എനിക്കു തമിഴിലും ഹിന്ദിയിലുമൊക്കെ വർക്ക് ചെയ്യണമെന്നുണ്ട്. റോക്ക് സ്റ്റാർ, തമാശ എന്നിവയുടെ ഡയറക്ടർ ഇംതിയാസ് അലിക്കൊപ്പം അവസരമുണ്ടായാൽ ഭാഗ്യം. സംവിധാനം ആഗ്രഹിച്ചാണു ഞാൻ സിനിമയിൽ വന്നത്.

എഡിറ്റിംഗിനെ സെക്കൻഡ് ഡയറക്ഷനായാണു ഞാൻ കാണുന്നത്. സിനിമാറ്റോഗ്രഫി, മ്യൂസിക്, വിഎഫ്എക്സ്, പെർഫോമൻസ് എന്നിവയിലും നല്ല ധാരണയുണ്ടെങ്കിലേ നല്ല എഡിറ്ററാകാനാകൂ. എഡിറ്റിംഗിലൂടെ പലതും പഠിക്കാൻ പറ്റുമെന്നു തിരിച്ചറിഞ്ഞു. ഏതെങ്കിലുമൊരു കാലത്തു നല്ല ഒരു കഥ കിട്ടിയാൽ അതു സംവിധാനം ചെയ്യാമെന്ന ആത്മവിശ്വാസമുണ്ട്. ഭാര്യ ടിനു വീട്ടമ്മയാണ്. രണ്ടു കുട്ടികൾ. മകൻ മൂന്നിലും മകൾ ഒന്നിലും വിദ്യാർത്ഥികൾ.

## അവരോടൊപ്പം നമ്മളുണ്ടാകും: ടിനി ടോം

ഞങ്ങൾ ഒമ്പത് ആണുങ്ങളും എട്ട് പെണ്ണുങ്ങളും ഉണ്ട്. സന്തോഷം. ‘അമ്മ’ യാഥാർത്ഥ്യമായി. എല്ലാവരുടെയും ആഗ്രഹമായിരുന്നല്ലോ തലപ്പത്തേക്കു സ്ത്രീകൾ വരണമെന്ന്. അതു സംഭവിച്ചു. അവർക്കൊരു ടേം കൊടുത്തിരിക്കുകയാണല്ലോ. മൂന്നു വർഷമുണ്ട്. അവർ തെളിയിക്കട്ടെ. അവരോടൊപ്പം നമ്മളുണ്ടാകും. ഞാൻ മൂന്നു ടേമിൽ ഇരുന്നിട്ടാണ് നാലാമത്തെ ടേമിലേക്ക് വരുന്നത്. ലാലേട്ടനോടൊപ്പം മൂന്ന് കമ്മിറ്റിയിലുണ്ടായിരുന്നു. അവിടെ എന്തെങ്കിലുമൊക്കെ കുറവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊരു ഇൻഫർമേഷൻ പോലെ എനിക്കു കൊടുക്കാൻ പറ്റും. ശ്വേതയെ ഞാൻ എന്റെ സോഷ്യൽ മീഡിയയിലൂടെ പിന്തുണച്ചിരുന്നു. അതൊരു വ്യാജ ആരോപണമായിരുന്നു. മെമ്മറി കാർഡ് വിഷയത്തിൽ എനിക്ക് വിശദാംശങ്ങൾ അറിയില്ല.



അതുമായി ഒട്ടും കണക്റ്റഡ് അല്ല ഞാൻ. അത് നിയമപരമായി പോകേണ്ടതാണെങ്കിൽ അങ്ങനെതന്നെ മുന്നോട്ടുപോകട്ടെ.

# സൽപ്രവൃത്തികളിൽ സമ്പന്നരാകുക

**എൽസി ബേബി**

ധനം, സമ്പത്ത്, വസ്തുവകകൾ ഇവയെല്ലാം മനുഷ്യർക്ക് ഈ ലോകത്തിലായിരിക്കുമ്പോൾ അനുഭവിച്ചും അന്യോന്യം പങ്കുവെച്ചും തലമുറകൾ അനുഗ്രഹിക്കപ്പെടേണ്ടതിനുമായി ദൈവം നല്കിയിരിക്കുന്ന വരദാനമാകുന്നു. ഒരു സമൂഹത്തിൽ സമ്പന്നനും ദരിദ്രനും സാധാരണക്കാരും കലർന്ന ഒരു കൂട്ടം ജനങ്ങളെ നമുക്കു കാണാം. സാമൂഹ്യജീവികളായ മനുഷ്യർ അന്യോന്യം സ്നേഹിച്ചും സഹായിച്ചും സമ്പർക്കം പുലർത്തിയും സൗഹൃദത്തോടെ ജീവിക്കുന്നതു കാണുന്നതുതന്നെ എത്ര കൗതുകമാകുന്നു? അവർക്ക് ഒന്നിച്ചുകൂടുവാനും സഹകരിക്കുവാനും ഉല്ലസിച്ചാനന്ദിക്കുവാനുമായി പലവിധങ്ങളായ ഉത്സവങ്ങളും പെരുന്നാളുകളും കൂട്ടായ്മകളും മറ്റും മനുഷ്യർ കണ്ടുപിടിച്ചിട്ടുള്ളത് ഒരു സമൂഹത്തിന്റെ ആരോഗ്യത്തിനും ഐക്യമത്യത്തിനും തമ്മിൽ തമ്മിലുള്ള സ്നേഹം വർദ്ധിക്കുന്നതിനും ഉതകുന്നവതന്നെ. കേരളക്കരയിൽ അങ്ങനെയുള്ള ആഘോഷങ്ങളുള്ളതിൽ അതിവിശേഷമായ ഒരാഘോഷമാണല്ലോ 'ഓണം' എന്നത്. മഴക്കാലമായ കർക്കടകമാസത്തെ പണ്ടൊക്കെ 'പഞ്ഞകർക്കടകം' എന്നു വിളിച്ചിരുന്നു. കാരണം തോരാത്ത മഴയും വെള്ളപ്പൊക്കവും മറ്റും കാരണം കൃഷി ഇറക്കുവാനോ പറമ്പുകളിൽ വേലചെയ്യാനോ കഴിയാതെ വീട്ടിനകത്തു കഴിയേണ്ടിവരുന്ന അവസ്ഥ! സാധുക്കളുടെ കുടിലുകളും ഓലയും വൈക്കോലും കൊണ്ടും മറ്റും പണിത വീടുകളും മറ്റും മഴക്കാലത്ത് ചോർന്നും ദ്രവിച്ചും പോകുന്ന അവസ്ഥ! മിക്ക ഭവനങ്ങളിലും തീ കത്തിക്കാൻപോലും കഴിയാതെ, ഭക്ഷണം പോലും ശരിക്കു കഴിക്കാനില്ലാതെ കഷ്ടപ്പെടേണ്ടിവരുന്ന അവസ്ഥ! ചിങ്ങമാസം പിറക്കുന്നതോടെ ദേശത്തെല്ലാം 'വസന്ത'കാലമായി. ഉണങ്ങി ശുഷ്കിച്ചിരുന്ന വൃക്ഷങ്ങളും ചെടികളും വളർന്ന് പൂക്കളും കായ്കളും ഫലങ്ങളുമുള്ള സൗന്ദര്യത്തിന്റെയും സൗഭാഗ്യത്തിന്റെയും ഉല്ലാസങ്ങളുടെയും അനുഭൂതി. പുഞ്ചകൊയ്ത്തുകഴിഞ്ഞു ലഭിക്കുന്ന പുന്നെല്ലിന്റെ അരിഭക്ഷണവും പച്ചക്കറികളും മറ്റും കൂടി വയറുനിറയെ ഭക്ഷണം കഴിച്ചു തൃപ്തി പ്രാപിക്കുന്ന 'ഓണക്കാലം!' ഉള്ളതുകൊണ്ട് ഓണം പോലെ' എന്നും 'കാണം വിറ്റും ഓണം ആഘോഷിക്കണം' എന്നൊക്കെ പറയാവുന്ന 'ഓണാഘോഷം' കേരളീയരുടെ മാത്രമായിരുന്ന ഒരു ഉത്സവമായിരുന്നു. ഇത്രയും ഞാൻ വിവരിച്ചത് എന്റെ ചെറുപ്പകാലത്തെ അതായത് 80-90 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ജീവിതാനുഭവങ്ങളാകുന്നു. ഇന്ന് അവയ്ക്കൊക്കെ എത്രയോ മാറ്റങ്ങൾ വന്നിരിക്കുന്നു! അവയൊക്കെ കിഴവിക്കഥകൾ പോലെ പഴഞ്ചൻ കഥകളായി മാറിപ്പോയിരിക്കുന്നു.

'ഓണാഘോഷം' ഇന്ന് കേരളവും കടന്ന് വിദേശരാജ്യങ്ങളിൽപോലും മലയാളികൾ ആഘോഷിക്കുന്ന ഒരു ഉത്സവമായി തീർന്നിരിക്കയാകുന്നു. ഓണത്തേക്കുറിച്ചുള്ള ഐതിഹ്യങ്ങളും ഓണപ്പാട്ടുകളും പുഷ്പാർച്ചനകളും ഊഞ്ഞാലാട്ടവും ഓണത്തള്ളലുകളും മറ്റും ഉണ്ടെങ്കിലും അവയുടെ തനിമയും ഗുണങ്ങളും ഇമ്പങ്ങളും മറ്റും പഴയതുപോലെ ഉണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഓണക്കഥകളും ഐതിഹ്യങ്ങളും മറ്റും പറഞ്ഞാൽ മനസ്സിലാകാത്ത ഒരു തലമുറയിലാണ് നാം എത്തിനില്ക്കുന്നത്. കാലംമാറിയതുപോലെതന്നെ നമ്മുടെ സംസ്കാരങ്ങളും പരിഷ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും സാമൂഹ്യസാമാജിക ജീവിതംതന്നെ പാടേ മാറിക്കഴിഞ്ഞിരിക്കുന്നു. ദാരിദ്ര്യം അനുഭവിക്കുന്നവർ തുലോം തുച്ഛമായിരിക്കുന്നു. സമ്പന്നരാണ് അധികവും. എന്റെ ചെറുപ്പകാലത്ത് ഒരു 'നൂറുരൂപാ നോട്ട്' എന്നു പറഞ്ഞാൽ അപൂർവമായ ഒന്നായിരുന്നു. അതു ക്രമേണ മാറി ആയിരം, പതിനായിരം, ലക്ഷം അതുംകടന്ന് ഇന്ന് എവിടെ നോക്കിയാലും 'കോടികളുടെ' കണക്കേ കേൾക്കാനുള്ളു. അതുപോലെ തന്നെ വലിയ വലിയ വീടുകളും ഉദ്യോഗസ്ഥരും സമ്പന്നരും വസ്ത്രധാരണം പോലും മാറിപ്പോയി. വീടുനിറയെ ആളുകൾ തിങ്ങിപ്പാർത്തിരുന്നിടത്ത് കൊട്ടാരംപോലെയുള്ള ഭവനങ്ങളും മതിലുകളാലും ഇരുമ്പുഗേറ്റുകളാലും സുരക്ഷിതമാക്കപ്പെട്ട് അതിനകത്തു താമസിക്കുന്ന ഒന്നോ രണ്ടോ പ്രായമായവരും അവർക്കു തുണയായി വലിയ നായ്ക്കളും മാത്രമായ വീടുകൾ! ഒന്നോ രണ്ടോ മക്കളുള്ളത് വിദേശങ്ങളിൽ! ധാരാളം പണമുണ്ട്. അമിതങ്ങളായ സുഖസൗകര്യങ്ങളുണ്ട്. പക്ഷേ, യാതൊരു സമാധാനമോ സന്തോഷമോ സംതൃപ്തിയോ ഇല്ലാത്ത വരണ്ട ജീവിതാനുഭവം! സാധാരണക്കാർപോലും സമ്പത്തു വർദ്ധിപ്പിക്കാനുള്ള ആവേശത്തിലാകുന്നു. എത്ര സമ്പാദിച്ചുകൂട്ടീട്ടും സംതൃപ്തിയില്ലാത്ത ഒരവസ്ഥ! തൊട്ടടുത്തുള്ള കുടുംബങ്ങൾ ദാരിദ്ര്യം അനുഭവിക്കുമ്പോൾ അവരെ കണ്ടിട്ടില്ലാത്തതുപോലെ ഹൃദയകാഠിന്യമുള്ള കോടീശ്വരന്മാരും സമ്പന്നന്മാരും ഇല്ലാതില്ല. തങ്ങൾ ഒരുനാൾ ഈ ലോകം വിട്ടു കടന്നുപോകുമ്പോൾ എന്തെങ്കിലും കൂടെ കൊണ്ടുപോകുമോ? നഗ്നരായി വന്നു നഗ്നരായി തന്നെ കടന്നുപോകുന്നു.



ലേഖിക

തങ്ങൾ സ്വരൂപിച്ചുകൂട്ടിവെച്ചത് ആര് അനുഭവിക്കും?

ഈയിടെ വായിച്ച ഒരു കഥ ഓർമ്മയിൽ വരുന്നു. സാധുവായ ഒരു സ്ത്രീ തന്റെ ആയുസ്സുമുഴുവനും വലിയ കെട്ടിടങ്ങളും മറ്റും തൂത്തുവാരി വൃത്തിയാക്കുന്ന ഒരു തൂപ്പുകാരിയായി ജീവിച്ചു. തന്റെ 86-ാം വയസ്സിൽ റിട്ടയർ ചെയ്തപ്പോൾ താൻ കൂലിവേലചെയ്തു സമ്പാദിച്ചു സ്വരൂപിച്ചുവെച്ചിരുന്ന 150,000 ഡോളർ അവിടെയുള്ള ഒരു യൂണിവേഴ്സിറ്റിയിലെ സാധുക്കളായ കുട്ടികൾക്കു പഠിക്കാനായി ഒരു 'സ്കോളർഷിപ് ഫണ്ട്' രൂപീകരിക്കാനായി ദാനം ചെയ്തു. അവരുടെ ഈ മഹാമനസ്കത അറിഞ്ഞ അനേകർ അവളെ അനുകരിച്ച് ആ ഫണ്ടിലേക്കു ദാനംചെയ്തതിന്റെ ഫലമായി അനേകം സാധുകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നല്കാനിടയായി. എത്ര നല്ല മാതൃക. ഇവയിൽ ആരാണ് യഥാർത്ഥ സമ്പന്നർ! സല്പ്രവൃത്തികളിൽ സമ്പന്നരാകുന്നതുപോലെ ധന്യമായ ഒരു ജീവിതവുമില്ല. അതിൽനിന്നും ലഭിക്കുന്ന സമാധാനവും സന്തോഷവും സംതൃപ്തിയും ഒന്നു വേറെതന്നെ. അവർക്കു തമ്പുരാൻ നല്കുന്ന പ്രതിഫലവും അനുഗ്രഹങ്ങളും നാമൊക്കെ ഊഹിക്കുന്നതിലും അത്യുത്തമമാകുന്നു. നമ്മുടെ കയ്യിലുള്ളതെല്ലാം ദൈവത്തിന്റെ ദാനമാകുന്നു. നാം അനുഭവിച്ചു സംതൃപ്തരായി മറ്റുള്ളവർക്കുംകൂടെ വീതിച്ചുനല്കുവാൻ നമ്മെ ഭരമേല്പിച്ചിരിക്കയാകുന്നു എന്നറിഞ്ഞ് നാം മനഃപ്പൂർവ്വം ദാനംചെയ്താൽ ലഭിക്കുന്ന അനുഗ്രഹങ്ങളും സമാധാനവും സന്തോഷവും സംതൃപ്തിയും നാം ഊഹിക്കുന്നതിനേക്കാളൊക്കെ അപ്പുറമാകുന്നു. അങ്ങനെ ചെയ്യുന്ന ചിലരൊക്കെ നമ്മുടെ ഇടയിൽ ഉണ്ട് എന്നത് പ്രശംസനീയം തന്നെ.

പ്രായമുള്ളവരെ നന്മചെയ്യാനറിഞ്ഞിട്ടും, അതിനർഹരായവർക്ക് ചെയ്യാതിരിക്കുന്നത് പാപമാകുന്നു. ദൈവം അത് ഊതിക്കളയാനിടയാകരുത്. ഇന്നത്തെ സമ്പന്നർ നാളത്തെ ദരിദ്രരാകാനിടയുണ്ട് എന്നോർക്കുക. ഈ ലോകത്തിലെ സമ്പന്നരാകാനുള്ള പരാക്രമം ഉപേക്ഷിച്ചു സല്പ്രവർത്തികളിൽ സമ്പന്നരാകാൻ ശ്രമിക്കുക. "എളിയവർക്കു ദാനം ചെയ്യുന്നവൻ ദൈവത്തിനു വായ്പകൊടുക്കുന്നു" എന്നതാകുന്നു സത്യം. അതു തിരികെ ലഭിക്കുന്നതു വൻ പലിശയോടുകൂടി ആയിരിക്കും എന്നത് അനുഭവിച്ചറിയുക. ദരിദ്രരെ നാം സഹായിക്കുമ്പോൾ അവർ നമ്മെ അനുഗ്രഹിക്കുന്ന അനുഗ്രഹം നമ്മുടെ സമ്പത്തായി കണക്കാക്കുക. 'നന്മമരങ്ങ'ളായി അനേകർക്കു തണലായി, അത്താണിയായി, ആശ്വാസമായി, ആശ്രയിപ്പാൻ തക്ക ആശ്രയമായി സല്പ്രവൃത്തികളിൽ സമ്പന്നരായി, അനുഗ്രഹമായി ജീവിക്കുന്നതുപോലെ സൗഭാഗ്യകരമായ ജീവിതം മറ്റൊന്നുമില്ല എന്നോർക്കുക. നന്മചെയ്യാനുള്ള അവസരങ്ങൾ ധാരാളം നമുക്കുചുറ്റും തമ്പുരാൻ തുറന്നുതരും. നമ്മുടെ കയ്യിൽ വരുന്ന സമ്പത്തും സൗഭാഗ്യവും അനുഗ്രഹങ്ങളും നമുക്കുമാത്രം അനുഭവിക്കാനുള്ളതല്ല. അവ മറ്റുള്ളവരുമായി പങ്കുവെക്കുമ്പോൾ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും നന്മകളും നമ്മെ സന്തുഷ്ടരാക്കുന്നു. സംതൃപ്തരാക്കുന്നു. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സുവെക്കരുത്. അത് എന്റേതും എന്റെ മക്കളുടേതും മാത്രമാകുന്നുവെന്ന് ഒരിക്കലും പറയരുത്. ഈ വർഷം നാം ഓണം ആഘോഷിക്കുമ്പോൾ മറ്റുള്ളവരുമായി പങ്കുവെച്ച്, നമുക്കുചുറ്റും ദാരിദ്ര്യം അനുഭവിക്കുന്നവരേക്കൂടെ പരിഗണിച്ചു ചേർത്ത് യഥാർത്ഥ സന്തോഷം അനുഭവിച്ചു സംതൃപ്തരാകുവാൻ ശ്രമിക്കുക. ഓണം മാത്രമല്ല, നമ്മുടെ സന്തോഷം, സമാധാനം, സമ്പത്തും സമൃദ്ധിയുമെല്ലാം മറ്റുള്ളവരുമായി പങ്കുവെച്ച് അനുഗ്രഹിക്കപ്പെട്ട് സല്പ്രവൃത്തികളിൽ സമ്പന്നരായി മാതൃകാജീവിതം നയിക്കുവാൻ ഉത്സാഹിക്കുക. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ!

## ചൈന അതിർത്തിയിലെ തർക്കം വലിയ വെല്ലുവിളി

ന്യൂഡൽഹി: ചൈനയുമായുള്ള അതിർത്തി തർക്കം പരിഹാരമില്ലാതെ തുടരുന്നതാണ് രാജ്യം നേരിടുന്ന ഏറ്റവും വലിയ സുരക്ഷാ വെല്ലുവിളിയെന്ന് സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ പറഞ്ഞു. പാക്കിസ്ഥാൻ നടത്തിക്കൊണ്ടിരിക്കുന്ന പരോക്ഷയുദ്ധമാണ് രണ്ടാമത്തെ വെല്ലുവിളി. ആണവായുധം കൈവശമുള്ള ഈ എതിരാളികൾ ഉയർത്തുന്ന ഭീഷണി നേരിടാൻ സർവസജ്ജമായിരിക്കുകയെന്നതും വെല്ലുവിളിയാണെന്ന് ഉത്തർപ്രദേശിലെ ഗോരഖ്പൂരിൽ അദ്ദേഹം പറഞ്ഞു.

## മസ്തിഷ്കജ്വരം

(ഒന്നാം പേജിൽ നിന്നും)

ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിരുന്നു. രോഗത്തിന്റെ ഉറവിടം വ്യക്തമായിരുന്നില്ല.

കോഴിക്കോട് മെഡിക്കൽ കോളജിൽ ഏഴുപേരും മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ മൂന്നു കുട്ടികളും ഉൾപ്പെടെ നിലവിൽ പത്തു പേരാണ് അമീബിക് മസ്തിഷ്ക ജ്വര രോഗബാധയുമായി ചികിത്സയിലുള്ളത്. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്.

## അഡ്വ. പ്രിൻസ് ലൂക്കോസ് അന്തരിച്ചു

(ഒന്നാം പേജിൽ നിന്നും)

കേരള വിദ്യാർത്ഥി കോൺഗ്രസ് എമ്മിന്റെ സംസ്ഥാന പ്രസിഡണ്ടായി നിരവധി വിദ്യാർത്ഥി സമരങ്ങൾക്ക് നേതൃത്വം നൽകി. യൂത്ത് ഫ്രണ്ട് എം സംസ്ഥാന പ്രസിഡണ്ടായിരിക്കെ യുവജന പദയാത്രയ്ക്കും നിരവധി യുവജനപ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകി. കേരള കോൺഗ്രസ് എം യുഡിഎഫ് വിട്ടപ്പോൾ ജോസഫ് ഗ്രൂപ്പിനൊപ്പം നിലകൊണ്ടു. തുടർന്ന് കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെ ഉന്നതാധികാര സമിതിയംഗമായി പ്രവർത്തിച്ചുവരികയായിരുന്നു.

നെൽകർഷകരുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് കേരള കോൺഗ്രസും കർഷക യൂണിയനും നടത്തിയ സമരങ്ങളിൽ പ്രിൻസ് സജീവ സാന്നിധ്യമായിരുന്നു. കെ-റെയിൽ വിരുദ്ധസമിതിയുടെ നേതൃത്വത്തിൽ പ്രിൻസും കൂട്ടരും പാറമ്പുഴയ്ക്കു സമീപം കുഴിയാലിപടിയിൽ നടത്തിയ കെ-റെയിൽ കുറ്റി പിഴുതെറിയൽ സമരം സംസ്ഥാന ശ്രദ്ധ പിടിച്ചുപറ്റി.

ഭാര്യ സിന്ധു ജോസ് (റീജിയണൽ മാനേജർ കാനറാ ബാങ്ക് സംക്രാന്തി). മക്കൾ: ഹന്ന (വിദ്യാർത്ഥിനി), ലൂക്ക (ഏഴാം ക്ലാസ് വിദ്യാർത്ഥി, ലൂർദ് പബ്ലിക് സ്കൂൾ, കോട്ടയം). മാതാവ് ആനിയമ്മ.

## അച്ചടക്ക നടപടികൾ പ്രഹസനം

(ഒന്നാം പേജിൽ നിന്നും)

അയിനികുളങ്ങര പൂരത്തിനുശേഷം ആളൊഴിഞ്ഞ പുരയിടത്തിൽ വിശ്രമിക്കുകയായിരുന്ന സുഹൃത്തുക്കളെ പോലീസ് ബലംപ്രയോഗിച്ചു പിടിച്ചുകൊണ്ടുപോകുന്നത് സുജിത്ത് ചോദ്യം ചെയ്തതാണ് പ്രശ്നങ്ങൾക്കു തുടക്കം. ഇത് വാക്കുതർക്കത്തിൽ കലാശിച്ചു. പ്രകോപിതരായ പോലീസുകാർ സുജിത്തിനെ ബലമായി പോലീസ് വാഹനത്തിൽ കയറ്റി. അവിടംമുതൽ മർദനം തുടങ്ങി. ഉടുമുണ്ട് അഴിഞ്ഞുപോയ നിലയിലാണ് വാഹനത്തിൽനിന്ന് ഇറക്കിയത്. പിന്നീട് എസ്.ഐ. ഉൾപ്പെടെ നാലംഗ സംഘം പലതവണ കരണത്തടിച്ചു. കുനിച്ചുനിർത്തി മുതുകത്ത് പോലീസുകാർ ഇടിക്കുന്നതുൾപ്പെടെയുള്ള സിസിടിവി ദൃശ്യങ്ങളാണ് പുറത്തുവന്നത്. പിന്നീട് അന്വേഷണവിധേയമായി പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. കുന്നംകുളം കസ്റ്റഡിമർദനത്തിന്റെ ദൃശ്യങ്ങളും വാർത്തകളും പുറത്തുവന്നതിനുപിന്നാലെ പോലീസിന്റെ പേരിൽ കൂടുതൽ പരാതികൾ. മർദനത്തിന്റെ സിസിടിവി ദൃശ്യങ്ങൾ ആവശ്യപ്പെട്ടാണ് പരാതികളേറെയും. എന്നാൽ, ദൃശ്യങ്ങൾ നൽകാതെ കുറ്റക്കാർക്ക് സംരക്ഷണമൊരുക്കുകയാണെന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്.

തൃശ്ശൂർ വല്ലപ്പാട് പോലീസ് സ്റ്റേഷനിൽവെച്ച് ഭർത്താവിനെ മർദിച്ചെന്നും ലൈംഗികച്ചുവയോടെ സംസാരിച്ചെന്നും ആരോപിച്ച് പനങ്ങാട് കിള്ളിക്കുളങ്ങര വീട്ടിൽ സ്വാതി നൽകിയ പരാതിയിൽ ഒരുവർഷമായിട്ടും ദൃശ്യങ്ങൾ നൽകാൻ പോലീസ് തയ്യാറായിട്ടില്ല.

പരാതിയുടെ അടിസ്ഥാനത്തിൽ സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ സംരക്ഷിക്കണമെന്ന് നിർദേശിച്ചിരിക്കുകയാണ് തൃശ്ശൂർ റേഞ്ച് ഡിഐജി.

അതിനിടെ, മർദനവും മൂന്നാംമുറയും കാടത്തവും കൊണ്ടുനടക്കുന്ന പോലീസ് ഓഫീസർമാർ ഇപ്പോഴും സേനയിലെ തലപ്പത്ത് മാന്യന്മാർചമഞ്ഞ് നടക്കുകയാണെന്ന ആരോപണവുമായി എസ്എഫ്ഐ മുൻ നേതാവും രംഗത്തെത്തി. എസ്എഫ്ഐ പത്തനംതിട്ട മുൻ ജില്ലാ പ്രസിഡണ്ട് ജയകൃഷ്ണൻ തണ്ണിത്തോടാണ് 2012-ൽ തനിക്കേറ്റ ക്രൂരമർദനത്തിന്റെ അനുഭവം വിവരിച്ചുകൊണ്ട് സാമൂഹിക മാധ്യമത്തിൽ കുറിപ്പിട്ടത്. കേസിൽനിന്ന് പിന്മാറാൻ 15 ലക്ഷം രൂപ വാഗ്ദാനംചെയ്ത് പോലീസുകാരുടെ ദൂതൻ സമീപിച്ചിരുന്നെന്നും പിന്നീട് ആരോപിച്ചു.

അതിനിടെ, തൃശൂർ കുന്നംകുളത്തെ പോലീസ് മർദനത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം. പാലക്കാട് ജില്ലാ പോലീസ് ഓഫീസിലേക്കു നടത്തിയ മാർച്ചിലാണ് സംഘർഷമുണ്ടായത്. പ്രതിഷേധക്കാർ ബാരിക്കേഡുകൾ തള്ളിമറിച്ചിടാനും എസ്പി ഓഫീസിലേക്ക് കയറാനും ശ്രമിച്ചു. തുടർന്ന് പോലീസ് ജലപീരങ്കി പ്രയോഗിച്ചു.

കൂടുതൽ പ്രവർത്തകർ പ്രതിഷേധത്തിന്റെ ഭാഗമാകാൻ സ്ഥലത്തേക്ക് എത്തിയിരുന്നു. ബാരിക്കേഡ് മറികടന്ന പ്രവർത്തകരെ പോലീസ് കസ്റ്റഡിയിൽ എടുത്തു. മൂന്നു തവണ ജലപീരങ്കി ഉപയോഗിച്ചെങ്കിലും പ്രവർത്തകർ പിരിഞ്ഞുപോകാതെ പ്രതിഷേധം തുടർന്നു.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



**For booking:**
**ABRAHAM THANNIKARI**
**USA - 346-632-6716**
**India - +91 815 692-0366 and +91 965 616-8399**
athannikari@hotmail.com



# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com





# Grace CONVENTION CENTER

**Punnamoodu, Mavelikara**




**DESTINATION Wedding Package in KERALA**

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE **1800-572-5667**
FOLLOW US NOW
+91 9188751000 +91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

# ഫോമാ നാഷണൽ കൺവൻഷൻ കിക്കോഫും ബിസിനസ് മീറ്റും നവംബർ 2-ന് ചിക്കാഗോയിൽ

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നാഷണൽ കൺവൻഷൻ കിക്കോഫും ബിസിനസ് മീറ്റും സംയുക്തമായി ഈ വരുന്ന നവംബർ 2-ന് ഞായറാഴ്ച ഉച്ചയ്ക്ക് 2.30-ന് ചിക്കാഗോ മോർട്ടൻഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഹാളിൽ വെച്ച് നടക്കുന്നതാണ്. ഫോമാ നാഷണൽ എക്സിക്യൂട്ടീവ് മെംബേഴ്സ്, നാഷണൽ ലീഡേഴ്സ്, ചിക്കാഗോയിലെയും അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ ബിസിനസ് ലീഡേഴ്സ് എന്നിവർ ഈ കൺവൻഷനിൽ സംബന്ധിക്കുന്നതാണ്. പ്രസ്തുത മീറ്റിങ്ങിന്റെ സുഗമമായ നടത്തിപ്പിനായി സെൻട്രൽ റീജിയൻ ആർ.വി.പി. ജോൺസൺ കണ്ണൂക്കാടൻ, ബിസിനസ് മീറ്റ് ചെയർപേഴ്സൺ ഷാനാ മോഹൻ, റീജിയണൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു എന്നിവർ നേതൃത്വം നല്കുന്ന കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

തുടക്കക്കാരും പരിചയസമ്പന്നരുമായ എല്ലാ അമേരിക്കൻ മലയാളി ബിസിനസ് സംരംഭകർക്കും വേണ്ടിയാണ് ഈ ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് സംഘാടകർ അറിയിച്ചു. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ, അവർക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം തുടങ്ങി നിരവധി വിഷയങ്ങൾ ഈ മീറ്റിൽ ചർച്ച ചെയ്യും. ബിസിനസ് രംഗത്ത് നിരവധി വർഷങ്ങളുടെ പരിചയസമ്പത്തുള്ള വിദഗ്ദ്ധർ ക്ലാസുകൾക്ക് നേതൃത്വം നല്കും. മാറുന്ന ലോകത്തിൽ ബിസിനസ്സിനെക്കുറിച്ചുള്ള ധാരണകൾ, സമീപനം, പ്രൊഫഷണൽ ഡെവലപ്മെന്റ്, മാർക്കറ്റിങ് ട്രെൻഡുകൾ എന്നീ വിഷയങ്ങൾ ബിസിനസ് മീറ്റിൽ ചർച്ച ചെയ്യും. പുതിയ സംരംഭകർക്ക് ഇതൊരു മുതൽക്കൂട്ടായിരിക്കും.

ഈ ബിസിനസ് മീറ്റിനോടൊപ്പം തന്നെ നാഷണൽ കൺവൻഷന്റെ കിക്കോഫും നടക്കുന്നതാണ്. ഈ പരിപാടിയിലേക്ക് ഫോമാ റീജിയൻ മെംബേഴ്സ് ഉൾപ്പെടെ എല്ലാ മലയാളി സുഹൃത്തുക്കളെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

ബിസിനസ് മീറ്റിനെ തുടർന്ന് ഡിന്നറും അതിനുശേഷം നാഷണൽ കൺവൻഷൻ കിക്കോഫ് മീറ്റിങ്ങും നടക്കും. തുടർന്നു നടക്കുന്ന കലാസന്ധ്യയിൽ നിരവധി പ്രതിഭകൾ പങ്കെടുക്കുന്ന കലാവിരുന്ന് അരങ്ങേറും. ഫോമാ നാഷണൽ കൺവൻഷനിലേക്ക് സെൻട്രൽ റീജിയനിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കുന്നതിനും ബിസിനസ് മീറ്റും കിക്കോഫ് മീറ്റിങ്ങും വിജയകരമായി നടത്തുന്നതിനുമായി വിപുലമായ കമ്മിറ്റി രൂപീകരിച്ചു.

### കമ്മിറ്റി അംഗങ്ങൾ

ഫോമാ നാഷണൽ ബിസിനസ് മീറ്റ് ചെയർമാൻ ബേബി ഊരാളിൽ

ഫോമാ നാഷണൽ ബിസിനസ് മീറ്റ് കോ-ഓർഡിനേറ്റർ ഓജസ് ജോൺ

### ഫോമാ നാഷണൽ എക്സിക്യൂട്ടീവ്സ്

ബേബി മണക്കുന്നേൽ (ഫോമാ നാഷണൽ പ്രസിഡണ്ട്)

ബൈജു വർഗീസ് (ഫോമാ നാഷണൽ സെക്രട്ടറി)

സിജിൽ പാലക്കലോടി (ഫോമാ നാഷണൽ ട്രഷറർ)

ഷാലു പുന്നൂസ് (ഫോമാ നാഷണൽ വൈസ് പ്രസിഡണ്ട്)

പോൾ പി. ജോസ് (ജോയിന്റ് സെക്രട്ടറി)

അനുപമ കൃഷ്ണൻ (ജോയിന്റ് ട്രഷറർ)

മാത്യു മുണ്ടക്കൽ (നാഷണൽ കൺവൻഷൻ ചെയർമാൻ)

പീറ്റർ കുളങ്ങര (കേരള കൺവൻഷൻ ചെയർമാൻ)

### റീജിയണൽ ബിസിനസ് മീറ്റ്:

ആൻഡ്രൂ പി. തോമസ്, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോൺ പാട്ടപതി, പ്രമോദ് സക്കറിയ, ജോസ് ചാമക്കാല, ജോണി വടക്കുംചേരി, ടോം സണ്ണി

### റീജിയണൽ എക്സിക്യൂട്ടീവ്സ്:

ജോൺസൺ കണ്ണൂക്കാടൻ (ആർ.വി.പി)

ജോർജ് മാത്യു (നാഷണൽ കമ്മിറ്റി മെംബർ)

ജോസി കുരിശുങ്കൽ (നാഷണൽ കമ്മിറ്റി മെംബർ)

ആഷ മാത്യു (നാഷണൽ വിമൻസ് റെപ്)

ബെന്നി വാച്ചാച്ചിറ (ഫോമാ നാഷണൽ ജുഡീഷ്യൽ ചെയർ)

ജോസ് മണക്കാട് (ഫോമാ അഡ്വൈസറി വൈസ് ചെയർ)

ആന്റോ കവലക്കൽ (ചെയർമാൻ)

അച്ചൻകുഞ്ഞ് മാത്യു (സെക്രട്ടറി)

രാജൻ തലവടി (ട്രഷറർ)

ഡോ. റോസ് വടകര (വിമൻസ് ചെയർപേഴ്സൺ)

സാബു കട്ടപ്പുറം (റീജിയണൽ കോ-ഓർഡിനേറ്റർ)


ബേബി മണക്കുന്നേൽ


ബൈജു വർഗീസ്


സിജിൽ പാലക്കലോടി


ഷാലു മാത്യു പുന്നൂസ്


പോൾ പി. ജോസ്


അനുപമ കൃഷ്ണൻ



ബേബി ഊരാളിൽ


ജോൺസൺ കണ്ണൂക്കാടൻ


മാത്യു മുണ്ടക്കൽ


പീറ്റർ കുളങ്ങര


ഷാനാ മോഹൻ


ബാബു മാത്യു


ജോസി കുരിശുങ്കൽ



ആശ മാത്യു


ബെന്നി വാച്ചാച്ചിറ



ജോസ് മണക്കാട്ട്


ആന്റോ കവലക്കൽ


അച്ചൻകുഞ്ഞ് മാത്യു


രാജൻ തലവടി


ഡോ. റോസ് വടകര


സാബു കട്ടപ്പുറം

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**